# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 78
ലക്കം 11
നവംബർ 2006
വഫാ 1385
ശവ്വാൽ - ദുൽ ക അദ് 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**


4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *പ്രാർത്ഥനാ സ്വീകാര്യതയുടെ രണ്ട് മാർഗ്ഗങ്ങൾ*
ഹദ്റത്ത് അഹ്മദ് *(അ)*

8 *പോപ്പിന്റെ ഇസ്‌ലാം വിമർശനത്തിലെ അനൗചിത്യങ്ങൾ*
ഖലീഫത്തുൽ മസീഹ് V

12 *'ആധുനിക യൂറോപ്യൻ നാഗരികതയും മുസ്‌ലിം സ്പെയിനും'*
ഏ.ക്യൂ. മഹ്ദി

19 *ഇസ്‌ലാമും ക്രിസ്തുമതവും - ഒരു താരതമ്യപഠനം*
മുഹമ്മദ് ഉമർ എച്ച്.എ., കോഴിക്കോട്

23 *ഈജിപ്തിലെ മോശെ*
ഏ.എം. മുഹമ്മദ് സലിം

27 *ദൈവനിയുക്തർ കഠിനമായി എതിർക്കപ്പെടുന്നതെന്ത്കൊണ്ട്?*
ഹദ്റത്ത് മിർസാ ബശീർ അഹ്മദ്

29 *മതപരിത്യാഗി വധാർഹനാണോ?*
ഏ.പി. കുഞ്ഞാമു

32 *'മോക്ഷാർഹമായ കക്ഷി'*
യാസിർ അറഫാത്ത്

33 *യാതനകളും പീഡകളും എന്തുകൊണ്ട്?*
ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ്

**കുറിപ്പുകൾ**

38 *കൊറിയാ പ്രതിസന്ധി*

41 *'റമദാൻ ദിനം തെറ്റായി പ്രഖ്യാപിക്കപ്പെട്ടു'*
റാനിയ ഹബീബ്

42 *അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :* **ഇസ്ഫഹാനിലെ കൊട്ടാരത്തിന്റെ പാർശ്വഭാഗം**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരുടെ പ്രാർത്ഥനകൾ അവൻ സ്വീകരിക്കുകയും അവർക്ക് അവൻ തന്റെ അനുഗ്രഹത്തിൽ നിന്ന് കൂടുതൽ കൂടുതൽ നൽകുകയും ചെയ്യുന്നു.

***(42:27)***

## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: സൃഷ്ടിപ്പിന്റെ കാര്യം അല്ലാഹു നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ 'എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കും' എന്ന് തന്റെ പക്കലുള്ള ഒരേടിൽ അല്ലാഹു എഴുതിവെച്ചു. ആ ഏട് സിംഹാസന(അർശ്)ത്തിന്റെ മുകളിലാണ് അവൻ സൂക്ഷിച്ചിരിക്കുന്നത്. ***(ബുഖാരി)***

**യുഗശബ്ദം**



# ദുആ

**വാഗ്ദത്ത മസീഹ്**

ദുആ അറബിഭാഷയിൽ തന്നെ ചെയ്യണമെന്ന് നിർബന്ധമില്ല. കാരണം വിനയം കാണിക്കുകയും കേഴുകയുമാണ് നിസ്കാരത്തിന്റെ യഥാർത്ഥ ഉദ്ദേശം. അതുകൊണ്ട് (നിസ്കാരത്തിൽ നിശ്ചിത കാര്യങ്ങൾ ചൊല്ലുന്നതിനു പുറമെ) മാതൃഭാഷയിലും ദുആ ചെയ്യേണ്ടതാണ്. മനുഷ്യന് അവന്റെ മാതൃഭാഷയോട് പ്രത്യേക പ്രതിപത്തിയുണ്ടാകുന്നു. അതിൽ കഴിവ് പൂർണ്ണമായും പ്രകടിപ്പിക്കാൻ അവന് കഴിയുന്നു. ഇതരഭാഷയിൽ എത്ര സമർത്ഥനായിരുന്നാലും ഒരുതരം അറിവില്ലായ്മ നിലനിൽക്കുന്നു. അതുകൊണ്ട് മാതൃഭാഷയിൽ തന്നെ ദുആ ചെയ്യേണ്ടതാണ്.

***മൽഫൂസാത്ത് - വാല്യം 2 പേ. 145***

മുഖക്കുറിപ്പ്

# കേരളനാടിന് ആശംസകൾ

2006 നവംബർ 1 കേരളപ്പിറവിയുടെ അൻപതാം വാർഷികം ആഘോഷിക്കുകയാണ്. ഈ മംഗളമുഹൂർത്തത്തിൽ കേരള സംസ്ഥാനത്തിന് 'സത്യദൂതന്റെ' ഹൃദയംഗമമായ ആശംസകൾ. പണ്ട് കാലം മുതൽ ബുദ്ധമതവും ഹിന്ദുമതവും നിലനിന്നിരുന്ന പുണ്യപുരാതനമായ നമ്മുടെ കേരളത്തിലാണ് ഇന്ത്യയിലാദ്യമായി ക്രിസ്തുമതവും ഇസ്‌ലാം മതവും എത്തിച്ചേർന്നത്. ആത്മീയ പ്രചാരണത്തിന് എത്തിയ അവരുടെ ആശയങ്ങൾക്ക് ഇവിടെ അനുയായികളുണ്ടായി. അവർ യാതൊരു അധികാരകോയ്മകളും സ്ഥാപിക്കാതെ ഏകോദര സഹോദരന്മാരെപ്പോലെ ജീവിക്കുകയും ഇവിടെ വളരുകയും ചെയ്തു. ഇപ്പോൾ ആ സാംസ്കാരിക ധന്യത നമ്മിൽ എത്തിനിൽക്കുന്നു. അല്ലാഹു നമ്മുടെ നാടിന് സമാധാനവും ക്ഷേമവും ഐശ്വര്യവും പ്രദാനം ചെയ്യട്ടെ.

1953ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനസ്സംഘടിപ്പിക്കേണ്ട റിപ്പോർട്ട് ഇന്ത്യാഗവൺമെന്റിന് സമർപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ യുഗപ്രഭാവനും ദീർഘദർശിയുമായ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ താല്പര്യത്തിലാണ് മറ്റു ഭാഷാ സംസ്ഥാനങ്ങളോടൊപ്പം കേരള സംസ്ഥാനം രൂപംകൊണ്ടത്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപംകൊള്ളുന്നതിനെതിരെ ചില ദേശീയ വാദികൾ ആശങ്കകളുയർത്തിയിരുന്നു. ഭാരതത്തിന്റെ ഉദ്ഗ്രഥനം, ഭാഷാ സംസ്ഥാനങ്ങളുടെ ഉപദേശീയതകൾകൊണ്ട് അസാധ്യമാവുമെന്നായിരുന്നു അവരുടെ പേടി. പലപ്പോഴും രാഷ്ട്രങ്ങൾ ഉണ്ടാക്കുന്ന കൃത്രിമ ദേശീയതയേക്കാൾ മൗലികവും, ജൈവികവും, സത്വപ്രകാശനത്തിനുതകുന്നതുമാണ് ഭാഷാദേശീയത എന്ന് ആ വ്യാജ ദേശീയവാദികൾക്ക് അന്നറിയില്ലായിരുന്നു. സമൂഹത്തിന്റെ നന്മക്കും അതുവഴി രാജ്യത്തിന്റെ വികാസത്തിനും ഭാഷാദേശീയതയും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന ഭരണകൂടങ്ങളും ആവശ്യമാണെന്ന് കേരളം അനുഭവത്തിലൂടെ തെളിയിച്ചിരിക്കുന്നു.

മനുഷ്യന്റെ ആത്മീയവും സാമൂഹികവുമായ വ്യവഹാരത്തിന് അനുപേക്ഷണീയമായ ഭാഷ ഒരു ദൈവിക സൃഷ്ടിയും അതിന്റെ വൈവിധ്യങ്ങൾ ദൈവേഛപ്രകാരമുള്ളതുമാണ്. പൂർവ്വകാലത്ത് പ്രവാചകന്മാർ പോലും ഭാഷാടിസ്ഥാനത്തിലാണ് അയക്കപ്പെട്ടതെന്ന് ഖുർആൻ പറയുന്നു.

***'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായിത്തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്.... അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടേയും വർണ്ണങ്ങളുടേയും വൈവിധ്യവും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട് (30:21-23). 'നാം ഒരു ദൂതനേയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയോടെയല്ലാതെ അയച്ചിട്ടില്ല.' (14:5)***

മറ്റു ഭാഷാസമൂഹങ്ങളെപ്പോലെ മലയാളികളും ഒരു ഭാഷാ സമൂഹമായി ജീവിക്കുക എന്നത് ദൈവത്തിന്റെ ഇച്ഛയും വിധിയുമാണ്. മലയാളികളുടെ ഈ നിയോഗത്തിന് സഹായകരമായ അനേകം സ്ഥാപനങ്ങളിൽപ്പെട്ട ഒരു സാമൂഹിക സ്ഥാപനമാണ് കേരള സംസ്ഥാനം. മലയാളിയെ വിശ്വത്തോളം വളർത്താനും വിശ്വ മാനവികതക്ക് മഹത്തായ സംഭാവനകൾ നൽകാനും നമ്മുടെ പ്രിയപ്പെട്ട കേരളത്തിന് കഴിയുമാറാകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. ●

## ലേഖനം

# പ്രാർത്ഥനാ സ്വീകാര്യതയുടെ രണ്ട് മാർഗ്ഗങ്ങൾ

**ഹദ്റത്ത് അഹ്മദ് (അ)**

പ്രാർത്ഥന രണ്ട് വഴികളിലൂടെയാണ് സ്വീകരിക്കപ്പെടുക എന്ന കാര്യം ഓർക്കുക. ഒന്ന് ഒരു പരീക്ഷണം എന്ന നിലക്കുള്ളത്. മറ്റേത് അഭിവൃദ്ധി എന്ന നിലക്കുള്ളതും. പരീക്ഷണം എന്ന നിലക്ക് പാപികളുടേയും അനുസരണശീലമില്ലാത്തവരുടേയും അവിശ്വാസിയുടേത് പോലും പ്രാർത്ഥന സ്വീകരിക്കപ്പെടും. പക്ഷേ അത്തരം സ്വീകാര്യത യഥാർത്ഥ പ്രാർത്ഥനാ സ്വീകാര്യതയുടെ സൂചനയായി കരുതപ്പെടാനാവില്ല. അത് പരീക്ഷണത്തിന്റെ വഴിയിലുള്ള സ്വീകാര്യതയാണ്. അഭിവൃദ്ധിയുടെ മാർഗ്ഗത്തിലുള്ള പ്രാർത്ഥനാ സ്വീകാര്യതയുടെ ഉപാധി പ്രാർത്ഥിക്കുന്നയാൾ സർവ്വശക്തനായ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടയാളായിരിക്കണം എന്നുള്ളതാണ്. അയാളുടെ പ്രകാശവും ഉണ്മയും അയാളുടെ എല്ലാവശങ്ങളിലൂടെയും ദൃശ്യമാവും. അനുസരണം കെട്ട ഒരാളുടെ പ്രാർത്ഥന യഥാർത്ഥ സ്വീകാര്യതയായി സർവ്വശക്തനായ ദൈവം സ്വീകരിക്കില്ല. സാത്വികനും അനുസരണയുള്ളവരുമാണെന്ന് ദൈവം കരുതുന്ന ആളുകളുടെ പ്രാർത്ഥന മാത്രമേ ദൈവം യഥാർത്ഥത്തിൽ സ്വീകരിക്കുകയുള്ളൂ. പ്രാർത്ഥനയുടെ ഈ രണ്ട് സ്വീകാര്യതകൾക്കുമിടയിലുള്ള വ്യത്യാസമിതാണ്. അതായത് പരീക്ഷണമെന്ന നിലയിലുള്ള പ്രാർത്ഥനയുടെ സ്വീകാര്യതക്ക് പ്രാർത്ഥിക്കുന്നയാൾ സാത്വികനാകണമെന്നോ അയാൾ ദൈവത്തിന്റെ സ്നേഹിതൻ ആകണമെന്നോ ഉള്ള ഉപാധിയില്ല. അത്തരം പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുമ്പോൾ ദൈവം അവരോട് പ്രത്യേകമായ നിലയിൽ വിനിമയ ബന്ധത്തിൽ ഏർപ്പെടണമെന്നും നിർബന്ധമില്ല. അത്തരത്തിലുള്ളവരുടെ പ്രാർത്ഥനകൾ അത്ഭുതകരവും അസാധാരണവുമായ ഒരു സംഭവം എന്ന നിലക്കുള്ള നിലവാരത്തിലുള്ളതുമല്ല. അഭിവൃദ്ധി നൽകിക്കൊണ്ട് സ്വീകരിക്കപ്പെടുന്ന പ്രാർത്ഥനകൾക്ക് താഴെ പറയുന്ന അടയാളങ്ങളുണ്ടായിരിക്കും.

**ഒന്ന്.** പ്രാർത്ഥിക്കുന്നയാൾ സാത്വികനും സത്യസന്ധനും പരിപൂർണ്ണ വ്യക്തിയുമായിരിക്കും.

**രണ്ട്.** അയാളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവികവചനങ്ങളിലൂടെ അയാളെ അറിയിക്കുന്നതായിരിക്കും.

**മൂന്ന്.** ഈ പ്രാർത്ഥനകൾ മിക്കതും ഉന്നതമായ നിലവാരം പുലർത്തുന്നതും മഹത്തായ കാര്യങ്ങളുമായി ബന്ധപ്പെട്ടതുമായിരിക്കും. അതിന്റെ സ്വീകാര്യത മനുഷ്യന്റെ ആസൂത്രണമല്ല എന്ന് കാണിക്കുന്നതായിരിക്കും. എന്നാൽ അത് തിരഞ്ഞെടുക്കപ്പെട്ട ദാസന്മാരുടെ കാര്യത്തിലുള്ള ദൈവിക പ്രഭാവത്തിന്റെ പ്രത്യേക മാതൃകയിലുള്ള പ്രകടനമായിരിക്കും.

**നാല്:** പരീക്ഷണത്തിന്റെ മാതൃകയിലുള്ള പ്രാർത്ഥനകൾ അപൂർവ്വമായിട്ടായിരിക്കാം സ്വീകരിക്കപ്പെടുക. എന്നാൽ അഭിവൃദ്ധിയുടെ മാർഗ്ഗത്തിലുള്ള പ്രാർത്ഥനകൾ വളരെയധികം സ്വീകരിക്കപ്പെടുന്നു. അഭിവൃദ്ധിയുടെ മാർഗ്ഗത്തിൽ പ്രാർത്ഥിക്കുന്നയാൾ അത്തരം പ്രയാസങ്ങളിൽ ഇടക്കിടെ അകപ്പെടുന്നു. മറ്റുള്ളവർ അത്തരം പ്രയാസങ്ങളിൽ അകപ്പെടുകയാണെങ്കിൽ ആത്മഹത്യയിലൂടെ യല്ലാതെ അതിൽ നിന്നും രക്ഷപ്പെടാൻ മറ്റു മാർഗ്ഗമൊന്നും കാണില്ല. ഈ ലോകത്തെ ആരാധിക്കുന്നവരും ദൈവത്തിൽ നിന്ന് വളരെ അകന്ന് മാറി കഴിയുന്നവരുമായ ആളുകൾ വലിയ ദുഃഖങ്ങളിലും, വ്യസനങ്ങളിലും, രോഗങ്ങളിലും അരാജകാവസ്ഥയിലും പരീക്ഷണങ്ങളിലും അകപ്പെടുമ്പോൾ അത്തരം പരീക്ഷണങ്ങളിൽ നിന്നും യാതൊരു രക്ഷയുമില്ലെന്ന് അനുഭവപ്പെടുന്നു. അവരുടെ വിശ്വാസത്തിന്റെ ബലഹീനതയും സർവ്വശക്തനായ ദൈവത്തിലുള്ള നിരാശയും കാരണം വിഷം കഴിക്കുകയോ കിണറ്റിൽ ചാടുകയോ, ആയുധം കൊണ്ട് ആത്മഹനനം നടത്തുകയോ ചെയ്യു

ന്നു. അത്തരം പ്രയാസകരമായ സന്ദർഭങ്ങളിൽ അഭിവൃദ്ധിയുടെ മാർഗ്ഗത്തിലുള്ളയാൾ അയാളുടെ വിശ്വാസത്തിന്റെ ബലം കൊണ്ടും ദൈവവുമായി അയാൾക്കുള്ള പ്രത്യേകമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലും അത്ഭുതകരമായ രീതിയിൽ സഹായിക്കപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹം വിസ്മയകരമായ രീതിയിൽ അവനിലെത്തുന്നു. അത് കാരണമായി ഇത്തരം രഹസ്യങ്ങളിൽ ജാഗ്രതയുള്ള അയാളുടെ ഹൃദയം അയാളറിയാതെതന്നെ ദൈവസഹായം ലഭിക്കുന്നയാളാണെന്ന് സാക്ഷ്യം വഹിക്കപ്പെടുന്നു.

അഞ്ച്: അഭിവൃദ്ധിയുടെ മാർഗ്ഗത്തിൽ പ്രാർത്ഥിക്കുന്നയാൾ ദിവ്യാനുഗ്രഹങ്ങളുടെ സ്വീകർത്താവായിരിക്കും. സർവ്വശക്തനായ ദൈവം അയാളുടെ എല്ലാ കാര്യത്തിലും സംരക്ഷകനായിരിക്കും. ദൈവത്തിന്റെ സ്നേഹപ്രകാശവും ദൈവസ്വീകാര്യതയുടെ അടയാളവും ആത്മീയഹർഷവും അനുഗ്രഹങ്ങളും അയാളുടെ മുഖങ്ങളിൽ പ്രകടമാക്കിക്കൊണ്ട് ഇപ്രകാരം വിളിച്ച് പറയുന്നത് പോലെ യായിരിക്കാം. *'അവരുടെ മുഖങ്ങളിൽ സുഖാനുഭൂതിയുടെ പ്രസന്നത നീ കണ്ടിരിക്കും' (83:25). പറയുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. (10:63). (തസ്ദീക്കൻ നബി 43-45)*

*(The Essence of Islam - P-161)*

# മുഖസ്തുതി

ഉമർ(റ) നിവേദനം തിരുമേനി(സ) ഇങ്ങിനെ അരുളുന്നത് ഞാൻ കേട്ടു: മർയമിന്റെ പുത്രനെ ക്രിസ്ത്യാനികൾ അതിരുകടന്നു പ്രശംസിക്കുപോലെ എന്നെ നിങ്ങൾ പ്രശംസിക്കരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാകുന്നു. അതുകൊണ്ട് എന്നെക്കുറിച്ച് അല്ലാഹുവിന്റെ ദാസൻ. അവന്റെ ദൂതൻ എന്നെല്ലാം പറഞ്ഞുകൊള്ളുക.

(ബുഖാരി)



## ഖുത്ബ

# പോപ്പിന്റെ ഇസ്‌ലാം വിമർശനത്തിലെ അനൗചിത്യങ്ങൾ (തുടർച്ച)

**ഖലീഫത്തുൽ മസീഹ് V**

**റസൂൽ തിരുമേനി(സ)യുടെ ജീവിതം തന്നെ മതസഹിഷ്ണുതയുടേയും സൗഹാർദ്ദത്തിന്റേയും ഉജ്ജ്വല മാതൃകകളാണ്.**

ഇസ്‌ലാം ബലാൽക്കാരത്തിന്റെ മതമാണെന്ന് അമുസ്‌ലിംകൾ പറയുന്നതിന്റെ വസ്തുതയെന്താണ്? ഇവർ പറയുന്നത് ബൈസാന്റിയം രാജാവിന് ഖുർആന്റെ കല്പനകളെക്കുറിച്ച് വിവരമുണ്ടായിരുന്നുവെന്നാണ്. എന്നാൽ, ഖുർആൻ എന്താണ് പറയുന്നതെന്നു നോക്കുക. അല്ലാഹു പറയുന്നു:

അല്ലാഹു, നബി(സ) തിരുമേനിയെക്കൊണ്ട് വിളംബരം ചെയ്യിച്ചു. *ലോകത്തോടു പറയുക, ഇസ്‌ലാം സത്യമാണ്. അത് നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ളതാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നു വോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.* (18:30) കാരണം ദീനി'മത' കാര്യങ്ങളിൽ ബലപ്രയോഗം പാടില്ല.

വീണ്ടും അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*പ്രവാചകരേ, താങ്കൾ ജനങ്ങളോടു പറയുക. മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്ക് സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർമാർഗ്ഗം പ്രാപിക്കുന്നതായാൽ അവൻ തന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ് നേർമാർഗ്ഗം പ്രാപിക്കുന്നത്. വല്ലവനും വഴിതെറ്റിപ്പോകുന്നപക്ഷം തനിക്ക് ദോഷകരമായിട്ടുതന്നെയാണ് അവൻ വഴി തെറ്റിപ്പോകുന്നത്. ഞാൻ നിങ്ങളുടെ മേൽ കാര്യനിർവാഹകനല്ല (10:109)*

ഇത് നബി(സ) തിരുമേനി പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. അൻസാറുകൾ തങ്ങൾക്കു ജനിച്ച കുട്ടികളെ അവരുടെ ജനനസമയത്ത് യഹൂദികളായ ബനുനസീർ ഗോത്രക്കാർക്ക് വളർത്തുവാൻ കൊടുത്തിരുന്നു. ബനു നസീർ ഗോത്രം ചില കുറ്റം ചെയ്ത കാരണത്താൽ നാടുകടത്തപ്പെട്ടു. അപ്പോൾ അൻസാറുകൾ തങ്ങളുടെ മക്കളെ തിരിച്ചു ചോദിച്ചു. നബി(സ) പറഞ്ഞു: അത് പാടില്ല. നിങ്ങൾ കൊടുത്തത്, കൊടുത്തതുതന്നെ. ഒരു തരത്തിലുള്ള ബലാൽക്കാരവും പാടില്ല. അവർ അവരുടെയടുത്തുതന്നെ താമസിക്കും. ഇതായിരുന്നു അവിടത്തെ അദ്ധ്യാപനം. ഇക്കാരണത്താൽ അവിടത്തെ അനുയായികളും ഖലീഫമാരും അത് മനസ്സിലാക്കി പ്രവർത്തിച്ചിരുന്നു.

ഹസ്റത്ത് ഉമർ(റ)ന്റെ ഒരടിമ സ്വയം പറയുന്നു: മുസ്‌ലിമാകാൻ ഹദ്റത്ത് ഉമർ പല പ്രാവശ്യം എന്നോടു പറഞ്ഞു. പക്ഷേ, ഞാൻ നിഷേധിക്കുമ്പോൾ അവിടന്ന് പറയും, ശരിതന്നെ. ഇസ്‌ലാമിൽ ബലപ്രയോഗമില്ല. അവിടത്തെ മരണസമയം അടുത്തുവന്നപ്പോൾ, ഞാൻ നിന്നെ സ്വതന്ത്രനാക്കുന്നുവെന്ന് ഉമർ തന്റെ അടിമയോടു പറഞ്ഞു. നിനക്കിഷ്ടമുള്ളടത്തേക്ക് പോകാം. ഇസ്‌ലാമിലെ മതസ്വാതന്ത്ര്യത്തിന്റെ പാഠമിതാണ്. പ്രവർത്തനം ഇതാണ്. അടിമയുടെ മേൽപോലും ബലം പ്രയോഗിച്ചില്ല. പോപ്പ് സാഹിബ് പറയുന്നത് അക്രമവും ബലാൽക്കാരവും ചെയ്യാൻ ഇസ്‌ലാം കല്പിക്കുന്നുവെന്നാണ്.

ഖുർആൻ പറയുന്നത്,

*പ്രവാചകരേ, ഗ്രന്ഥം നല്കപ്പെട്ടവരോടും നിരക്ഷരരോടും (ബഹുദൈവാരാധകരോടും) നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നുവോ എന്നു ചോദിക്കുക. അവർ അനുസരിക്കുകയാണെങ്കിൽ, ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അവർ നേർമാർഗ്ഗം പ്രാപിച്ചു. ഇനി അവർ പിന്തിരിഞ്ഞു കളയുന്നതായാൽ എത്തിക്കുക എന്നതു മാത്രമാണ് നിനക്കുള്ള ബാധ്യത. അല്ലാഹു (തന്റെ) ദാസന്മാരുടെ*

ഈ നീതിയായിരുന്നു നബി(സ) തിരുമേനിയുടെ ജീവിതകാലത്ത് ഒരു ഇൻക്വിലാബ് ഉണ്ടാക്കിയത്. അതിനുശേഷവും ഈ മാറ്റം ഉണ്ടായി. സഹാബിമാരുടെ ജീവിതം നോക്കുകയും, പരിശോധിക്കുകയും ചെയ്യുകയാണെങ്കിൽ, അവരിലുണ്ടായ മാറ്റം ബലാൽക്കാരപൂർവ്വം മതം മാറുന്നതുകൊണ്ട് ഉണ്ടാകുകയില്ലെന്ന് കാണാം. എന്നാൽ, ഹൃദയത്തിൽ മാറ്റമുണ്ടാകുമ്പോഴും ശത്രുക്കൾപോലും ആകൃഷ്ടരായി മാറുംവിധമുള്ള പെരുമാറ്റം ഉണ്ടാകുമ്പോഴുമാണ് ആ അവസ്ഥ വരുന്നത്.

മക്കാവിജയത്തിന്റെ അവസരത്തിലുണ്ടായ സംഭവം നോക്കുക. ഇക്രിമ ഇസ്‌ലാമിന്റെ കഠിനശത്രുവായിരുന്നു. അയാൾ നാടുവിട്ടോടി. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരാൻ, നബി(സ) തിരുമേനിയോട് മാപ്പിന് അപേക്ഷിച്ചു. അവിടുന്ന് മാപ്പ് നല്കി. പിന്നീട് അദ്ദേഹത്തിലുണ്ടായ മാറ്റം എന്തായിരുന്നു? വാളിന്റെ ശക്തിയാലുണ്ടാക്കാവുന്ന മാറ്റമായിരുന്നില്ല അത്. സ്നേഹത്തിലൂടെയല്ലാതെ ഉണ്ടാക്കാൻ കഴിയാത്ത അഭിവൃദ്ധിയാണ് അദ്ദേഹത്തിന്റെ വിശ്വാസത്തിലുണ്ടായത്. ആത്മാർത്ഥതകൊണ്ട് അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞു. അത് സ്നേഹത്തിലൂടെയല്ലാതെ ഉണ്ടാകുമായിരുന്നില്ല. ത്യാഗത്തിന്റെ നില ഉയർന്നു. അത് ഹൃദയത്തിനു മാറ്റമുണ്ടാകാതെ വർദ്ധിക്കുമായിരുന്നില്ല. ഇസ്‌ലാമിന്റെ അഭിമാനം അദ്ദേഹത്തിൽ അലതല്ലി. അത് ഇസ്‌ലാമികപാഠം മനസ്സിലാക്കാതെ സാധ്യമായിരുന്നില്ല. സ്നേഹത്തിന്റെയും ഇസ്‌ലാമികാഭിമാനത്തിന്റെയും മാതൃക സഹാബത്ത് കാഴ്ചവെച്ചു. ഇസ്‌ലാമിക ചരിത്രം ഈ സംഭവങ്ങളാൽ നിറഞ്ഞുകിടക്കുന്നു. അവരിൽ ഒരാളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. ഇക്രിമ, എല്ലാ യുദ്ധങ്ങളിലും നബി(സ)ക്കെതിരിൽ പോരാടി. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ എല്ലാ രീതിയിലും പ്രയത്നിച്ചു. അവസാനം മക്കാവിജയമുണ്ടായപ്പോൾ നബി(സ) *സ്ഥിതിഗതികൾ നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്. (3:21).* അതായത്, ആരെ പിടികൂടണമെന്നും ആരെ ശിക്ഷിക്കണമെന്നും എങ്ങനെ പെരുമാറണമെന്നുമൊക്കെ നോക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്. ഞാനോതിയ അവസാനത്തെ വചനം മക്കാവിജയത്തിനുശേഷം അവതരിച്ചതാണ്. അന്ന് ശക്തിയും പ്രതാപവും ഇസ്‌ലാമിന് കൈവന്നിരുന്നു. ആക്ഷേപം ഉന്നയിക്കുന്നതിനുപകരം വിവേകത്തോടും നീതിയോടുംകൂടി കാര്യങ്ങൾ വിശകലനം ചെയ്യുകയാണ് വേണ്ടത്.

ബലപ്രയോഗം നടത്തിയെന്ന് പറയുന്നതിന് ഒരുദാഹരണം പോലും ഇസ്‌ലാമിൽ കിട്ടുകയില്ല. നബി(സ) തിരുമേനി ബലപ്രയോഗം നടത്തിയെന്ന ആക്ഷേപം ഉന്നയിക്കാനും കാപട്യത്തോടെ ആരെങ്കിലും ഇസ്‌ലാം സ്വീകരിക്കുന്നതുപോലും അവിടന്ന് സഹിച്ചിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിശ്വാസിയായ ഒരു തടവുകാരൻ ഹാജരാക്കപ്പെട്ടു. തന്നെ എന്തിനാണ് തടവിലാക്കിയത്? താൻ മുസൽമാനാ ണെന്ന് അയാൾ പറഞ്ഞു. അവിടുന്ന് പറഞ്ഞു. അങ്ങനെയല്ല, നീ ആദ്യമെ ഇസ്‌ലാം സ്വീകരിച്ചിരുന്നുവെങ്കിൽ അത് നേരാകുമായിരുന്നു. ഇപ്പോൾ താങ്കൾ യുദ്ധത്തടവുകാരനാണ്. സ്വതന്ത്രനാകുന്നതിനുവേണ്ടിയാണ് മുസ്‌ലിമാകുന്നത്. നിർബന്ധിച്ച് അദ്ദേഹത്തെക്കൊണ്ട് ഇസ്‌ലാം സ്വീകരിപ്പിക്കാൻ അവിടുന്ന് ഇഷ്ടപ്പെട്ടില്ല. എന്നല്ല, അവിടുന്ന് ആഗ്രഹിച്ചിരുന്നത് ഹൃദയം അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കാനാണ്. പിന്നീട് ആ തടവുകാരനെ മോചിപ്പിക്കുകയും ചെയ്തു.

ഇസ്‌ലാമിൽ യുദ്ധം ചെയ്യാൻ കല്പനയുണ്ട്. അത് ശത്രു യുദ്ധം തുടരുന്നതുവരെ മാത്രമാണ്. അല്ലെങ്കിൽ അരാജകത്വം ഇല്ലാതാകുന്നതുവരെയാണ്. അവസ്ഥ സാധാരണ നിലയിലാവുകയും, കുഴപ്പം അവസാനിക്കുകയും ചെയ്താൽ പിന്നെ നിങ്ങൾക്ക് യുദ്ധം ചെയ്യാൻ അവകാശമില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

*അല്ലയോ മുസ്‌ലിംകളേ, നിങ്ങളോടു യുദ്ധം ചെയ്യുന്നവരോട് നിങ്ങളും യുദ്ധം ചെയ്യുക; ഫിത്ന ഇല്ലാതാകുകയും മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനുവേണ്ടിയുള്ളതാവുകയും ചെയ്യുന്നതുവരെ. എന്നാൽ, അവർ വിരമിക്കുകയാണെങ്കിൽ, അക്രമികളല്ലാത്തവരുടെമേൽ ഒരു കൈയ്യേറ്റം വിഹിതമല്ല. (2:194)*

നിങ്ങളോടു യുദ്ധം ചെയ്യുന്ന സത്യനിഷേധികളോടു ഫിത്ന ഇല്ലാതാകുന്നതുവരെ നിങ്ങളും യുദ്ധം ചെയ്യാൻ അല്ലാഹു പറയുന്നു. ഇതിനെ വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറഞ്ഞിരിക്കുന്നു. ഇബ്നു ഉമർ(റ) പറയുന്നു: ഞാൻ ഈ കല്പന പ്രാവർത്തികമാക്കിയതിങ്ങനെയാണ്. നബി(സ) തിരുമേനിയുടെ കാലത്ത് മുസ്‌ലിംകൾ വളരെ കുറവായിരുന്നപ്പോൾ, ഇസ്‌ലാം വിശ്വസിക്കുന്നയാളെ മതത്തിന്റെ പേരിൽ സത്യനിഷേധികൾ പീഡിപ്പിച്ചിരുന്നു. ചിലരെ കൊല്ലുകയും ചിലരെ തടവിലാക്കുകയും ചെയ്തിരുന്നു. മുസ്‌ലിംകളുടെ എണ്ണം പെരുകുകയും ശക്തി കൂടുകയും പുതുവിശ്വാസികളെ ഒരു ഫിത്നയും ബാധിക്കാതിരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ യുദ്ധം ചെയ്തു. സത്യനിഷേധികളിൽ നിന്നുള്ള ഫിത്ന അവസാനിച്ചതോടെ, എല്ലാ കാര്യങ്ങളും അവസാനിച്ചു. വീണ്ടും അല്ലാഹു പറയുന്നു:

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (5:9)

യുടെ മുമ്പിൽ നിന്ദ്യനാകണമല്ലോ എന്നോർത്ത് മക്കയിൽ നിന്ന് ഓടിപ്പോയി. എന്നാൽ, അദ്ദേഹം മുസ്‌ലിമായിക്കഴിഞ്ഞപ്പോൾ ആത്മാർത്ഥത എത്രമാത്രം തുടിച്ചുവെന്നുവെച്ചാൽ, ഹദ്‌റത്ത് അബൂബക്കറിന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം രാജ്യദ്രോഹികളെ ഉന്മൂലനം ചെയ്യാൻ ജീവൻ പണയം വെച്ച് പോരാടി. അരിവാൾ കൊണ്ട് പുല്ലുകൾ അരിഞ്ഞുവീഴുന്നതുപോലെ ആളുകൾ മരിച്ചുവീണു. ആ സമയത്ത് ഇക്‌രിമ, കൂട്ടുകാരേയും കൂട്ടി ശത്രുവിന്റെ നടുവിലേക്കു കുതിച്ചുചാടി. ചിലയാളുകൾ അദ്ദേഹത്തെ തടഞ്ഞിരുന്നു. പക്ഷേ, ഇക്‌രിമ അതംഗീകരിക്കാൻ തയ്യാറായില്ല. ലാത്തയ്ക്കും ഉസ്സയ്ക്കും വേണ്ടി ഞാൻ മുഹമ്മദ് (സ)ന്നെതിരെ പോരാടിയവനാണ്. ഇന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നതിൽ ഞാൻ പിന്നിലാവുകയില്ല. യുദ്ധം കഴിഞ്ഞപ്പോൾ, കുന്തവും വാളും കൊണ്ട് ശരീരം മുഴുവൻ മുറിവുപറ്റിയ നിലയിൽ അദ്ദേഹത്തിന്റെ ജഡം കണ്ടു. അദ്ദേഹത്തിന്റെ സാമ്പത്തിക ത്യാഗത്തെക്കുറിച്ച് പറയുന്നു: ഗനീമത്തുമുതൽ കിട്ടുമ്പോൾ ഇക്‌രിമ അത് ദാനം ചെയ്യുമായിരുന്നു. കയ്യയച്ച് ചെലവഴിക്കുമായിരുന്നു. ഹൃദയത്തിലുണ്ടാകുന്ന മാറ്റമാണിത്. വാളിന്റെ ശക്തിയാൽ ഈ മാറ്റം ഉണ്ടാകുകയില്ല.

ബലം പ്രയോഗിച്ച് ഇസ്‌ലാമിൽ ആളെ ചേർത്തിരുന്നു എന്ന വിമർശകരുടെ ആക്ഷേപം കളവാണെന്ന് തെളിയിക്കുന്ന ധാരാളം സംഭവങ്ങൾ കൊണ്ട് ചരിത്രം നിറഞ്ഞുകിടക്കന്നു. നബി(സ) തിരുമേനിയുടെ അദ്ധ്യാപനമെന്തായിരുന്നു? ചില സംഭവങ്ങൾ നാം കണ്ടുകഴിഞ്ഞു.

നബി(സ) തിരുമേനി പറയുന്നു: മൻഖതല മുആഹിദൻ ലം യറഹ് റാഇഹത്തൽ ജന്നത്തി

വാക്കാലോ പ്രവൃത്തിയാലോ ഉള്ള ഉടമ്പടിയുടെ ഫലമായി ഇസ്‌ലാമികഭരണത്തിൻ കീഴിൽ പ്രവേശിച്ചുകഴിഞ്ഞിട്ടുള്ള ഒരു അമുസ്‌ലിമിനെ വല്ല മുസ്‌ലിമും വധിച്ചാൽ ഇഹലോക ശിക്ഷ കൂടാതെ പരലോകത്തും സ്വർഗ്ഗത്തിന്റെ സുഗന്ധം അവൻ ആസ്വദിക്കുന്നതല്ല.

നബി(സ) തിരുമേനിയുടെ ഖലീഫമാരുടെ സമ്പ്രദായം എന്തായിരുന്നു? അമുസ്‌ലിംകളിൽ നിന്ന് കർശനമായി ജിസ്‌യ പിരിച്ചെടുക്കുന്ന ഒരു സ്ഥലത്ത് കൂടെ ഹദ്‌റത്ത് ഉമർ(റ) പോകുകയായിരുന്നു. അതു കണ്ടപ്പോൾ ഉടനെ അദ്ദേഹം അവിടെ നിന്നു. എന്താണ് പ്രശ്നമെന്ന് ദ്വേഷ്യത്തോടെ ചോദിച്ചു. ഇവർ ജിസ്‌യ അടക്കുന്നില്ലെന്നും, തങ്ങൾക്ക് അതിന് കഴിവില്ലെന്ന് ഇവർ പറയുന്നുവെന്നും അറിയിച്ചു. ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: അവർക്ക് കഴിവില്ലാത്തതുകൊണ്ട് അവരുടെമേൽ ഭാരം ചുമത്താൻ ഒരു കാരണവുമില്ല. അവരെ വിട്ടയക്കുക. 'ആരാണോ ഇഹലോകത്ത് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് അവൻ ഖിയാമത്തുനാൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കിരയാകും' എന്ന് നബി(സ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ അവർക്ക് ജിസ്‌യ മാപ്പാക്കപ്പെട്ടു.

നബി(സ) തിരുമേനി താക്കീത് ചെയ്തു പറഞ്ഞ കാരണത്താൽ ഹദ്‌റത്ത് ഉമർ (റ) അമുസ്‌ലിം പ്രജകളെ പ്രത്യേകം ഗൗനിച്ചിരുന്നു. അതിന്റെ ഫലമായി മരണശയ്യയിൽ വെച്ച് തന്റെ ശേഷം വരുന്ന ഖലീഫമാരോട് അദ്ദേഹം ഇങ്ങനെ വസിയ്യത്ത് ചെയ്തിരുന്നു. എനിക്കുശേഷം വരുന്ന ഖലീഫയെ ഞാനുപദേശിക്കുകയാണ്. ഇസ്‌ലാമിക ഭരണത്തിൻകീഴിൽ കഴിയുന്ന അമുസ്‌ലിം പ്രജകളോടു വളരെ മൃദുവായും സ്നേഹത്തോടു കൂടിയും പെരുമാറേണ്ടതാണ്. അവരോട് ചെയ്തിട്ടുള്ള കരാറുകൾ പാലിക്കുക. അവരെ സംരക്ഷിക്കുക. അവർക്കു വേണ്ടി അവരുടെ ശത്രുക്കളോടു യുദ്ധം ചെയ്യുക. അവർക്ക് വഹിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഭാരം അവരുടെമേൽ ചുമത്തരുത്.

മുസ്‌ലിംകൾ ബലം പ്രയോഗിക്കുന്നവരായിരുന്നെങ്കിൽ ഈ അവസ്ഥ അവിടെ എങ്ങനെയാണുണ്ടായത്? ഖയ്ബറിലെ യഹൂദികളോടു നബി(സ) ചെയ്ത ഉടമ്പടിയെക്കുറിച്ച് നോക്കുക. മദീനയിൽ ചെന്നപ്പോൾ അവരുമായി ചെയ്ത ഉടമ്പടിയായിരുന്നു അത്. നബി(സ) തിരുമേനി അവരുടെ വിളവെടുപ്പ് സമയത്ത് മുസ്‌ലിംകളുടെ ഓഹരി വാങ്ങുന്നതിനായി ഹദ്‌റത്ത് അബ്ദുല്ലാഹുബ്നു റവാഹ(റ)യെ അയക്കാറുണ്ടായിരുന്നു. തിരുമേനി(സ)യുടെ നിർദ്ദേശമനുസരിച്ച് അബ്ദുല്ലാഹ് ബിൻ റവാഹ(റ) വളരെ മൃദുലമായി അവരോടു പെരുമാറിയിരുന്നു. അതെത്രത്തോളമെന്നുവെച്ചാൽ, ധാന്യം രണ്ടായി വീതിച്ച്, ഏതൊരു ഭാഗമാണോ ഇഷ്ടപ്പെടുന്നത് അതെടുത്തുകൊള്ളാൻ യഹൂദികളോടു പറുയമായിരുന്നു. അവരെടുത്തതിന്റെ ബാക്കിയാണ് അദ്ദേഹം എടുക്കാറുണ്ടായിരുന്നത്.

ഹദ്‌റത്ത് ഉമർ(റ) ദിമ്മികളെ പ്രത്യേകം ശ്രദ്ധിക്കണമെന്ന് തന്റെ അനുയായികളോടു പറയാറുണ്ടായിരുന്നു. എന്തെങ്കിലും വിഷമമുണ്ടോ എന്ന് എപ്പോഴും അവരോട് ചോദിക്കുമായിരുന്നു.

ദിമ്മികളുടെ ഒരു സംഘം ഹദ്‌റത്ത് ഉമർ (റ)ന്റെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. മുസ്‌ലിംകളിൽ നിന്ന് നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്നാണ് ആദ്യമായി ഹദ്‌റത്ത് ഉമർ(റ) അവരോടു ചോദിച്ചത്. പ്രതിജ്ഞാ നിർവഹണവും നല്ല പെരുമാറ്റവുമല്ലാതെ മറ്റൊന്നും തങ്ങൾ മുസ്‌ലിംകളിൽ കണ്ടിട്ടില്ലന്ന് അവർ പറഞ്ഞു.

ശാം ജയിച്ചടക്കിയപ്പോൾ മുസ്‌ലിംകൾ അവിടത്തെ ക്രിസ്ത്യാനികളിൽ നിന്ന് ടാക്സ് പിരിച്ചു. കുറച്ചുനാൾക്കുശേഷം വീണ്ടും റോമാഭരണകൂടത്തിൽ നിന്നും യുദ്ധഭീഷണിയുണ്ടായി. അപ്പോൾ ശാമിലെ ഇസ്‌ലാമി അമീർ ഹദ്‌റത്ത് അബൂഉബയ്ദ(റ) പിരിച്ചെടുത്ത എല്ലാ ടാക്സും ക്രിസ്ത്യാനികൾക്ക് തിരിച്ചുനല്കിക്കൊണ്ടു പറഞ്ഞു. യുദ്ധം കാരണത്താൽ നിങ്ങളോടുള്ള കടമ നിറവേ

റ്റാൻ ഞങ്ങൾക്ക് സാധിക്കാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ ടാക്സ് കൈയിൽവയ്ക്കുക. ഇത് ഞങ്ങൾക്ക് അനുവദനീയമല്ല. ക്രിസ്ത്യനികൾ ഇത് കണ്ടിട്ട് മുസ്‌ലിംകൾക്കു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. അവർ പറഞ്ഞു: റോമാക്കാരുടെ മേൽ വിജയം വരിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. വീണ്ടും ഈ രാജ്യത്തിന്റെ ഭരണാധികാരികളായിത്തീരട്ടെ. ഇതായിരുന്നു മുസ്‌ലിംകളുടെ നടപടി. അങ്ങനെ വീണ്ടും വിജയമുണ്ടായി. മുസ്‌ലിംകൾ ഭരണത്തിൽ വന്നു. വീണ്ടും ടാക്സ് വാങ്ങാൻ തുടങ്ങി.

ഇതിനാണോ ബലപ്രയോഗം എന്നു പറയുന്നത്? നബി(സ) തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർ നീതിയോടുകൂടി നോക്കുകയും ചരിത്രം പഠിക്കുകയും ചെയ്യുകയാണെങ്കിൽ അമുസ്‌ലിംകൾക്കുവേണ്ടി അവിടുന്ന് എത്രത്തോളം വേദനിച്ചിരുന്നുവെന്ന് കാണാൻ കഴിയും. ഇസ്‌ലാമിലേക്ക് അവരെ ക്ഷണിച്ചത് സ്നേഹത്തോടും ശാന്തതയോടും കൂടിയായിരുന്നു. നബി(സ) തിരുമേനിയും അവിടുത്തെ സഹാബിമാരും തങ്ങളുടെ വിജയത്തിന്റേയും ഭരണത്തിന്റേയും കാലത്തും അമുസ്‌ലിംകളുടെ കാര്യങ്ങൾ ഒരുപാട് ശ്രദ്ധിച്ചിരുന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മദീനയിൽ ഒരു യഹൂദി ചെറുപ്പക്കാരന് അസുഖം പിടിപ്പെട്ടു. നബി(സ) തിരുമേനി അതറിഞ്ഞപ്പോൾ അവനെ കാണാൻ പോയി. അവന്റെ പരിതാപകരമായ അവസ്ഥ കണ്ടിട്ട് അവിടുന്ന് അവനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. നബി(സ)ന്റെ വാക്കുകളിൽ അവൻ തൽപരനായി. ആ സമയത്ത് തന്റെ അടുത്ത് അവന്റെ പിതാവ് നിൽപുണ്ടായിരുന്നു. ഒരു ചോദ്യം എന്ന രൂപത്തിൽ അവൻ തന്റെ പിതാവിനെനോക്കി. നീ സ്വീകരിക്കുന്നെങ്കിൽ സ്വീകരിച്ചുകൊള്ളുക എന്ന് പിതാവ് പറഞ്ഞു. അവൻ കലിമ ചൊല്ലി മുസ്‌ലിമായി. അതിൽ നബി (സ) തിരുമേനി വളരെ സന്തോഷിച്ചു, പറഞ്ഞു: അല്ലാഹുവിന്റെ ഒരാത്മാവ് അഗ്നിയുടെ വഴിയിൽ നിന്ന് രക്ഷപ്പെട്ടു.

ഞാൻ വിവരിച്ച ഖുർആനിക പാഠങ്ങളിൽ നിന്നും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയിൽ നിന്നും അതിക്രമം കാണിച്ചു എന്ന് ഇവർ ഉന്നയിക്കുന്ന ആരോപണത്തിന്റെ യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമായി. ഇസ്‌ലാം വാളിന്റെ ശക്തിയാലാണോ പരന്നതെന്ന് പ്രകടമായി. സ്പെയിനിൽ ഇവർ കാണിച്ച പ്രവർത്തനത്തെക്കുറിച്ച് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. അതിലൂടെ ഇക്കൂട്ടരുടെ തനിനിറവും വ്യക്തമായി. പക്ഷേ, ഓറിയന്റലിസ്റ്റുകളിൽ നീതിയെ സ്നേഹിക്കുന്ന ക്രിസ്ത്യാനികളുണ്ട്. അവർ നബി(സ) യെക്കുറിച്ച് എന്താണ് പറയുന്നത്?

കാർലൈൽ തന്റെ ഗ്രന്ഥത്തിലെഴുതുന്നു: മുഹമ്മദ് കള്ളവാദിയായിരുന്നു എന്ന കാര്യം നമ്മളിൽ (ക്രിസ്ത്യാനികളിൽ) വിഖ്യാതമായിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മതം ഭ്രാന്തത്വവും മൂഢസങ്കല്പവുമാണ്. ഈ എല്ലാ കാര്യങ്ങളും തെറ്റായിരുന്നുവെന്ന് ഇന്ന് ജനങ്ങൾക്ക് ബോധ്യമായിക്കൊണ്ടിരിക്കുന്നു. ഈ മനുഷ്യനെക്കുറിച്ച് (മുഹമ്മദ് (സ)നെ ക്കുറിച്ച്) യാഥാസ്ഥിതികരായ ക്രിസ്ത്യാനികൾ പറഞ്ഞുപരത്തിയ കളവായ കാര്യങ്ങളെല്ലാം നമ്മുടെ നിന്ദ്യതയ്ക്കു കാരണമാകുന്നു. ഈ മനുഷ്യൻ (നബി(സ) തിരുമേനി, പറഞ്ഞ കാര്യങ്ങൾ 1200 വർഷമായി 18 കോടി ജനങ്ങളുടെ സന്മാർഗ്ഗമായി നിലകൊള്ളുന്നു. ഇക്കാലത്ത് എത്രത്തോളം ആളുകൾ മുഹമ്മദ് (സ)ന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നുവോ, അതിനേക്കാൾ കൂടുതൽ ആരുടേയും ഗ്രന്ഥത്തിൽ ഇക്കാലത്തെ ജനങ്ങൾ വിശ്വസിക്കുന്നില്ല. ഒരു കള്ളവാദിയാണ് ഈ മതം പരത്തിയത് എന്ന അഭിപ്രായത്തോട് എനിക്കൊട്ടും യോജിപ്പില്ല.

അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളും, തെറ്റായ കാര്യങ്ങളുമൊക്കെ എഴുതിയുട്ടുള്ള ആളാണ് സർ വില്യം മൂർ. എങ്കിലും അദ്ദേഹം എഴുതുന്നു: നബി(സ) തിരുമേനി എന്നെന്നേക്കുമായി അറേബ്യൻ നാട്ടിൽ ദീർഘകാലമായി നിലനിന്നുവന്ന എല്ലാ നിരർത്ഥക കാര്യങ്ങളേയും ഇല്ലാതാക്കി. ഇസ്‌ലാമിക സമൂഹത്തിനുള്ള സവിശേഷഗുണങ്ങൾ കുറച്ചല്ല. മറ്റുള്ള ഒരു മതത്തിലുമില്ലാത്ത ശ്രേഷ്ഠമായ ഗുണങ്ങൾ ഇസ്‌ലാമിലുണ്ടെന്നതിൽ, അതിന് അഭിമാനിക്കാൻ വകയുണ്ട്.

എഡ്വേർഡ് ഗിബ്ബൺ എഴുതുന്നു: നബി(സ) തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ ചിന്തനീയമായ കാര്യം, അദ്ദേഹത്തിന്റെ പ്രവാചകത്വം ജനങ്ങൾക്ക് ഗുണം ചെയ്തോ അതല്ല ദോഷം ചെയ്തോ എന്നതാണ്. നബി(സ) തിരുമേനിയുടെ കഠിനവിരോധികളും, ക്രിസ്ത്യാനികളും, യഹൂദികളും അദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കാതിരിക്കെത്തന്നെ, അവിടന്ന് (സ) പ്രവാചകത്വവാദം ഒരു ഫലപ്രദമായ കാര്യത്തിനുവേണ്ടി ചെയ്തു എന്ന് സമ്മതിക്കുന്നവരാണ്. അതായത്, സ്വന്തം മതത്തെക്കാളും നല്ലതാണ് ഇസ്‌ലാം മതം എന്ന് അവർ സമ്മതിക്കുന്നു. നബി(സ) തിരുമേനി, പാപപരിഹാര സിദ്ധാന്തത്തെ നമസ്കാരങ്ങളും, നോമ്പും, ദാനധർമ്മങ്ങളുമാക്കിമാറ്റി. അത് വളരെ മനോഹരമായതും ഋജുവായതുമായ കാര്യമാണ്. ബിംബങ്ങളിൽ അർപ്പിച്ചിരുന്ന മനുഷ്യന്റെ ത്യാഗങ്ങൾ വിപാടനം ചെയ്തു. നബി(സ) മുസ്‌ലിംകളിൽ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഒരു ആത്മാവ് ഊതി. പരസ്പരം നന്മ ചെയ്യാൻ നിർദ്ദേശിച്ചു. അവരുടെ പകരം വീട്ടാനുള്ള വാഞ്ഛ തന്റെ കല്പനകളും ഉപദേശങ്ങളും കൊണ്ട് ഇല്ലാതാക്കി. അക്രമങ്ങളും ദ്രോഹങ്ങളും തടഞ്ഞു. പരസ്പരം ജന്മശത്രുക്കളായ അവർ സ്നേഹിതരായി മാറി. ആഭ്യന്തര കലഹങ്ങളിലും കുടുംബവഴക്കുകളിലും കഴിഞ്ഞുകൂടിയിരുന്നവർ ഒറ്റക്കെട്ടായി നിന്ന് പുറംശക്തികളെ നേരിടുന്നവരായി ത്തീർന്നു. ●

**വിവ: മുഹമ്മദ് ഇസ്മായിൽ**

ലേഖനം

# 'ആധുനിക യൂറോപ്യൻ നാഗരികതയും മുസ്‌ലിം സ്‌പെയിനും'

ഏ. ക്യൂ. മഹ്ദി

### ചരിത്രത്തിലെ തമസ്കരണങ്ങളെ കുറിച്ചും മതപക്ഷപാതിത്വങ്ങളെ കുറിച്ചും ഒരവലോകനം

ലോകം ഏഴു ഭൂഖണ്ഡങ്ങൾ ചേർന്നാണു, നിറഞ്ഞുനിൽക്കുന്നത്. നാം ജീവിക്കുന്ന ഇന്ത്യ ഉൾപ്പെടുന്ന ഏഷ്യ മുതൽ യൂറോപ്പ്, ആഫ്രിക്ക, ആസ്ട്രേലിയ, സൗത്ത് അമേരിക്ക, നോർത്ത് അമേരിക്ക, പിന്നെ മഞ്ഞുമൂടിക്കിടക്കുന്ന അന്റാർട്ടിക്കയും.

ഇന്നത്തെ അത്യാധുനിക ശാസ്ത്രീയനേട്ടങ്ങളും ഒപ്പം മാനവസംസ്കാരങ്ങളുടെ പൗരാണിക പാരമ്പര്യവും ഒക്കെ തീർത്തും അവകാശപ്പെടുന്ന രാജ്യങ്ങൾ മുഴുവൻ യൂറോപ്പിലാണെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്.

ഒട്ടാകെ ഇരുപതിലധികം ചെറുരാജ്യങ്ങളുടെ ഒരു സമൂഹമാണ് യൂറോപ്പ്.

കാലാവസ്ഥപ്രകാരം കൊടുംശൈത്യം അനുഭവപ്പെടുന്ന രാജ്യങ്ങൾ എന്ന നിലയിൽ പാശ്ചാത്യർ - ഈ പാശ്ചാത്യരിൽ ഉൾപ്പെടുന്ന അമേരിക്കക്കാരും - ബുദ്ധിശക്തി ഏറെ കൂടുതലുള്ളവരും ഉഷ്ണദേശങ്ങളിൽ ജീവിക്കുന്ന നാം, ഏഷ്യക്കാർ ബുദ്ധിയിൽ കുറഞ്ഞവരുമാണെന്ന ഒരു ധാരണ പൊതുവെയുണ്ട്. നിർഭാഗ്യവശാൽ ഈ നാമും ഒരു പരിധിവരെ അതംഗീകരിച്ചുകൊടുക്കുകയും ചെയ്യുന്നുവെന്നു തോന്നുന്നു.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യപ്രഭുക്കളുടെ നുകത്തിൽ കീഴിൽ അടിമകളെപ്പോലെ ജീവിച്ചിരുന്ന നിരവധി ഏഷ്യൻ രാജ്യങ്ങളിലെ സാധാരണ ജനങ്ങൾ, സമീപകാലം വരെ - എന്തിന് ഈ ആധുനിക കാലത്തുപോലും - ബഹുമാനാദരവുകളോടെയാണ് പാശ്ചാത്യരെ, പ്രത്യേകിച്ച് ഇംഗ്ലീഷുകാരെ നോക്കിക്കാണുന്നത്. ഇംഗ്ലീഷുകാർ മാത്രമല്ല പടിഞ്ഞാറുനിന്നും പോർച്ചുഗീസുകാരും ഡച്ചുകാരും, ഫ്രഞ്ചുകാരുമൊക്കെ ഒരു കാലത്ത് കടൽതാണ്ടി ഇന്ത്യയിൽ വരികയുണ്ടായി. അവർ നമ്മുടെ നാട്ടുരാജ്യങ്ങളെ ഭിന്നിപ്പിക്കുകയും നമ്മുടെ പടയാളികളുടെ വാളും പരിചയെയും അമ്പും വില്ലിനെയുമൊക്കെ അസ്ത്രപ്രജ്ഞമാക്കി വെടിമരുന്നുകൊണ്ട് വിനാശം വിതയ്ക്കാൻ കഴിവുള്ള തോക്കുകളും പീരങ്കികളുമായി ഏഴാം കടൽ കടന്നുവന്ന് നമ്മെ കീഴടക്കി, നിരവധി കാലം ഭരിച്ച് കാലാകാലം നമ്മുടെ വിലപിടിച്ച സമ്പത്തുകൾ കൈയ്യടക്കി കൊണ്ടുപോവുകയും ചെയ്തു.

ലണ്ടനും പാരീസുമൊക്കെ ഇന്ന് ലോകത്തെ ഏറ്റവും പരിഷ്കൃത നഗരങ്ങളുടെ നിരയിൽ സ്ഥാനം പിടിക്കുന്നു. ഈ നഗരങ്ങൾ ഉൾക്കൊള്ളുന്ന യൂറോപ്യൻ സമൂഹത്തിൽ ജീവിച്ചിരുന്ന അവിടത്തെ മുൻഗാമികളെപ്പറ്റി, അവർ തീരെ പ്രാകൃതരും, അപരിഷ്കൃതരും, നഗ്നത മറയ്ക്കാനായി തോൽക്കഷണം കൊണ്ട് ഗുഹ്യഭാഗം മറച്ചിരുന്നവരുമൊക്കെയായിരുന്നുവെന്ന് പറഞ്ഞാൽ നാമതു വിശ്വസിക്കുമോ? പാരീസിലും ലണ്ടനിലും അക്കാലത്ത് മുളകൊണ്ടാണ് വീടുകൾ നിർമ്മിച്ചുരുന്നതെന്നും പറഞ്ഞാൽ നമുക്കത് ഉൾക്കൊള്ളാനാവുമോ? പുതയ്ക്കുവാനുപയോഗിക്കുന്ന വിരിപ്പിനെക്കുറിച്ചു പോലും അവർ അജ്ഞരായിരുന്നുവെന്നും

അതിനായി അവർ വൈക്കോലാണ് ഉപയോഗിച്ചിരുന്നതെന്നും കേട്ടാൽ വിസ്മയം തോന്നില്ലേ?

എന്നാൽ വിശ്വസിച്ചേ കഴിയൂ, സത്യമതാണ്; ഒരു ചരിത്രസത്യം. ഇതെപ്പറ്റി സൂചന നൽകിയത് മറ്റാരുമല്ല, സുപ്രസിദ്ധ സ്പാനിഷ് ചരിത്രകാരനായ ഖസ്‌വീനിയാണ്. അദ്ദേഹം അറിയപ്പെടുന്ന ഒരു ചരിത്രപണ്ഡിതനായിരുന്നു. അസത്യങ്ങളുടെ നിറം ചാലിക്കാത്ത ആധികാരികത, സത്യസന്ധത, അദ്ദേഹത്തിന്റെ ചരിത്രപഠനങ്ങൾക്ക് ലോകം കൽപ്പിച്ചിരുന്നു.

ഇന്ന് വിജ്ഞാനവികാസം ഇംഗ്ലീഷ് ഭാഷയിലൂടെയാണെങ്കിൽ അന്ന്, ആ കാലഘട്ടത്തിൽ, ക്രൈസ്തവർ ആശ്രയിച്ചിരുന്നത് അറബി ഭാഷയെയാണ്. ഇന്നത്തെ ആധുനിക ജനത ഉപരിപഠനാർത്ഥം അമേരിക്കയും യൂറോപ്പും നോക്കിക്കാണുംപോലെ മുസ്‌ലിംനാടുകളെയാണ് അന്ന് ലോകം ആശ്രയിച്ചിരുന്നത്; പ്രധാനമായും മുസ്‌ലിം സ്പെയിൻ. അന്ന് യൂറോപ്യൻ നാടുകൾക്ക് വിജ്ഞാനത്തിന്റെ മാതൃകയും അഭയകേന്ദ്രവുമായിത്തീർന്നത് സ്പെയിൻ ആയിരുന്നു.

ഇതെന്നാണ്; ഏതു കാലഘട്ടത്തിൽ.....?

പറയാം. അതിനു മുമ്പ് ചരിത്രം എന്നതിനെപ്പറ്റി അൽപ്പം പറയേണ്ടിയിരിക്കുന്നു. ചരിത്രം എന്നാൽ ഒരു കാലത്തിന്റെയോ കാലഘട്ടത്തിന്റെയോ സത്യസന്ധവും വിശ്വസനീയുമായ രേഖയാണ്. അതു വികലമായാൽ ചരിത്രത്തിന്റെ ആധികാരികത തന്നെ ചോദ്യം ചെയ്യപ്പെടും, ചോർന്നുപോകും.

ചരിത്രകാരന്മാരാൽ സ്വന്തം ഭാവനയ്ക്കും സങ്കൽപ്പങ്ങൾക്കും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസൃതമായി എഴുതപ്പെട്ട ചരിത്രരേഖകളാണ് ലോകം പലപ്പോഴും ഇന്നോളം കണ്ടുപോന്നിട്ടുള്ളത്. പരിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ട ചരിത്ര രേഖകളുടെ വൈജ്ഞാനിക ഭാവത്തിനു മാത്രം - അതൊരു ദൈവിക ഗ്രന്ഥമായതിനാൽ - ഇന്നോളം ഒരു വൈകല്യവും വന്നിട്ടില്ല; ഒരിക്കലും വരികയില്ലെന്ന് നാം വിശ്വസിക്കുകയും ചെയ്യുന്നു.

ഞാനും നിങ്ങളുമൊക്കെ സ്ക്കൂളിൽ പഠിച്ച ലോകചരിത്രത്തിന്റെയും ഇന്ത്യാചരിത്രത്തിന്റേയും ചില ഭാഗങ്ങളുടെ സത്യസന്ധത ചോദ്യം ചെയ്യപ്പെടത്തക്ക ആധികാരിക രേഖകൾ ഇപ്പോൾ വിശ്വസനീയമായി കണ്ടെത്തിയിട്ടുണ്ട്. ആ പഴയ ചരിത്രങ്ങളൊക്കെ എഴുതിപ്പിടിപ്പിച്ചത് ഇംഗ്ലീഷുകാരാണ്; ബ്രിട്ടീഷുകാർ. അവർ എഴുതിയ ചരിത്രമാണ് ഇന്ന് മുഴുലോകത്തും അരങ്ങുവാഴുന്നത്. സത്യസന്ധരും നിഷ്പക്ഷമതികളുമായ നിരവധി ആധുനിക ചരിത്രകാരന്മാർ ഇപ്പോൾ ഈ 'ഇംഗ്ലീഷ് ചരിത്ര'ത്തെ തള്ളിപ്പറയുകയും കൂടുതൽ ഗവേഷണങ്ങൾ നടത്തി പുതിയ രേഖകൾക്ക് സ്ഥാനം നൽകുകയും ചെയ്തിട്ടുണ്ട്.

നിങ്ങൾക്കോർമ്മയുണ്ടോ, നാം സ്കൂൾക്ലാസുകളിൽ പഠിച്ച ടിപ്പു സുൽത്താനെപ്പറ്റി? അദ്ദേഹത്തെ അതിക്രൂരനായ ഒരു ഭരണാധികാരിയായാണ് ഇംഗ്ലീഷ് ചരിത്രകാരന്മാർ വിശേഷിപ്പിച്ചത്. 'മൈസൂർക്കടുവ' എന്നദ്ദേഹത്തിന്നവർ നാമകരണം ചെയ്യുകപോലും ചെയ്തു. മതഭ്രാന്തനായിരുന്നു ടിപ്പു എന്നവർ പ്രചരിപ്പിച്ചു. കേരളത്തിൽ പടയോട്ടം നടത്തി ഹിന്ദുക്കളെ ഓടിക്കുകയും മതപരിവർത്തനത്തിന് അന്യമതസ്ഥരെ നിർബന്ധിക്കുകയും ചെയ്തുവെന്നുവരെ ടിപ്പു സുൽത്താനെപ്പറ്റി അവർ എഴുതിവെച്ചു.

നീതിനിഷ്ഠനായ ഒരു ഭരണാധികാരിയായിരുന്നു ടിപ്പു സുൽത്താൻ. ശക്തനും ധൈര്യശാലിയുമായിരുന്നു. ബ്രീട്ടീഷ് ഭരണത്തിനെതിരെ ഒരു നീക്കുപോക്കിനും തയ്യാറാകാതെ പട നയിച്ച ടിപ്പു, ഇംഗ്ലീഷുകാരെ അന്നു വല്ലാതെ ചൊടിപ്പിച്ചു. അദ്ദേഹത്തെ ചരിത്രത്താളുകളിലൂടെ തേജോവധം ചെയ്യുകയെന്നതായിരുന്നു ബ്രീട്ടീഷ് ചരിത്രകാന്മാരുടെ ഉദ്ദേശം.

കാലം വൈകിയെങ്കിലും ഇപ്പോൾ സത്യം പുറത്തുവന്നിരിക്കുന്നു.

ഇന്ത്യാ ചരിത്രത്തിൽ അറംഗസീബിനെപ്പറ്റിയും സത്യത്തിനു നിരക്കാത്ത രേഖകളാണ് ചരിത്രകാരന്മാർ ചമച്ചത്. അദ്ദേഹം ക്രൂരനായ ഭരണാധികാരിയായിരുന്നു സ്വന്തം പിതാവിനെ കൽത്തുറങ്കിലടച്ചിട്ടാണ് സ്വയം ചക്രവർത്തിയായത്, എന്നു തുടങ്ങി എത്ര മോശമായി ഒരു ഭരണാധികാരിയെ ചിത്രീകരിക്കുമോ അത്ര കണ്ട് അവഹേളനാപരമായ ചരിത്രരേഖകളാണ് ചമയ്ക്കപ്പെട്ടത്.

എന്നാൽ സത്യമെന്തായിരുന്നു. മുഗൾ ഭരണകർത്താക്കളിൽ ഏറ്റവും സാത്വികനും, നീതിമാനുമായ ഭരണാധികാരിയായിരുന്നു അറംഗസീബ്. അത്യന്തം മതനിഷ്ഠ പുലർത്തിയ ഒരു ജീവിതപന്ഥാവായിരുന്നു അദ്ദേഹത്തിന്റേത്. പൊതുഖജനാവിൽനിന്ന് സ്വന്തം ചെലവിനുപോലും അദ്ദേഹം ഒരു പൈസ എടുത്തില്ല. സ്വന്തം കൈകൊണ്ടു തൊപ്പി തുന്നിയും, ഖുർആൻ പകർത്തിയെഴുതിയും സമ്പാദിച്ച നാണയത്തുട്ടുകൾ മാത്രമാണ്, കീറക്കുപ്പായം ധരിച്ച് ഫക്കീർ സമാനനായി ജീവിച്ച മഹാനായ ആ ചക്രവർത്തി, സ്വന്തം ജീവിതാവശ്യങ്ങൾക്കായി ഉപയോഗിച്ചത്.

എങ്ങിനെ ഈ ചക്രവർത്തി ചരിത്രകാരന്മാർക്കിടയിൽ അനഭിതമനായി?

എന്നാൽ അക്ബർ ചക്രവർത്തിയോ? അദ്ദേഹം അതിബുദ്ധിമാനായിരുന്നു. തന്ത്രശാലിയായ ഭരണാധികാരിയായിരുന്നു. മതസൗഹാർദ്ദമെന്ന പേരിൽ സുന്ദരികളായ നിരവധി രജപുത്ര സ്ത്രീകളെ വിവാഹം കഴിച്ച് അരമനയിൽ വാഴിച്ചു അക്ബർ. കൂടാതെ ഏറ്റവും വലിയ ഒരു വിഡ്ഢിത്തം അന്നദ്ദേഹം ചെയ്യുകയുണ്ടായി; സ്വന്തമായി ഒരു മതം സ്ഥാപിക്കൽ. 'ദിൻ ഇലാഹി' എന്ന ആ മതം അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ അസ്തമിക്കുകയും ചെയ്തു.

**എന്നാൽ, യൂറോപ്യൻ ചരിത്രകാരന്മാർ ചവിട്ടിത്താഴ്ത്തിയ ഈ മധ്യകാലയുഗം, ഇസ്‌ലാമിക സംസ്കൃതികളുടെയും ക്രമീകരണങ്ങളുടെയും ഉത്തുംഗകാലമായിരുന്നു. ഇസ്‌ലാമിക സംസ്കാരം നൂറു ശതമാനം തനിമയോടെ നിലനിന്നിരുന്ന ഒരു കാലഘട്ടം.**

എന്നാലോ, അക്ബർ ചക്രവർത്തിയെ മഹാനായ അക്ബർ എന്നു ചരിത്രകാരന്മാർ വാഴ്ത്തുകയും ചെയ്യുന്നു. ഇതാണ് ചരിത്ര വൈരുദ്ധ്യങ്ങൾ!

നമുക്കു മെല്ലെ വിഷയത്തിലേക്കു വരാം. നാം വായിച്ചറിഞ്ഞ ഒരു 'ഇരുണ്ടയുഗ'ത്തെപ്പറ്റി ലോക ചരിത്രത്തിൽ പരാമർശമുണ്ട്. 'ഇരുണ്ട യുഗം' അഥവാ 'Dark Age'. അതിന്റെ കാലഘട്ടമാവട്ടെ ക്രിസ്തുവർഷം 711 മുതൽ 1492 വരെയുള്ള 781 വർഷങ്ങളാണ്; എട്ടുനൂറ്റാണ്ടുകാലം.

അറിഞ്ഞോ അറിയാതെയോ ചരിത്രകാരന്മാർ ക്രിസ്തുവർഷം ആരംഭിച്ചതിനിപ്പുറമുള്ള സമയത്തെ മൂന്നു ഘട്ടങ്ങളായി കാലവിഭജനം നടത്തി; പ്രാചീനം - മധ്യകാലം - ആധുനിക കാലം. നാം ഇപ്പോൾ ജീവിക്കുന്നത് ചരിത്രസൂചനപ്രകാരം ആധുനിക കാലത്താണ്. പ്രാചീനകാലമാവട്ടെ ക്രിസ്തുവർഷം 476 വരെയായിരുന്നുവെന്നാണു സങ്കല്പം. മധ്യകാലം 476 മുതൽ 1453 വരെയും, 1453 മുതൽ ഇന്നുവരെയുള്ളത് ആധുനിക ഘട്ടമായും ഗണിക്കപ്പെടുന്നു.

ഇവയിൽ മധ്യകാലഘട്ടത്തെയാണ് ചരിത്രകാരന്മാർ 'ഇരുണ്ട യുഗം' എന്നു വിളിച്ചത്. ഈ പ്രയോഗമാവട്ടെ യൂറോപ്യൻ ചരിത്രകാരന്മാരുടെ സൃഷ്ടിയുമാണ്.

യാഥാർത്ഥ്യം എന്തായിരുന്നു? എന്തിനാണ് ഈ ഇടക്കാലത്തെ 'അന്ധകാരയുഗം' എന്നവർ വിശേഷിപ്പിച്ചത്.

അതൊരു കൗശലത്തിന്റെ ഭാഗമാണ്, ഒരു പാശ്ചാത്യ തന്ത്രം; ചരിത്രസത്യങ്ങളെ വളചൊടിച്ചുള്ള ഒരു ചതിപ്രയോഗത്തിന്റെ ഫലമായുണ്ടായ നിർവചനം.

നേരത്തെ സൂചിപ്പിച്ചുവല്ലൊ, നഗ്നത മറക്കാൻ തോലും വീടുകെട്ടാൻ മുളക്കാലുകളും ഉപയോഗിച്ചിരുന്ന പഴയ യൂറോപ്യൻ സമൂഹത്തെപ്പറ്റി. ലണ്ടനിലേയും പാരീസിലെയും പ്രാകൃതരെപ്പറ്റി.

എന്നാൽ, യൂറോപ്യൻ ചരിത്രകാരന്മാർ ചവിട്ടിത്താഴ്ത്തിയ ഈ മധ്യകാലയുഗം, ഇസ്‌ലാമിക സംസ്കൃതികളുടെയും ക്രമീകരണങ്ങളുടെയും ഉത്തുംഗകാലമായിരുന്നു. ഇസ്‌ലാമിക സംസ്കാരം നൂറു ശതമാനം തനിമയോടെ നിലനിന്നിരുന്ന ഒരു കാലഘട്ടം.

ദക്ഷിണ യൂറോപ്യൻ രാജ്യങ്ങളായ സ്പെയ്ൻ, പോർട്ടുഗൽ, ദക്ഷിണ ഫ്രാൻസ്, ഇറ്റലി, സിസിലി മുതലായ ദേശങ്ങളിലാണ് ഇസ്‌ലാമിക സംസ്കാരം അതിന്റെ അത്യുന്നതിയിൽ നിലനിന്നിരുന്നത്. ആ ഇസ്‌ലാമികയുഗത്തെ തമസ്കരിക്കാനാണ് യൂറോപ്യൻ ചരിത്രകാരന്മാർ ഈ കാലത്തെ തള്ളിപ്പറയുകയും ഇരുണ്ട യുഗമെന്നു വിശേഷിപ്പിക്കുകയും ചെയ്തത്.

എന്തിന്.....?

മധ്യകാലഘട്ടമെന്നു ചരിത്രകാരന്മാർ വിശേഷിപ്പിച്ച ആ ഇടക്കാല നൂറ്റാണ്ടുകളുടെ ലോകചരിത്രം യൂറോപ്യൻ ചരിത്രാന്വേഷകർ ബോധപൂർവ്വം വ്യാഖ്യാനിച്ചുറപ്പിച്ചതാണ്; ആ കാലഘട്ടത്തിലെ ഇസ്‌ലാമിക സംസ്കൃതികളുടെയും നേട്ടങ്ങളുടെയും തമസ്കരിക്കാൻ വേണ്ടി മാത്രം. പതിനാറാം നൂറ്റാണ്ടോടെ ആരംഭിച്ച സാഹസിക ലോകയാത്രകളും തുടർന്നുണ്ടായ വ്യാവസായിക വിപ്ലവവും സാമ്രാജ്യവൽക്കരണവുമൊക്കെ ലോകത്തിന്റെ മുഴുവൻ വിധി നിർണ്ണയിക്കാനുള്ള കുത്തകാവകാശം തങ്ങൾക്കുള്ളതാണെന്നു സ്ഥാപിക്കാൻ യൂറോപ്യർ നടത്തിയ ശ്രമത്തിന്റെ ഭാഗമായുള്ളതാണ്. പല പുത്തൻ മാനേജ്മെന്റ് തന്ത്രങ്ങളും അന്നവർ ഇതിനായി പ്രയോഗിച്ചു.

മധ്യകാലഘട്ടത്തെ 'ഇരുണ്ട യുഗം' എന്നു വിശേഷിപ്പിക്കുമ്പോൾ ഇതിലൂടെ നമുക്കു തോന്നുക, ലോകം മുഴുവൻ ഈ കാലത്ത് വൈജ്ഞാനികമായി അന്ധകാരത്തിലായിരുന്നുവെന്നാവും. എന്നാൽ ഈ 'ഇരുള്' എന്ന പ്രയോഗം യൂറോപ്പിന്റെ ബഹുഭൂരിപക്ഷം വരുന്ന ഇംഗ്ലണ്ട് മുതലുള്ള രാജ്യങ്ങൾ മുഴുവനും, കിഴക്കൻ യൂറോപ്പിലെ തുർക്കിയിൽ തുടങ്ങി ഏഷ്യൻ ഭൂഖണ്ഡങ്ങൾ കടന്ന് ഇന്ത്യാ വരെയും പടർന്നു പന്തലിച്ചു നിന്ന അതിവിപുലമായ ഇസ്‌ലാമിക സംസ്കാരത്തിന്റെ സാന്നിദ്ധ്യത്തെ യൂറോപ്യൻ ചരിത്രകാരന്മാർ മറച്ചുവെയ്ക്കുന്നതിന്റെ പൊരുളിനെയാണു സൂചിപ്പിക്കുന്നത്.

വീണ്ടും ചോദ്യം ഉയരുന്നു; എന്തിന്.....?

ഈ മറച്ചുവെയ്ക്കൽ ആധുനിക ലോകത്തിന്റെ വിധികർത്താക്കളായി സ്വയം പ്രഖ്യാപിക്കുന്ന യൂറോപ്യർക്ക് എന്തുകൊണ്ടും അനിവാര്യമാണെന്നതാണ് യാഥാർത്ഥ്യം. ഒരു പക്ഷേ അവർക്കതിനു കഴിഞ്ഞില്ലെങ്കിൽ, മധ്യകാല ഇസ്‌ലാമിക അടിത്തറയിൽ നിന്ന് തങ്ങൾ കടമെടുത്ത മണ്ണിലാണ് ഇപ്പോഴത്തെ ആധുനിക

യൂറോപ്പ് നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടിവരും.

ക്രിസ്തുവർഷം 711 മുതൽ 1492 വരെയുള്ള കാലത്ത് അന്നത്തെ യൂറോപ്പിന്റെ പ്രധാന ഭാഗങ്ങളായ സ്പെയ്ൻ - പോർട്ടുഗൽ പ്രദേശങ്ങളിൽ നിലനിന്ന ശാസ്ത്രം, സാഹിത്യം, കല, രാഷ്ട്രീയം, മതം, ചരിത്രം, ഭൂമിശാസ്ത്രം, വൈദ്യം, തത്വചിന്ത, എന്നീ രംഗങ്ങളിലെ ഉന്നതമായ ഇസ്ലാമിക സാന്നിദ്ധ്യം ആണ്, ശരിക്കും ആധുനികലോകചരിത്രത്തിന്റെ പൈതൃകം ആയിത്തീർന്നത്, ആ സാംസ്കാരിക പൈതൃകം, മുഴുവൻ യൂറോപ്പിനെയും സ്വാധീനിക്കുകയും ചെയ്തു.

നവോത്ഥാന കാലാരംഭത്തിലെ യൂറോപ്യൻ പശ്ചാത്തലം എടുത്തുപറയുന്ന ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നത്, തുർക്കികളുടെ ആക്രമണശേഷം കോൺസ്റ്റാന്റിനേപ്പിൾ പ്രദേശത്തുനിന്നും ഇറ്റലിയിലെ വിവിധ നഗരരാഷ്ട്രങ്ങളിലേക്ക് പലായനം ചെയ്ത ക്രിസ്ത്യൻ പണ്ഡിതന്മാരുടെ സാന്നിദ്ധ്യം മൂലമുണ്ടായ നേട്ടങ്ങളാണ് ആധുനിക യൂറോപ്പിന്റെ അടിത്തറയെന്നാണ്. എന്നാൽ 1492 വരെ ഇറ്റലിയിലും പടിഞ്ഞാറൻ ഭാഗങ്ങളായ സിസിലി - സ്പെയൻ പ്രദേശങ്ങളിലും നിലനിന്നിരുന്ന ഇസ്ലാമിക സാംസ്കാരിക പാരമ്പര്യവും അതിന്റെ സ്വാധീനവും എത്രമാത്രം ശക്തമായിരുന്നുവെന്നും അവയാണ് ആധുനിക യൂറോപ്പിന്റെ ഗതിമാറ്റത്തിനു സഹായകമായി എന്നതും ഓർമ്മിക്കാൻ അവർ തയ്യാറല്ല.

പതിനൊന്നാം ശതകത്തിൽ ആരംഭിച്ച മൂന്നു നൂറ്റാണ്ടുകളോളം തുടർന്ന കുരിശുയുദ്ധങ്ങൾ, അക്കാലത്തെ ക്രിസ്ത്യൻ - മുസ്ലിം സംഘട്ടനത്തെപ്പറ്റി വ്യക്തമായ സൂചനകൾ നൽകുന്നു. ഈ സംഘട്ടനങ്ങളോടെയാണ് പശ്ചിമേഷ്യയിൽ നിന്ന് യൂറോപ്പിലേക്ക് ഇസ്ലാമിക സംസ്കാരം രംഗപ്രവേശം ചെയ്തതെന്നും ചരിത്രം പറയുന്നു.

ഇസ്ലാമിന്റെ ആവിർഭാവഘട്ടത്തിൽതന്നെ അറേബ്യയുടെ അരികത്തു കിടക്കുന്ന ഭൂഖണ്ഡമായ ആഫ്രിക്കയുടെ പൂർവ്വോത്തരദേശങ്ങളായ എത്യോപ്യ (പഴയ അബിസീനിയ), ഈജിപ്ത് (പഴയ മിസിർ), ലിബിയ, മൊറോക്കോ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചെങ്കടൽ കടന്ന് ഇസ്ലാമിക സന്ദേശം എത്തിക്കഴിഞ്ഞിരുന്നു. തുടർന്ന് മദ്ധ്യകാലഘട്ടം മുഴുവൻ അതിശക്തമായി നിലനിന്നിരുന്ന ഇസ്ലാമിക സംസ്കാരം അതിന്റെ ഉദാത്തമായ വളർച്ചയുടെ മുഹൂർത്തങ്ങൾ ഈ പ്രദേശങ്ങളിൽ സൃഷ്ടിക്കാൻ തുടങ്ങി. ആഫ്രിക്കയുടെ മുഖ്യഭാഗവും 18-ാം നൂറ്റാണ്ടുവരെ ഇരുട്ടിൽ ആണ്ടുകിടന്നപ്പോഴായിരുന്നു മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഇസ്ലാമിക വ്യവസ്ഥിതിയിൽ അധിഷ്ഠിതമായി മുന്നേറിയത്; ആ ജൈത്രയാത്രയുടെ തുടർച്ചയല്ലെങ്കിലും ആ ഇരുണ്ട ആഫ്രിക്കൻ മണ്ണിൽ ഇന്ന് ഇസ്ലാമിന്റെ വിജയഭേരി മുഴക്കി മുന്നേറുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നത്, ആധുനിക ഇസ്ലാമിക ചരിത്രകാരന്മാർക്കുപോലും നിഷേധിക്കാനാവുമെന്നു തോന്നുന്നില്ല.

അങ്ങിനെ രാഷ്ട്രീയമായും, സൈനികമായും, പ്രബലമായിരുന്ന അന്നത്തെ ഇസ്ലാമിക രാഷ്ട്രങ്ങൾക്ക്, ജിബ്രാൾട്ടർ കടലിടുക്കിലൂടെ കേവലം 28 മൈൽ മാത്രം തരണം ചെയ്താൽ ദക്ഷിണ യൂറോപ്യൻ പ്രദേശങ്ങളിലെത്തി ആധിപത്യം സ്ഥാപിക്കാൻ കഴിയുമായിരുന്നു. എന്നാൽ, സമാധാനത്തിന്റെ സന്ദേശമതയായ ഇസ്ലാമിന്റെ വ്യവസ്ഥിതി ശക്തമായി പിന്തുടർന്നിരുന്ന മധ്യകാല മുസ്ലിം രാഷ്ട്രങ്ങൾ അനിവാര്യമായ സാഹചര്യങ്ങളിലല്ലാതെ, അതല്ലെങ്കിൽ തീർത്തും പ്രതിരോധമാർഗ്ഗങ്ങൾക്കു വേണ്ടിയല്ലാതെ, യുദ്ധങ്ങളിൽ ഏർപ്പെടുകയോ അന്യരാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുകയോ ചെയ്തില്ല. തൊട്ടടുത്ത ആഫ്രിക്കൻ വൻകരയിൽ നിർണ്ണായകമായ സ്വാധീനം ഉണ്ടായിരുന്നിട്ടും, പ്രകോപനമൊന്നുമില്ലാതെ യൂറോപ്പിൽ അവർ പ്രവേശിക്കാതെ സ്വയം പിന്തിരിഞ്ഞു നിൽക്കുകയായിരുന്നു.

എന്നാൽ ഈ ചിന്തകൾക്കൊരു ഗതിമാറ്റം ഉണ്ടായത് ക്രിസ്തുവർഷം 705 മുതൽ 715 വരെ സിറിയയിലെ ദമാസ്കസ് തലസ്ഥാനമായി ഭരണം നടത്തിയിരുന്ന ഉമവി വംശത്തിലെ ഖലീഫാ വാലിദ് ഒന്നാമന്റെ കാലത്തായിരുന്നു. അദ്ദേഹത്തിലൂടെ എ.ഡി. 711 ൽ സ്പെയിൻ - പോർട്ടുഗൽ പ്രദേശങ്ങളിൽ മുസ്ലിം സ്വാധീനം ഉറപ്പിക്കപ്പെട്ടു.

ഈ അധിനിവേശത്തിന് ഒരു ചരിത്രപശ്ചാത്തലമുണ്ട്. നൂറ്റാണ്ടുകളായി തങ്ങൾ ക്രിസ്തീയ ഭരണാധികാരികളുടെ കിരാതഭരണത്തിൻ കീഴിൽ അനുഭവിച്ചുകൊണ്ടിരുന്ന യാതനകളിൽ നിന്നുള്ള മോചനമെന്ന നിലയിൽ, ഉത്തരാഫ്രിക്കയിൽ അന്നു നിലവിലിരുന്ന ഇസ്ലാമിക ഭരണത്തിനു സമാനമായ ഒരു നേതൃത്വം തങ്ങൾക്കും ലഭ്യമാവട്ടെയെന്നു കരുതി, യൂറോപ്യൻ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ തന്നെ, മുസ്ലിം ആധിപത്യത്തിനു കളമൊരുക്കിക്കൊടുക്കുകയും അവരെ സ്വാഗതം ചെയ്യുകയുമാണുണ്ടായത്. അങ്ങിനെയാണ് ക്രിസ്തീയ സ്പെയ്നിൽ മുസ്ലിംകൾ പ്രവേശിച്ചത്.

മധ്യകാലഘട്ടം തുടങ്ങും വരെ, അതായത് ക്രിസ്താബ്ദം 711 വരെ മുസ്ലിം സാന്നിദ്ധ്യമോ ഇസ്ലാമിക സംസ്കാരമോ നിലവില്ലാതിരുന്ന ഒരു ഭൂഖണ്ഡത്തിലാണ് 1492 വരെയുള്ള നീണ്ട 800 വർഷക്കാലം ശക്തമായ ഒരു ഇസ്ലാമിക ഭരണകൂടം നിലവിൽ വന്നത്. മധ്യകാലഘട്ടത്തിലെ മുസ്ലിംകളുമായി താരതമ്യം ചെയ്യുമ്പോൾ, അന്നത്തെ ക്രിസ്തീയ യൂറോപ്പും ജനങ്ങളും അജ്ഞരും ദരിദ്രരുമായിരുന്നു. ഭരണകൂടങ്ങൾ ജനങ്ങളെ സേവിച്ചില്ല. സ്പെയിനിലെ അന്നത്തെ ഭരണാധികാരി, ക്രിസ്ത്യൻ വംശജനായ റൊഡ്രിക്കായിരുന്നു. അയാളുടേത് ഭീകരമായ ഒരു മർദ്ദകഭരണമായിരു

ന്നു. റൊഡ്രിക്കിന്റെ ഭരണത്തിൽ പ്രജകളാകെ പൊറുതിമുട്ടി. അവർ സംഘടിച്ചു. ജനങ്ങൾ തങ്ങളുടെ പ്രതിനിധിയായി ഒരാളെ കണ്ടെത്തി, ജൂലിയൻ. ജൂലിയന്റെ അഭ്യർത്ഥന മാനിച്ച് ഖലീഫ വാലിദ് ഒന്നാമന്റെ അനുവാദത്തോടെ ഉത്തരാഫ്രിക്കയിലെ ഗവർണറായിരുന്ന മൂസാ ഇബ്നു നുബൈർ തന്റെ സേനാനായകൻ താരിഖ് ഇബ്നു സിയാദിന്റെ നേതൃത്വത്തിൽ ഏഴായിരം പേരടങ്ങുന്ന ഒരു സൈന്യത്തെ ജിബ്രാൾട്ടർ കടലിടുക്കു വഴി സ്പെയിനിലെത്തിച്ചു.

ഇത് ക്രിസ്തുവർഷം 711 സെപ്റ്റംബറിലായിരുന്നു. റൊഡ്രിക്കിനെ പരാജയപ്പെടുത്തി താരിഖ് ഇബ്നു സിയാദ്, സ്പെയ്നിൽ ഇസ്‌ലാമിക ഭരണത്തിനു തറക്കല്ലിട്ടു. സ്പെയിനിലൂടെ അന്നാരംഭിച്ച ആ ജൈത്രയാത്ര യൂറോപ്പിലൊട്ടാകെ പടർന്നു കയറുകയായിരുന്നു. സ്പാനിഷ് ജനതയാകട്ടെ, തങ്ങളുടെ നിലവിലുള്ള ക്രിസ്തീയ ഭരണനേതൃത്വത്തിൽ മനംമടുത്ത് വിദേശ മുസ്‌ലിംകളെ യൂറോപ്യൻ മണ്ണിലേയ്ക്ക് ഹർഷാരവത്തോടെ വരവേറ്റു. ഇസ്‌ലാമിക ഭരണത്തിൻകീഴിൽ നിരവധി സമീപപ്രദേശങ്ങളും സ്പെയ്നിനോടു കൂട്ടിച്ചേർക്കപ്പെട്ടു. സാമൂഹികമായും സാംസ്കാരികമായും തകർന്നടിഞ്ഞു കിടന്നിരുന്ന സ്പെയ്ൻ ജനതയെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള വിപുലമായ മുന്നേറ്റമാണ് പിന്നീട് സ്പെയ്നിൽ ദൃശ്യമാകുന്നത്. സാമൂഹിക സമത്വം, മതസഹിഷ്ണുത, അടിമകളുടെ മോചനം, കാർഷിക-വാണിജ്യ മേഖലകളിലെ പരിഷ്കാരങ്ങൾ ഇവയിലൂടെ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഭൗതികനേട്ടങ്ങളുടെയും പുതിയ മേഖലകളിലേയ്ക്ക് മുസ്‌ലിം സ്പെയ്ൻ അതിവേഗം മുന്നേറാൻ തുടങ്ങി.

മുസ്‌ലിം സ്പെയ്ൻ നിരവധി മതപണ്ഡിതന്മാരെ ലോകത്തിനു സംഭാവന ചെയ്തിട്ടുണ്ട്. ഇബ്നുഹസം, ഇബ്നു അബ്ദുൽ ബർദ്, ഇബ്നു അറബി തുടങ്ങിയവരാണവർ. തത്വചിന്താരംഗത്തും പലരും നേട്ടം കൈവരിച്ചു. ഇബ്നു റഷ്ദ്, ഇബ്നു തുഫൈൽ തുടങ്ങിയ തത്വചിന്തകന്മാർ ഉണ്ടായപ്പോൾ, സഹ്റാവി, ഇബ്നു സഹീർ ശാഹീ തുടങ്ങിയ ശാസ്ത്രജ്ഞന്മാരും ഖത്തീബ്, ഇബ്നു ഖാൽതൂൻ, ഇബ്നു അബ്ദുറബ്ബിഹ് എന്നീ ചരിത്രകാരന്മാരും സ്പെയിനിൽ പ്രസിദ്ധരായി. ഇബ്നു സൈദ്, ഇബ്നു അമ്മാർ എന്നിവർ പ്രസിദ്ധ കവിശ്രേഷ്ഠന്മാരായിരുന്നു. ഭൂമിശാസ്ത്ര വിജ്ഞാനത്തിൽ ഇബ്നു ഇദ്‌രിസ് പ്രശസ്തനായപ്പോൾ വൈദ്യശാസ്ത്രരംഗത്ത് ഇബ്നുസിനാ പേരെടുത്തു. ഇങ്ങിനെ വിജ്ഞാനത്തിന്റെ നാനാമേഖലകളിൽ നിറഞ്ഞുനിന്നിരുന്ന അനശ്വര പ്രതിഭകൾക്കു ജന്മമേകാൻ മുസ്‌ലിം സ്പെയിനിനോളം ഭാഗ്യം സിദ്ധിച്ച ഒരു രാജ്യം ലോകചരിത്രത്തിൽ തന്നെ അപൂർവ്വമാണ്.

അത്യപൂർവ്വമായ പല കണ്ടുപിടുത്തങ്ങളും സ്പെയ്നിലെ ശാസ്ത്രജ്ഞന്മാരിലൂടെ അക്കാലത്തുണ്ടായിട്ടുണ്ട്. അവയിലൊന്നു പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അത് വിമാനനിർമ്മാണമാണ്. 1900 കളിലാണ് അമേരിക്കയിലെ റൈറ്റ് സഹോദരന്മാർ ലോകത്ത് ആദ്യമായി വിമാനം പറപ്പിച്ചത്. എന്നാൽ, അതിന് അഞ്ചു നൂറ്റാണ്ടുമുമ്പ്, മുസ്‌ലിം ശാസ്ത്രജ്ഞൻ ഒരു ആകാശവിമാനം നിർമ്മിക്കുകയുണ്ടായി. അദ്ദേഹം നിർമ്മിച്ച വിമാനം അൽപ്പദൂരം പറന്നിട്ട് താഴേയ്ക്കു വീണുപോവുകയായിരുന്നു. ഇതൊരു ചരിത്രസത്യമാണ്. ആധുനിക പാശ്ചാത്യലോകം മൂടിവച്ച ഒരു സത്യം. പൂർവ്വ സ്പെയ്നിൽ നിന്നും കടത്തിയ ഈ സാങ്കേതിക വിദ്യ തന്നെയാണോ റൈറ്റ് സഹോദരന്മാർക്കു മാർഗ്ഗദർശകമായി അവർ പരീക്ഷണ വിമാനം പറപ്പിച്ചത് എന്നത് അജ്ഞാതം. ഫർനാസ് എന്ന ഇതേ ശാസ്ത്രപ്രതിഭ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഉൾക്കൊള്ളുന്ന ഒരു കൃത്രിമ ആകാശവും നിർമ്മിച്ചുവത്രെ. അതാവാം ഒരു പക്ഷേ ലോകത്തെ ഏറ്റവും ആദ്യത്തെ ഒബ്സർവേറ്ററി. അക്കാലത്ത് ജീവിച്ചിരുന്ന മറ്റൊരു ശാസ്ത്രജ്ഞനായ 'ഇബ്നു അവാം' കാർഷികരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചു. വരണ്ടുണങ്ങി മരുഭൂമി സമാനമായ ഊഷര പ്രദേശങ്ങൾ കൃഷിയ്ക്കുപയുക്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് അദ്ദേഹം പുരാതന സ്പെയ്നിനു സംഭാവന ചെയ്തത്. എല്ലാതരം ധാന്യങ്ങളും പഴവർഗ്ഗങ്ങളും , പരുത്തി ചണം തുടങ്ങിയ വ്യവസായിക വിളവുകളും അക്കാലത്ത് സ്പെയ്നിൽ വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്നു.

ജോർജ്ജ് ഡാർട്ടർ എന്ന പാശ്ചാത്യചരിത്രകാരൻ തന്റെ ലോകവൈജ്ഞാനിക ചരിത്രഗ്രന്ഥത്തിൽ മധ്യകാല ഇസ്‌ലാമിക ചരിത്രം വിവരിച്ചുകൊണ്ട് പറയുന്നു.

"മധ്യകാലത്ത് ലോകത്തിന് ഏറ്റവും മഹത്തായ സംഭാവനകളർപ്പിച്ചത് മുസ്‌ലിംകളത്രെ. ഇക്കാലത്ത് ലത്തീൻഭാഷയിലും സുപ്രധാന നിരവധി കൃതികൾ രചിക്കപ്പെട്ടിട്ടുണ്ടെന്നതു ശരിയാണ്. അതുപോലെ ഗ്രീക്ക്, സിറിയൻ, പേർഷ്യൻ, സംസ്കൃതം, ചൈനീസ്, ജാപ്പനീസ് ഭാഷകളിലും കുറേ പ്രധാന കൃതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഏറ്റവും വിലപ്പെട്ടതും മഹത്തരവും പ്രയോജനകരവുമായ കൃതികൾ രചിക്കപ്പെട്ടത് അറബിയിലത്രെ. എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ

## ധീരത

മനുഷ്യരെ, ശത്രുക്കളുമായി കണ്ടുമുട്ടുവാൻ നിങ്ങൾ കൊതിക്കരുത്. ആരോഗ്യത്തോടെ ജീവിക്കുവാൻ ഉതവി നൽകേണ്ടതിന് അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊള്ളുക. വല്ലപ്പോഴും ശത്രുക്കളോട് ഏറ്റുമുട്ടേണ്ടി വന്നാലോ എല്ലാ വിഷമങ്ങളും സഹിച്ചുകൊ ണ്ട് പോരാടികൊള്ളുക.

***മുഹമ്മദ് നബി (സ)***

പതിനൊന്നാം നൂറ്റാണ്ടുവരെ അറബിഭാഷ മനുഷ്യരാശിയുടെ പുരോഗ മനോന്മുഖ വൈജ്ഞാനിക ഭാഷയായിരുന്നു. ഈ കാലഘട്ടത്തിൽ ഏതു വിഷയത്തിലും നവീനജ്ഞാനം തേടുന്ന ഒരു വ്യക്തിക്ക് അറബിഭാഷ പഠിക്കേണ്ടിവന്നിരുന്നു; ഇന്ന് വൈജ്ഞാനിക പുരോഗതി കാംക്ഷിക്കുന്നവർക്ക് ഏതെങ്കിലും പാശ്ചാത്യഭാഷ, പ്രത്യേകിച്ച് ഇംഗ്ലീഷ് പഠിക്കുകയെന്നത് അനിവാര്യമായതുപോലെ."

ഇന്നത്തെ ആധുനിക യൂറോപ്യൻ നഗരങ്ങളെ അനുസ്മരിപ്പിക്കുംവിധം മെച്ചപ്പെട്ടവയായിരുന്നു മധ്യകാലയുഗത്തിലെ മുസ്‌ലിംകളുടെ സംരക്ഷണയിൽ വികാസം പ്രാപിച്ച സ്പെയിനിലെ കൊർദോവ നഗരം. വികാസഘട്ടത്തിൽ അവിടത്തെ ജനസംഖ്യ 15 ലക്ഷമായിരുന്നു. പട്ടണത്തിന് 42 കി. മീറ്റർ നീളവും 11 കിലോമീറ്റർ വീതിയുമുണ്ടായിരുന്നു. സാധാരണ വീടുകളുടെ എണ്ണം നഗരത്തിൽ രണ്ടു ലക്ഷമായിരുന്നെങ്കിൽ, അരമനകളുടെയും ബംഗ്ലാവുകളുടെയും സംഖ്യ 60,000ത്തിനു മേൽ ആയിരുന്നു. 80,000 വ്യാപാരശാലകളും 3800 പള്ളികളും നഗരത്തിലുണ്ടായിരുന്നു. റോഡുകൾ വീതിയും, ഉറപ്പും വെടിപ്പുമുള്ളവയായിരുന്നു. മലിനജലമൊഴുകാനുള്ള കനാലുകളും നാൽക്കവലകളിൽ ജലധാരകളും വഴിവിളക്കുകളും സ്ഥാപിക്കപ്പെട്ടിരുന്നു. ലോകത്തിന്റെ ബുദ്ധികേന്ദ്രമായിരുന്നു അന്ന് ഈ കൊർദോവ നഗരം.

കൊർദോവയ്ക്ക് സമാനമായി അന്നുണ്ടായിരുന്നത് ചരിത്രപ്രസിദ്ധ നഗരമായ ബാഗ്ദാദ് മാത്രമായിരുന്നു.

യൂറോപ്പിൽ അന്ന് ഏതാനും പുരോഹിതന്മാരും പ്രഭുക്കളും ഒഴികെ മറ്റാർക്കും എഴുത്തും വായനയും വശമില്ലായിരുന്നു. എന്നാൽ സ്പെയിനിലെ മുസ്‌ലിംകൾ മുഴുവൻ വിദ്യാസമ്പന്നരായിരുന്നു. അക്കാലത്ത് ഫ്രഞ്ച് രാജാവിന്റെ ശേഖരത്തിൽ 600 പുസ്തകങ്ങൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ ആയിരക്കണക്കിനു ഗ്രന്ഥങ്ങളുള്ള സ്വകാര്യ ലൈബ്രറികൾ ഉണ്ടായിരുന്ന മുസ്‌ലിം വ്യക്തികൾ സ്പെയിനിലുണ്ടായിരുന്നു. രാജകീയ ഗ്രന്ഥശേഖരണത്തിൽ മാത്രം, അച്ചടിയും കടലാസ്സ് നിർമ്മാണവും അപൂർവ്വമായിരുന്ന ആ സമയത്തുപോലും നാലു ലക്ഷത്തോളം പുസ്തകങ്ങളുണ്ടായിരുന്നു.

ആധുനികകാലത്തെപ്പോലെ അച്ചടിവിദ്യ സുപരിചിതമല്ലാതിരുന്ന അക്കാലത്ത് കൈയ്യെഴുത്തു രീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ പുസ്തകരചന പ്രയാസവും ചെലവേറിയതുമായിരുന്നു. കൊർദോവയിൽ മാത്രം 20,000 പേർ പുസ്തകവ്യാപാരത്തിൽ ഏർപ്പെട്ടിരുന്നുവത്രെ.

പുസ്തകനിർമ്മാണത്തിനാവശ്യമായ കടലാസ്സ് നിർമ്മാണത്തിന്റെ കുത്തകയും അന്ന് സ്പെയ്ൻ നിലനിർത്തി. സ്പെയിനിലെ റോമാ ഉൾകടൽത്തീരത്തെ ശാത്തിബ നഗരം കടലാസ്സു നിർമ്മാണത്തിനു പ്രസിദ്ധമായിരുന്നു.

വിജ്ഞാന സമ്പാദനത്തിന് സ്പെയിനിലെത്തിയ ക്രിസ്തീയ പണ്ഡിതന്മാരിലൂടെയാണ് പിൽക്കാലത്ത് കടലാസ്സ് നിർമ്മാണവും ഒപ്പം ഗ്രന്ഥ വിജ്ഞാനവും ഫ്രാൻസ്, ഇറ്റലി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചത്.

അറബി പ്രാർത്ഥനകളോടുള്ള അമിത താല്പര്യം അവ യൂറോപ്യൻ ഭാഷകളിലേക്ക് വിവർ ത്തനം ചെയ്യാൻ പ്രേരകമായി. ഇതിനായി ധാരാളം യൂറോപ്യൻ ക്രിസ്തീയ പണ്ഡിതന്മാർ ഒത്തുകൂടി. അക്കാലത്തെ യൂറോപ്യൻ വൈജ്ഞാനികഭാഷയായ ലാറ്റിനിലേയ്ക്കായിരുന്നു പ്രധാനമായും വിവർത്തനങ്ങൾ നടന്നിരുന്നത്. രണ്ടു നൂറ്റാണ്ടോളം തുടർച്ചയായി നടന്ന ഈ പ്രക്രിയയിലെ വിവർത്തകരിൽ പ്രശസ്തരാണ്, ഇറ്റലിക്കാരനായ ജൂറാർഡ് ക്രാമുനി (1114-1187), എഡ്‌ലാർഡ് ഓഫ് ബാത്ത്, മൈക്ക്ൾ സ്കോട്ട് (1175-1234) തുടങ്ങിയവർ. ഇവരുടെ വിവർത്തന ഗ്രന്ഥങ്ങളിലൂടെ ശാസ്ത്രവും കലകളും യൂറോപ്പിൽ പ്രചരിച്ചു. ഇബ്നു റശ്ദിന്റെയും ഇബ്നു സീനയുടെയും വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ മൂന്ന് നൂറ്റാണ്ടുകാലം യൂറോപ്യൻ കലാലയങ്ങളിൽ പഠിപ്പിക്കപ്പെട്ടിരുന്നു എന്നതു തന്നെ ഈ സ്വാധീനത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്നു. അക്കാലത്ത് പൊതുവെ അന്ധവിശ്വാസികളായിരുന്നു യൂറോപ്യൻ സമൂഹം. ഗണിതം, വൈദ്യം, പ്രകൃതിശാസ്ത്രം, ഇവ ആഭിചാരങ്ങളായാണ് അവർ കരുതിയിരുന്നത്. അറബികളിൽ നിന്ന് വിജ്ഞാനം നേടിയ റോഗർ ബേക്കർ (1214-1234) അവ യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തു എന്ന സൽക്കർമ്മം ചെയ്തതിന് ശിക്ഷിക്കപ്പെടുക പോലും ചെയ്തു; പത്തുകൊല്ലത്തെ ജയിൽവാസം.

സ്പെയിനിനടുത്ത സിസിലി ദ്വീപായിരുന്നു ഇസ്‌ലാമിക സംസ്കാരത്തിന്റെ മറ്റൊരു യൂറോപ്യൻ കേന്ദ്രം -ഇവിടെ രണ്ടര നൂറ്റാണ്ടോളം (831-1090) ഇസ്‌ലാമിക സാന്നിദ്ധ്യം നിറഞ്ഞുനിന്നു. ഉത്തരാഫ്രിക്കൻ വംശജരായ നോർമൻ ക്രൈസ്തവരായിരുന്നു ഇവിടത്തെ ഭൂരിപക്ഷജനതയെങ്കിലും നോർമൻ രാജാക്കന്മാരുടെ ദർബാറുകളിൽ ഇസ്‌ലാമിക സ്വാധീനം വളരെ കാലം നീണ്ടുനിന്നു. റോഗർ രണ്ടാമൻ (1101-1154) മുസ്‌ലിംകളോട് ഉദാരസമീപനം പുലർത്തിയിരുന്ന രാജാവാണ്. അദ്ദേഹം മുസ്‌ലിമാണെന്നുപോലും ധരിച്ചവരുണ്ടായിരുന്നു. പ്രസിദ്ധ മുസ്‌ലിം ഭൂമിശാസ്ത്രജ്ഞനായ ഇബ്നു ഇദ്‌രീസിയെ നോർമൻ രാജാവ് ആഫ്രിക്കയിൽ നിന്നും ക്ഷണിച്ചുവരുത്തി ലോകത്തിന്റെ ഭൂമിശാസ്ത്രത്തെപ്പറ്റി ഒരു ഗ്രന്ഥം രചിപ്പിക്കുകയും ഒരു ഭൂരേഖാചിത്രം തയ്യാറാക്കിക്കുകയുമുണ്ടായി. ആധുനിക യുഗാരംഭത്തിനു മുമ്പുള്ള ഏറ്റവും ആധികാരിക ലോകഭൂപടം അതായിരുന്നുവെന്നു വിലയിരുത്തപ്പെടുന്നു. ഇദ്‌രീസിയുടെ ഗ്രന്ഥം

യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തത് വഴിയാണ് പാശ്ചാത്യർ ഏഷ്യൻ, ആഫ്രിക്കൻ ഭൂഖണ്ഡങ്ങളെക്കുറിച്ചു മനസ്സിലാക്കിയതുതന്നെ. അന്നത്തെ ക്രൈസ്തവ വനിതകൾ പർദ്ദയും മൂടുപടവും അണിയാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അത് ഇസ്ലാമിന്റെ അന്തസ്സും സ്വാധീനവുമാണു വിളിച്ചറിയിക്കുന്നത്.

ഇവയൊക്കെ കൂടാതെ സാമ്പത്തികമായ കപ്പൽ യാത്രകൾക്ക് മാർഗ്ഗദർശിയാവാൻ കഴിയുംവിധം കടൽപ്പാതകളെക്കുറിച്ച് അവഗാഢമായ അറിവ് അന്ന് മുസ്ലിംകൾക്കുണ്ടായിരുന്നു. ആധുനിക ലോകത്തിന്റെ ഗതിവിഗതികൾ മാറ്റിമറിച്ച പോർത്തുഗീസുകാരനായ വാസ്കോഡിഗാമയുടെ കടൽവഴിയുള്ള ഇന്ത്യൻ സഞ്ചാരമാർഗ്ഗം കാട്ടിക്കൊടുത്തത് ഒമാൻകാരനും ഒരു മുസ്ലിം വ്യാപാരിയുമായ ശിഹാബുദ്ദിൻ അഹ്മദ് ബിൻ മജീദ് എന്നയാളായിരുന്നു. അറ്റ്ലാന്റിക് മഹാസമുദ്രം പിന്നിട്ട് ആഫ്രിക്കൻ വൻകരയുടെ മുനമ്പിലെത്തിയ ഗാമ, വഴിമുട്ടി, നിരാശനായി യാത്ര ഉപേക്ഷിച്ച് തിരികെ മടങ്ങാൻ തയ്യാറെടുക്കുകയായിരുന്നു. അപ്പോഴാണ് ശിഹാബുദ്ദീനെ കണ്ടുമുട്ടുന്നത്. തുടർന്ന് ശിഹാബുദ്ദീൻ കാട്ടിക്കൊടുത്ത വഴിയേ ഗാമ കോഴിക്കോടു എത്തി കപ്പലിറങ്ങുകയായിരുന്നു. മേൽ സൂചിപ്പിച്ച വഴികാട്ടിയും മറ്റ് അറബികളും നിരന്തരമായി വന്നുകൊണ്ടിരുന്ന ഒരു സ്ഥിരം കടൽപ്പാതയാണിത്. ഒരിക്കലും ഇതൊരു പുതിയ കണ്ടുപിടുത്തമായിരുന്നില്ല. എന്നാൽ 1498 മെയ് 12 ന് വാസ്കോഡിഗാമ കോഴിക്കോട് കപ്പലിറങ്ങിയത് ഒരു വൻകണ്ടുപിടുത്തമായിട്ടാണ് പാശ്ചാത്യർ വ്യാഖ്യാനിച്ചത്.

കേരള വിനോദസഞ്ചാരവകുപ്പ് ശിഹാബുദ്ദീനോടു അൽപ്പം നീതി കാട്ടിയെന്നു പറയാതെ വയ്യ. കാപ്പാട് തീരത്ത് കേരള ടൂറിസ്റ്റ് വകുപ്പ് സ്ഥാപിച്ച ഒരു ടൂറിസ്റ്റ് റിസോർട്ടിന് ശിഹാബുദ്ദീൻ അഹ്മദിന്റെ പേരു നൽകിയാണ് നമ്മുടെ സർക്കാർ അദ്ദേഹത്തെ ആദരിച്ചത്. ഈ വഴികാട്ടിയായ മുസ്ലിം കച്ചവടക്കാരനെ കണ്ടുമുട്ടാനുള്ള ഭാഗ്യം ഗാമയ്ക്കുണ്ടായിരുന്നില്ല എങ്കിൽ, വാസ്കോഡിഗാമയുടെ യാത്രാചരിത്രം പാതിവഴിക്ക് ഉപേക്ഷിക്കേണ്ടിവന്ന് വിസ്മൃതമായൊരു അദ്ധ്യായമാകുമായിരുന്നു. ഇതേ വാസ്കോഡിഗാമയുടെ പിൻഗാമികളുടെ നേതൃത്വത്തിൽ പിൽക്കാലത്ത് മുസ്ലിംക ൾക്കു നേരെ മലബാറിൽ അരങ്ങേറിയ ക്രൂരമായ നരനായാട്ടിന്റെ മനശാസ്ത്രം 1492 വരെ സ്പെയിൻ - പോർട്ടുഗൽ പ്രദേശങ്ങളിലെ മുസ്ലിംകൾക്കു നേരെ നടന്ന ഉന്മൂല പ്രക്രിയയുടെ പ്രതീകാത്മകമായ പ്രകടനമാകാനേ വഴിയുള്ളൂ.

പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യദശയോടെ സ്പെയ്നിലെ ഇസ്ലാമിക സ്വാധീനം അസ്തമിക്കാൻ തുടങ്ങി. സ്പെയ്നിൽ ശേഷിച്ചിരുന്ന മുസ്ലിംകളുടെ അവസാന അഭയകേന്ദ്രമായിരുന്ന ഗ്രനഡയുടെ തകർച്ചയോടെ 1942 ൽ മുസ്ലിം തകർച്ച പൂർണ്ണമാക്കപ്പെട്ടു. ഗ്രാനഡ കൈവശപ്പെടുത്തിയ ക്രൈസ്തവർ മുസ്ലിംകൾക്കുനേരെ കടുത്ത ആക്രമണങ്ങൾ അഴിച്ചുവിട്ടു. അറബിഭാഷ സംസാരിക്കുന്നതും പഠിക്കുന്നതും കുറ്റകരമാക്കി. ക്രിസ്തുമതം സ്വീകരിക്കാൻ അധികാരികൾ ജനങ്ങളെ നിർബന്ധിച്ചു. വിസമ്മതിച്ച ആയിരങ്ങളെ ജീവനോടെ ചുട്ടെരിച്ചു. ലക്ഷക്കണക്കിനു മുസ്ലിംകൾ പുറത്താക്കപ്പെട്ടു. ഒട്ടേറെപ്പേർ സ്വയം രാജ്യംവിട്ടുപോയി. നാടുവിട്ടവർ ഏകദേശം മൂന്നുലക്ഷത്തോളമായിരുന്നു. പലർക്കും ജീവഭയം കാരണം ക്രിസ്തുമതം സ്വീകരിക്കേണ്ട അവസ്ഥയും കൈവന്നു.

1511-ൽ സ്പെയ്നിലെ ക്രൈസ്തവ ഭരണകൂടം അറബിഗ്രന്ഥങ്ങൾ മുഴുവൻ അഗ്നിരക്കയാക്കാൻ ഉത്തരവിട്ടു. ലക്ഷക്കണക്കിനു ഗ്രന്ഥങ്ങൾ കത്തി വെണ്ണീറായി. ഗ്രനഡ നഗരത്തിൽ മാത്രം ചുട്ടെരിക്കപ്പെട്ടത് എൺപതിനായിരം ഗ്രന്ഥങ്ങളാണ് കത്തിക്കപ്പെടാതെ അവശേഷിച്ചവ സ്പെയ്നിലെ എസ്കോറിയാൽ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ട്. അവശേഷിച്ചവയിലൂടെയാണ് ആധുനിക ലോകത്തിന്റെ പിൽക്കാല നേട്ടങ്ങൾ യൂറോപ്യൻമാർ കൊയ്തെടുത്തത്. അഗ്നിക്കിരയാക്കപ്പെട്ടവകൂടി നിലനിന്നിരുന്നെങ്കിൽ വിജ്ഞാനവിസ്ഫോടനരംഗത്ത് ആധുനിക ലോകത്തിന്റെ ഗതി എന്താകുമെന്നു ഊഹിക്കാവുന്നതേയുള്ളൂ. ഒരുപക്ഷേ, അവ ബോധപൂർവ്വം അഗ്നിക്കിരയാക്കിയതു തന്നെ മധ്യകാല ഇസ്ലാമിക വിജ്ഞാനത്തിന്റെ തിരുശേഷിപ്പുകൾ പിൽക്കാല ലോകം അറിയാതിരിക്കാനാണ്. കൂടാതെ, പൂർണ്ണമായും യൂറോപ്യരിലൂടെയാണ് ആധുനികലോകം വളർച്ച പ്രാപിച്ചതെന്ന് വരുത്തിത്തീർക്കാനുള്ള തികഞ്ഞ പാശ്ചാത്യ മാനേജ്മെന്റ് ബുദ്ധി തന്നെയാവാം ഇതിന്റെ പിന്നിലെ പ്രേരക ശക്തിയും.

ഇങ്ങിനെ മധ്യകാലചരിത്രത്തിൽ 800 വർഷക്കാലം നിലനിന്ന സ്പെയിനിലെ ഇസ്ലാമിക സാന്നിദ്ധ്യം ഒരൊറ്റ മുസ്ലിം നാമധാരിപോലും അവശേഷിക്കാതെ പൂർണ്ണമായി തുടച്ചു നീക്കപ്പെട്ടു. മുസ്ലിം ഭരണ സാന്നിദ്ധ്യം ഓർമ്മിക്കാൻ അക്കാലത്ത് നിർമ്മിക്കപ്പെട്ട ഏതാനും മന്ദിരങ്ങൾ മാത്രമേ ഇന്നവശേഷിക്കുന്നുള്ളൂ. സ്പെയിനിലെ മുസ്ലിംകളുടെ അന്ത്യം ചരിത്രത്തിലെ തന്നെ വേദനാജകനായ ഒരു ദുരന്തമായിരുന്നു. ആ പഴയ ദുരന്തത്തിന്റെ തുടർക്കഥയാണോ അഫ്ഗാനിസ്ഥാനിലും ഇറാഖിലും, ഇതേ പാശ്ചാത്യശക്തികളുടെ പുതിയ മാനേജ്മെന്റ് രസതന്ത്രത്തിലൂടെ അരങ്ങേറുന്ന ചതിവുകളെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പുതിയ മുസ്ലിം ലോകം യഥാസമയം ഈ വഞ്ചന കണ്ടറിഞ്ഞില്ലെങ്കിൽ, മറ്റൊരു സ്പെയിൻ ദുരന്തം അറബിനാടുകളിൽ ആവർത്തിക്കുമെന്നതിനു സംശയമില്ല. അതുണ്ടാവാതിരിക്കാനായി നമുക്കു പ്രാർത്ഥിക്കാം.

*(ആശയത്തിനും റഫറൻസിനും, കേരള വാഴ്സിറ്റി ഇസ്ലാമിക ചരിത്ര പഠന വകുപ്പു മേധാവി ഡോക്ടർ എസ്. ഷറഫുദ്ദീനോട് നന്ദിപൂർവ്വം കടപ്പാട്. ലേഖകന്റെ Mobile No. 9895180441)*

## ലേഖനം

# ഇസ്‌ലാമും ക്രിസ്തുമതവും – ഒരു താരതമ്യപഠനം

**മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്**

**ക്രിസ്തുസഭയുടെ മുക്തിശാസ്ത്രം യുക്തിപരമോ ദൈവമഹത്വത്തിന് യോജിച്ചതോ അല്ല. ക്രിസ്തുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ഇസ്‌ലാം മതവുമായി താദാത്മ്യം പ്രാപിക്കുന്നതാണെന്ന് ബൈബിൾ തന്നെ സാക്ഷ്യം വഹിക്കുന്നു.**

**ലോ**കത്ത് കാണപ്പെടുന്ന എല്ലാ മതങ്ങളുടെയും ഉദ്ദേശ്യലക്ഷ്യം മനുഷ്യനെ മോക്ഷപ്രാപ്തിക്കർഹനാക്കുകയും ദൈവസാമീപ്യത്തിന്നു പാത്രീഭൂതനാക്കുകയുമാണ്. ലോകത്ത് അവതീർണ്ണരായ എല്ലാ പ്രവാചകന്മാരും തങ്ങളുടെ സമുദായത്തിന്ന് ഈ ലക്ഷ്യം നേടിക്കൊടുക്കേണം എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് അഹോരാത്രം തീവ്രയത്നം ചെയ്തിരുന്നത്. ദൈവവിശ്വാസം, സൽക്കർമ്മങ്ങൾ, പാപമോചനം, സർവ്വോപരി ദൈവാനുഗ്രഹം എന്നീ കാര്യങ്ങളായിരുന്നു അവർ മോക്ഷപ്രാപ്തിക്കുള്ള നിദാനങ്ങളായി പ്രബോധിച്ചിരുന്നത്.

എന്നാൽ ഇതിൽ നിന്നും വിഭിന്നമായി മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തതും പ്രമാണങ്ങൾക്കും ദൈവിക സിദ്ധാന്തങ്ങൾക്കും പാടെ വിരുദ്ധമായതും ആയ ഒരത്ഭുതസിദ്ധാന്തമാണ് ആധുനിക ക്രിസ്തുമതം സ്വീകരിക്കുകയും പ്രബോധിക്കുകയും ചെയ്യുന്നത്. അതായത് മനുഷ്യനായ ആദം ഒരു പാപം ചെയ്ത കാരണത്താൽ അദ്ദേഹത്തിന്നുശേഷം ജനിക്കുന്ന ഓരോ ശിശുവും ജന്മനാ പാപിയായിട്ടാണു ജന്മമെടുക്കുന്നത്. മനുഷ്യകുലത്തെ ഈ ആജന്മപാപത്തിൽ നിന്നും രക്ഷപ്പെടുത്തുവാനായി ദൈവം അയ്യായിരം വർഷക്കാലം ചിന്തിച്ചതിന്നുശേഷം ഈ ആജന്മപാപത്തിനും ഒരു പരിഹാരം കണ്ടെത്തി. അതായത് തന്റെ ഏകപുത്രനായ യേശുവിനെ ഭൂമിയിൽ മനുഷ്യരൂപത്തിലയച്ച് മുഴുമനുഷ്യസമൂഹത്തിന്റെയും പാപഭാരം നിരപരാധിയായ ആ ശുദ്ധ മനസ്ക്കന്റെ തലയിലേറ്റി വെച്ച് അദ്ദേഹത്തെ കുരിശിലേറ്റി തറച്ചുകൊല്ലുക എന്നതായിരുന്നു ആ പാപപരിഹാരം. അങ്ങനെ യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുന്നവർക്കു പാപവിമോചനവും മോക്ഷവും ലഭിക്കുന്നതാണ്. എന്നാൽ ഈ അബദ്ധവിശ്വാസത്തെ ബൈബിൾ തന്നെ വ്യാജപ്പെടുത്തുന്നു. അതായത് പാപം ഒരാൾ (ആദം) ചെയ്യുകയും ശിക്ഷ മറ്റൊരാൾ (യേശു) അനുഭവിക്കുകയും ചെയ്യുന്നു. ന്യായരഹിതമായ തീരുമാനത്തെ ബൈബിൾ തന്നെ ഖണ്ഡിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു.

അത് പറയുന്നത് കാണുക:

“പാപം ചെയ്യുന്ന ദേഹിമരിക്കും. മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട. അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും. (യെഹെസ്തേൽ 18:20,21)

ഇത്പോലുള്ള ഒരുപാടു വചനങ്ങൾ ബൈബിളിൽ കാണപ്പെടുന്നു. ഇതിൽ നിന്നും പാപം മനുഷ്യന്ന് പിന്തുടർച്ചാവകാശമായി ലഭിക്കുന്ന ഒന്നല്ല എന്ന് ഗ്രാഹ്യമാകുന്നു. വിശുദ്ധ ഖുർആനും ഇപ്രകാരം അരുൾ ചെയ്യുന്നു:

“ഓരോ ആത്മാവും അതിന്റെ സ്വന്തം ഉത്തരവാദിത്വത്തിന്മേലല്ലാതെ ഒന്നും സമ്പാദിക്കുന്നില്ല. ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല. പിന്നെ നിങ്ങളുടെ നാഥന്റെയടുക്കലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം” (6:165)

മറ്റൊരിടത്തിൽ പറയുന്നു:

"ഭാരം വഹിക്കുന്ന ഒരാത്മാവും മറ്റൊന്നിന്റെ ഭാരം വഹിക്കുകയില്ല. ഭാരം നിമിത്തം ഞെരുങ്ങിയിരിക്കുന്ന ഒരാത്മാവ് അതിന്റെ ഭാരം വഹിക്കുവാനായി (മറ്റൊന്നിനെ) വിളിക്കുന്നതായാൽ അതിൽ നിന്നു ഒട്ടും തന്നെ വഹിക്കപ്പെടുകയില്ല. ആ വിളിക്കപ്പെടുന്ന ആൾ അടുത്ത ബന്ധുവായാലും ശരി." (35:19)

യുക്തിക്കും പ്രമാണത്തിന്നും വിരുദ്ധമായ ഈ പരിഹാസ്യ ക്രിസ്തീയ സിദ്ധാന്തത്തിന്റെ പൊള്ളത്തരത്തെക്കുറിച്ചു ഈ ലേഖനത്തിന്റെ അവസാനത്തിൽ പ്രതിപാദിക്കപ്പെടുന്നതാണ്.

ഇനി നമുക്ക് വിശുദ്ധ ഖുർആന്റെയും ബൈബിളിന്റെയും അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ പാപപരിഹാരസിദ്ധാന്തത്തെക്കുറിച്ചും മോക്ഷപ്രാപ്തിയെക്കുറിച്ചുമുള്ള രണ്ടു മതങ്ങളുടെയും അടിസ്ഥാനതത്വങ്ങളെക്കുറിച്ചു അല്പം വിശകലനം ചെയ്യാം.

മോക്ഷവും പാപങ്ങളിൽ നിന്ന് രക്ഷയും ലഭിക്കുന്നതിന്ന് വിശ്വാസവും സൽക്കർമ്മങ്ങളും അനിവാര്യഘടകമാണെന്ന് ബൈബിൾ ഉൽഘോഷിക്കുന്നു.

ബൈബിൾ പുതിയ നിയമം പറയുന്നു:

"ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്." (യോഹന്നാൻ 6:47)

"സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുകമോ?" (യാക്കോബ് 2:14)

"യേശു അവനോടു "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നു പറഞ്ഞു. (ലൂക്കോസ് 18:42)

"വിശുദ്ധന്ന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവീൻ. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കുവീൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ. (പത്രോസ് എഴുതിയ ഒന്നാം ലേഖനം 1:15, 16)

വിശുദ്ധ ഖുർആനും ധാരാളം സ്ഥലങ്ങളിൽ മോക്ഷപ്രാപ്തിക്ക് വിശ്വാസവും സൽക്കർമ്മങ്ങളും അടിസ്ഥാനപരമായ നിദാനങ്ങളാണെന്നു പറയുന്നു. അതായത്:

സത്യവിശ്വാസികളും സൽകർമ്മികളുമായവരെ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങൾ ഉണ്ട്. (2:26)

സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരൊഴികെ മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ് (103:3, 4)

മോക്ഷപ്രാപ്തിക്കായി സത്യവിശ്വാസവും സൽക്കർമ്മങ്ങളും ആവശ്യമായിരിക്കുന്നത്പോലെ എല്ലാവിധ പാപകർമ്മങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും വിട്ടുനിൽക്കേണമെന്നും യേശു പറയുന്നു. അതായത്:

"തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ വിജയിപ്പിക്കുന്നു." (റോമൻ 12:21)

വിശുദ്ധ ഖുർആനും അരുൾ ചെയ്യുന്നത് ഇതുതന്നെയാണ്. തീർച്ചയായും സൽക്കർമ്മങ്ങൾ ദുഷ്ക്കർമ്മങ്ങളെ അകറ്റിക്കളയുന്നു. (11:115)

യേശുക്രിസ്തു വീണ്ടും പറയുന്നു:

"ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ. അവൻ ദോഷം വിട്ടകന്ന് ഗുണം ചെയ്യുകയും സമാധാനം അന്വേഷിച്ച് പിന്തുടരുകയും ചെയ്യട്ടെ. കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു. എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു. (1 പത്രോസ് 3:10)

"ഇനി മനുഷ്യരുടെ മോഹങ്ങൾ അല്ല, ദൈവത്തിന്റെ ഇഷ്ടത്തിന്ന് ജീവിക്കേണ്ടതിന്ന് പാപം വിട്ടൊഴിഞ്ഞിരിക്കുന്നു. കാമാർത്തികളിലും മോഹങ്ങളിലും വീഞ്ഞു കുടിയിലും വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനകളിലും നടന്നു ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി." (1 പത്രോസ് 4:2,3)

നിങ്ങളുടെ പാപങ്ങൾ മായിച്ചു കളയുവാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്ക് തിരിയുവിൻ (അപ്പൊ: 3:19)

ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു:

"പശ്ചാത്തപിച്ച് മടങ്ങുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. വല്ലവരും പശ്ചാത്തപിച്ച് മടങ്ങുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും അവൻ യഥാർത്ഥത്തിൽ അല്ലാഹുവിങ്കലേക്ക് പരിപൂർണ്ണമായി മടങ്ങുകയാണു ചെയ്യുന്നത്." (25:71, 72)

വിശുദ്ധ ഖുർആൻ ഒരുപാടു സ്ഥലങ്ങളിൽ ദുഷ്ക്കർമ്മങ്ങളിൽ നിന്നു വിട്ടുനിൽക്കേണ്ടുന്ന ആവശ്യകതയെപ്പറ്റി ഊന്നിയൂന്നിപ്പറയുന്നു. പരിഹാസം, ദുർധാരണ, ഏഷണി, പരദൂഷണം, വ്യാജം, ചാരവൃത്തി, അസൂയ, വിദ്വേഷം, വൈരാഗ്യം, കോപം എന്നീ പല ദുഷ്ക്കർമ്മങ്ങളെയും ദുഷിച്ച വിചാരവികാരങ്ങളെയും പറ്റി വിവരിച്ചുകൊണ്ട് അവയിൽ നിന്നെല്ലാം വിട്ടുനിൽക്കേണമെന്ന് വിശുദ്ധ ഖുർആൻ വിവിധ അദ്ധ്യായങ്ങളിൽ വിവരിക്കുന്നു.

ആ പുണ്യഗ്രന്ഥം മറ്റൊരിടത്ത് അരുൾ ചെയ്യുന്നു.:

"വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും, പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽ പെട്ട നീച കൃത്യങ്ങളാണ്. അതിനാൽ

നിങ്ങൾ അവ വർജ്ജിക്കുക, നിങ്ങൾ വിജയികളാകുന്നതിന്നുവേണ്ടി. തീർച്ചയായും പിശാചു ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർ ക്കേണമെന്നും അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നമസ്കാരങ്ങളിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ ഇവയിൽ നിന്നെല്ലാം വിരമിക്കുന്നുണ്ടോ?" (5:91, 92)

ചുരുക്കത്തിൽ സത്യവിശ്വാസം, സൽക്കർമ്മങ്ങൾ, പാപകർമ്മങ്ങളിൽ നിന്നും വിട്ടുനിൽക്കൽ എന്നിവ മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളായി വിശുദ്ധ ഖുർആനും ക്രിസ്തീയ വേദഗ്രന്ഥങ്ങളായി സമാഹരിക്കപ്പെട്ട ബൈബിളും അനുശാസിക്കുന്നു.

എന്നുമാത്രമല്ല, സർവ്വോപരി, ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം മോക്ഷപ്രാപ്തിക്കുള്ള നിദാനമാണെന്ന് ഖുർആനും ബൈബിളും പറയുന്നു.

ബൈബിളിലെ പുതിയ നിയമം പറയുന്നതാണിത്:

''രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും എന്ന് ശിഷ്യർ ചോദിച്ചതന്ന് യേശു അവരെ നോക്കി. അതു മനുഷ്യർക്ക് അസാധ്യമെങ്കിലും ദൈവത്തിന്ന് സകലവും സാധ്യം എന്നു പറഞ്ഞു" (മത്തായി 19:25, 26)

മറ്റൊരു സ്ഥലത്തു പറയുന്നു:

"എനിക്ക് കരുണ തോന്നേണമെന്നുള്ളവനോട് കരുണ തോന്നുകയും, എനിക്ക് കനിവ് തോന്നേണമെന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും എന്ന് അവൻ (ദൈവം) മോശെയോടു അരുളി ചെയ്യുന്നു. അതുകൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രെ സകലവും സാധിക്കുന്നത്... അങ്ങനെ തനിക്ക് മനസ്സുള്ളവനോടു അവന്നു കരുണ തോന്നുന്നു. അതിന് മറ്റുള്ളവരെ അവൻ കഠിനനാക്കുന്നു" (റോമർ 9:15-18)

"കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്" (എഫെസ്യർ 2:5)

വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നതും ഇതുതന്നെയാണ്. അതായത്, അവൻ ഇച്ഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നു. അവൻ ഇച്ഛിക്കുന്നവർക്ക് ശിക്ഷ നൽകുന്നു. അല്ലാഹു സർവ്വശക്തനാണ് (2:285)

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവർക്ക് അവൻ തന്റെ അനുഗ്രഹത്തിൽ നിന്നും പ്രതിഫലം നൽകുന്നു. അവിശ്വാസികളെ അവൻ സ്നേഹിക്കുന്നില്ല (30:46)

ചുരുക്കത്തിൽ വിശ്വാസവും സൽക്കർമ്മവും അല്ലാഹുവിന്റെ അനുഗ്രഹത്തെയും അവന്റെ കാരുണ്യത്തെയും ആകർഷിക്കുന്ന നിമിത്തങ്ങളാകുന്നു.

യഥാർത്ഥത്തിലുള്ള പാപപരിഹാരസിദ്ധാന്തമാണ് വിശുദ്ധ ഖുർആനും ബൈബിളും പ്രബോധിക്കുന്നത്. അങ്ങനെയല്ലാതെ ഒരാൾ പാപം ചെയ്യുകയും നിരപരാധിയായ മറ്റൊരാൾ അല്ലെങ്കിൽ മനുഷ്യകുലമൊട്ടാകെ ശിക്ഷയനുഭവിക്കുകയും ചെയ്യുക എന്നത് അങ്ങേയറ്റത്തെ ക്രൂരവും മനുഷ്യത്വരഹിതവും ആയ സിദ്ധാന്തമാണ്.

ബൈബിളിലേക്ക് തന്നെ അല്പമൊന്നു ചിന്തിക്കുകയാണെങ്കിൽ ആധുനിക ക്രിസ്തീയരുടെ പാപപരിഹാര സിദ്ധാന്തത്തിന്റെ അർത്ഥശൂന്യത വ്യക്തമാകുന്നതാണ്.

ആദാം ചെയ്ത പാപമാണല്ലോ ക്രിസ്തീയരുടെ പാപപരിഹാരസിദ്ധാന്തത്തിന്നു കാരണമായിത്തീ ർന്നിരിക്കുന്നത്. ഇതിന്റെ യാഥാർത്ഥ്യമെന്താണെന്നു ബൈബിളിന്റെ വെളിച്ചത്തിൽ ത്തന്നെ നമുക്കു നോക്കാം.

ബൈബിളിലെ ''ഉൽപത്തി'' രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഇപ്രകാരം പറയുന്നു:

യഹോവയായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി. താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. കാൺമാൻ ഭംഗിയുള്ളതും തിൻമാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു.... യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതെന്തെന്നാൽ തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെ ക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും.... യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോടു "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന്, ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോടു തോട്ടത്തിലെ വൃക്ഷത്തിന്റെ ഫലം ഞങ്ങൾക്കു തിന്നാം. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്ന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പ് സ്ത്രീയോട് "നിങ്ങൾ മരിക്കുകയില്ല, നിശ്ചയം അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിൻമാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു. ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു. അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണു തുറന്നു തങ്ങൾ നഗ്നരാണെന്നറിഞ്ഞു. (ഉൽപത്തി രണ്ടും മൂന്നും അദ്ധ്യായങ്ങൾ)

പ്രസ്തുത ഉദ്ധരണിയിൽ നിന്നും നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ശക്തി ലഭിക്കേണമെന്നും അങ്ങനെ ദൈവികഗുണങ്ങൾ തങ്ങളിലും ഉണ്ടാകേണമെന്നുമുള്ള സദുദ്ദേശ്യത്തോടുകൂടിയായിരുന്നു ആദാമും

ഹവ്വായും പ്രസ്തുത കനി ഭുജിച്ചിരുന്നതെന്നു മനസ്സിലാവുന്നു. അക്ഷന്തവ്യമായ ഒരു പാപകർമ്മമല്ലായിരുന്നു അത്. ഒരു മറവി വന്നുപോയി എന്നു വേണമെങ്കിൽ പറയാം ഇതിനെക്കുറിച്ചു വിശുദ്ധ ഖുർആൻ പറയുന്നത്. "ആദമിന്ന് നാം ഒരു കല്പന നൽകി. പക്ഷേ, അദ്ദേഹം മറന്നുപോയി. അദ്ദേഹത്തിന്നു (കല്പന ലംഘിക്കുവാൻ) മനഃപൂർവ്വം ഉദ്ദേശ്യം ഉള്ളതായി നാം കണ്ടില്ല" (20:116) എന്നാണ്.

ബൈബിളിൽ പ്രസ്തുത വചനങ്ങൾ പ്രകാരം കനി ഭുജിച്ചാൽ ഉടൻ മരിച്ചുപോകുമെന്നു ദൈവവും മരിക്കുന്നതല്ല എന്നു സാത്താനും പറഞ്ഞു. എന്നാൽ അവരിരുവരും കനി ഭുജിച്ചപ്പോൾ മരിക്കുകയുണ്ടായില്ല. ഇതിൽ നിന്നും സാത്താൻ പറഞ്ഞതാണ് ശരി, ദൈവം പറഞ്ഞത് പുലർന്നില്ല എന്നല്ലേ അനുമാനിക്കേണ്ടത്. ഇത് ശരിയാണോ?

എന്നാൽ ഒരു തെറ്റിദ്ധാരണ മൂലം ആദാമും ഹവ്വായും വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന്റെ ഫലമായി അവർക്കും അവരുടെ സന്താനങ്ങൾക്കും ലഭിച്ചിരുന്ന ശിക്ഷ എത്രമാത്രം കഠോരമാണെന്നു നോക്കുക. ഹവ്വക്കു നൽകിയ ശിക്ഷയെക്കുറിച്ചു ബൈബിൾ പറയുന്നു. സ്ത്രീയോടു അവൻ പറഞ്ഞു: ഞാൻ നിനക്കു ദുഃഖത്തെയും നിനക്കു ഗർഭധാരണത്തെയും ഏറ്റം വർദ്ധിപ്പിക്കും. നീ വ്യസനത്തോടെ പൈതങ്ങളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു കൂടെ ആകും. (ഉൽപത്തി 3:16)

ഇതിൽ നിന്നും ഹവ്വ വിലക്കപ്പെട്ട കനി ഭുജിച്ചിരുന്നില്ലായിരുന്നുവെങ്കിൽ സ്ത്രീവർഗ്ഗം ഗർഭം ധരിക്കുകയോ പ്രസവവേദന അനുഭവിക്കുകയോ ഭർത്താവിനെ സ്നേഹിക്കുകയോ ചെയ്യുകയില്ലെന്നാണല്ലോ നാം മനസ്സിലാക്കേണ്ടത്. ബുദ്ധിക്കും യുക്തിക്കും യോജിച്ച ഒരു ശിക്ഷയാണോ ഇത്? ഹവ്വായിൽ നിന്നും സംക്രമിച്ച ഈ പാപത്തിൽ നിന്നും യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുക നിമിത്തം ക്രിസ്ത്യാനി സ്ത്രീകളും പ്രസവവേദന അനുഭവിക്കുന്നതായിട്ടല്ലേ കണ്ടുവരുന്നത്? ഈ ശിക്ഷ ഇന്നും തുടർന്നുവരികയാണല്ലോ? ഇത് നീതിയും ന്യായവുമാണോ?

ഇനി ദൈവം ആദമിന്നു നൽകിയ ശിക്ഷയെപ്പറ്റി ബൈബിൾ പറയുന്നു:

"നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുസ്സു നാമെല്ലാം ദുഃഖത്തോടെ നീ അതിൽ നിന്നും ഭക്ഷിക്കും. നീ നിലത്തിൽ നിന്നു എടുക്കപ്പെടും. അതിൽ തിരികെ ചേരുവോളം നിന്റെ മുഖത്തിലെ വിയർപ്പു കൂടെ നീ ഭക്ഷിക്കും. (ഉൽപത്തി 3:17-19)

ആദം ചെയ്ത പാപം നിമിത്തമാണ് ജന്മനാ പാപികളായിത്തീർന്നത്. ആദം സന്തതികൾ ഒരു ശിക്ഷയെന്നോണം തങ്ങളുടെ ജീവിതകാലം മുഴുവനും ഭൂമിയിൽ കൃഷി ചെയ്യുകയും വിയർപ്പ് ഒലിപ്പിച്ചുകൊണ്ടു ആഹാരം തേടുകയും ചെയ്യേണ്ടി വരും എന്ന് പ്രസ്തുത വചനം പറയുന്നു. യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിച്ചിട്ടും പാപമുക്തരായ ക്രിസ്ത്യാനികൾ പ്രസ്തുത ശിക്ഷയിൽ നിന്നും ഇതുവരെ മുക്തരായിട്ടില്ലെന്നാണല്ലോ അനുഭവം വിളിച്ചോതുന്നത്.


ആദാമും ഹവ്വായും ചെയ്ത കുറ്റത്തിന്നു ദൈവം ഭൂമിയെയും ശിക്ഷിച്ചതായും ഭൂമിയെ ശപിക്കുകയും അതിൽ മുള്ളും പറക്കാരകളും മുളപ്പിക്കുകയും ചെയ്തതായും ബൈബിൾ പറയുന്നു. അവരിരുവരും വിലക്കപ്പെട്ട കനി ഭക്ഷിച്ചില്ലായിരുന്നുവെങ്കിൽ ഭൂമിയിൽ മുൾച്ചെടികളും മറ്റും ഉണ്ടാകുമായിരുന്നില്ല എന്നല്ലേ ഇതിൽ നിന്നും മനസ്സിലാകുന്നത്?

ചുരുക്കത്തിൽ ആദാമും ഹവ്വയും ചെയ്ത ഒരു കുറ്റത്തിനുള്ള ശിക്ഷ കഴിഞ്ഞ ആറായിരത്തിലധികം വർഷങ്ങളായി മനുഷ്യകുലമാകമാനം ശിക്ഷകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണോ? മനുഷ്യകുലത്തിന്റെ

*(ശേഷം 42-ാം പേജിൽ)*

Prop: C.P. Sidheeque
Ph : 9447622869, 9447924033
0492 4321780 (r)
- Job Works
- Paper Cover Printing
- Plastic Cover Printing
- Screen Print
- Wedding Letter
- Rubber Seal

METRO
PRINTERS & COVER MART
Alayan Complex, Chandappadi, Alanallur, Mannarkkad


Ph : 04931 - 279682, 278365(r)
Mob : 9446947742, 9895277420
Prop: K.P. Mohammed Asharaf
KPM K.P.M. VEGTABLES
Opp. Bus Stand, Edakkara
The Wholesale Dealer of Fressh Indian Garlic

ലേഖനം

ഈജിപ്തിലെ ഇസ്രായേൽ ജനതയുടെ വാസം:
ബൈബിളിന്റെയും ഖുർആന്റെയും സമീപനങ്ങൾ - 4.

# ഈജിപ്തിലെ മോശെ

എ.എം. മുഹമ്മദ് സലിം

**മോശെ യഹൂദനായിരുന്നില്ല എന്ന ചില യൂറോപ്യൻ പണ്ഡിതന്മാരുടെ വാദം ബൈബിളിന്റെയും ഖുർആന്റെയും പാഠങ്ങൾക്കെതിരാണ്. മോശെ ഇസ്രായേലി പ്രവാചകനാണെന്നതിന്ന് ഖുർആൻ ശക്തമായ തെളിവുകൾ നൽകുന്നു**

**ബൈ**ബിൾ ഈജിപ്തിലെ ഇസ്രായേൽ പ്രവാചകനായ യോസേഫിന്റെ കഥ വിവരിച്ചതിനുശേഷം 430 വർഷത്തിനുശേഷം ഈജിപ്തിൽ ജനിച്ച മോശെയുടെ ചരിത്രത്തിലേക്കാണ് പ്രവേശിക്കുന്നത്.

ഈജിപ്തിലേക്ക് 70 ഇസ്രായേലികളാണ് ആദ്യം പ്രവേശിച്ചത്. *'യാക്കോബിന്റെ സന്തതികൾ എല്ലാവരും കൂടി എഴുപത് പേർ ഉണ്ടായിരുന്നു. യോസേഫ് മുമ്പേ തന്നെ ഈജിപ്തിൽ ആയിരുന്നു.'* (പുറ: 1:7). ഇസ്രായേലികൾ 430 വർഷമാണ് ഈജിപ്തിൽ വസിച്ചതെന്ന് ബൈബിൾ പറയുന്നു. *'ഇസ്രയേൽ ജനം ഈജിപ്തിൽ കഴിച്ചുകൂട്ടിയ കാലം നാന്നൂറ്റി മുപ്പത് വർഷക്കാലം ആയിരുന്നു',* (പുറ: 12:40) മറ്റൊരു സ്ഥലത്ത് ഈ കാലഗണനയിൽ നിന്നും വ്യത്യസ്തമായി അബ്രഹാമിന് യഹോവ നൽകിയ ഒരു അരുളപ്പാടിൽ ഇസ്രായേലികൾ ഈജിപ്തിൽ നാന്നൂറ് വർഷം മർദ്ദിക്കപ്പെടുമെന്ന് പ്രവചിക്കപ്പെട്ടതായും കാണുന്നുണ്ട്. *'അവർ അവിടെ അടിമകളായിരിക്കും നാന്നൂറുവർഷം മർദ്ദിക്കപ്പെടും'* (ഉൽ: 15:13). എന്തായാലും 70 പേരായി ഈജിപ്തിൽ പ്രവേശിച്ച ഇസ്രയേലികൾ 4 നൂറ്റാണ്ടുകൾക്ക് ശേഷം കാലാൾ ഭടന്മാർ തന്നെ ആറുലക്ഷമായി വർദ്ധിച്ചതായി ബൈബിൾ പറയുന്നു. *'അപ്പോൾ മോശെ പറഞ്ഞു: 'എന്റെ കൂടെയുള്ള കാലാളിന്റെ സംഖ്യ ആറുലക്ഷം'* (സംഖ്യ 11:210). മറ്റൊരുസ്ഥലത്ത് *'ഇരുപത് വയസ്സു മുതൽ മേൽപോട്ടു പ്രായമുള്ളവരുമായി എണ്ണപ്പെട്ട പുരുഷന്മാർ ആറുലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റമ്പത്'* (സംഖ്യ 1:46) എന്നു കാണാം. കൗതുകരമായ സംഗതി 430 വർഷക്കാല ത്തിനുള്ളിൽ നാലു തലമുറകൾ കൊണ്ടാണ് ഈ വമ്പിച്ച ജനസംഖ്യാ സ്ഫോടനം സംഭവിച്ചത് എന്നാണ് ബൈബിൾ പറയുന്നത്. പുറപ്പാട് 14 മുതൽ 26 വരെയുള്ള വംശാവലി പട്ടിക പരിശോധിച്ചാൽ യാക്കോബി ന്റെ നാലാം തലമുറയിലാണ് മോശെ ജനിച്ചതെന്ന് കാണാം. ഉൽപത്തി 15:16യിലും ഈജിപ്ത് പ്രവേശനത്തിന് ശേഷം നാലാം തലമുറയിലാണ് പുറപ്പാട് സംഭവിച്ചതെന്ന് കാണാം. അതായത് ഈജിപ്തിൽ പ്രവേശിച്ച 70 ഇസ്രായേല്യർ 430 വർഷം കൊണ്ട് നാലാം തലമുറക്കാലത്ത് ആറുലക്ഷത്തിലധികമായി പെരുകി എന്ന് കാണുന്നു. ഈ വസ്തുതകളിലെ പൂർവ്വാപരവൈരുദ്ധ്യങ്ങളെപ്പറ്റിയും യുക്തിയെപ്പറ്റിയും ബൈബിൾ പണ്ഡിതന്മാർക്കിടയിൽ തന്നെ ധാരാളം അഭിപ്രായ വ്യത്യാസങ്ങളുണ്ട്.

ഇനി നമുക്ക് മോശെയുടെ ചരിത്രത്തിലേക്ക് വരാം. പുരാതന ഈജിപ്തിലെ ഗോഷനിലെ ഒരു ലേവ്യ (പുരോഹിത) കുടുംബത്തിലാണ് മോശെ ജനിച്ചത്. *'ലേവ്യരുടെ കുടുംബങ്ങൾ അമ്റാം തന്റെ പിതൃസഹോദരി യോകെ ബെദിനെ വിവാഹം ചെയ്തു. അയാൾക്ക് അവളിൽ അഹറോനം മോശെയും പിറന്നു.* (പുറ:6:20) മോശെ എന്ന ഹീബ്രു വാക്കിന്റെ ഗ്രീക്ക് ഉച്ചാരണമാണ് മോസസ്സ് (Moses). മോശെയെപ്പറ്റി ബൈബിളിനു പുറമെ യഹൂദചരിത്രകാരന്മാരായ ജോസഫസും, ഫിലോയും യുസേബിയസും രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ കൗതുകകരമാണ്. അവയിൽ ചിലത് ഇപ്രകാരമാണ് മോശെയെ നദിയിൽ നിന്നും കണ്ടെടുത്ത ഫറോവയുടെ പുത്രിയുടെ പേർ തർമുതിസ് എന്നാണ്. ഈജിപ്ഷ്യൻ സ്ത്രീകൾ മുലകൊടുത്താൽ മോശെ കുടിക്കുമായിരുന്നില്ല. രാജകുമാരി ഒരിക്കൽ ഫറവോയുടെ കിരീടം

ശിശുവിന്റെ തലയിൽ വെച്ചു. മോശെ അത് തട്ടി താഴെ ഇട്ടു ചവിട്ടിക്കളഞ്ഞു. എത്യോപ്യക്കെതിരെ ഈജിപ്ത് നടത്തിയ ഒരു യുദ്ധം മോശെയാണ് നയിച്ചത്. വിജയശ്രീലാളിതനായ മോശെ ഏത്യോപ്യൻ രാജാവിന്റെ മകൾ തർബിസ് രാജകുമാരിയെ വിവാഹം കഴിച്ചു. മോശെ വിവാഹം കഴിച്ച ഈ എത്യോപ്യൻ സത്രീയെക്കുറിച്ച് ബൈബിൾ സംഖ്യ 12:1 ലും പരാമർശം കാണാം. മോശെയുടെ ഈജിപ്ഷ്യൻ പേര് ഒസാർസിഫ്. ജന്മസ്ഥലം ഹിലിയപോലീസ്. ഈജിപ്ത്, ഗ്രീസ്, അസീറിയ, കൽദായനാട് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. മോശെയുടെ അന്ത്യം മേഘത്തിൽ മറഞ്ഞിട്ടായിരുന്നുവെന്നും അവരുടെ വിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രി. മു. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച മറ്റേതോ പുരോഹിതൻ ഒരു ചരിത്രകാരൻ കൂടിയായിരുന്നു. അദ്ദേഹം പറയുന്നത് ഒസാർസിഫ് എന്ന മോശെയുടെ നേതൃത്വത്തിൽ കലാപം നടത്തിയത് ഈജിപ്തിന്റെ ഉത്തരാതിർത്തിയിൽ പാർത്തിരുന്ന കുഷ്ഠരോഗികളും മറ്റും ആയിരുന്നു എന്നായിരുന്നു. അവരെ അമിനോഫിഡ് എന്ന ഫറോവ സിറിയയിലേക്ക് നാടുകടത്തിക്കുകയാണുണ്ടായത്. ഇങ്ങനെ ഐതിഹ്യവും ചരിത്രവും തിരിച്ചറിയപ്പെടാത്ത രീതിയിൽ മോശെയെപ്പറ്റി പല പ്രതിപാദനങ്ങളും മറ്റു പല ഗ്രന്ഥങ്ങളിലും കാണുന്നുണ്ട്.

ബൈബിളിനും ഖുർആനും വിരുദ്ധമായി മോശെ ഇസ്രായേലി വംശജനായിരുന്നില്ലെന്നും ഒരു ഈജിപ്ഷ്യൻ രാജകുമാരനായ അദ്ദേഹത്തിന്റെ ചരിത്രം യഹൂദവത്ക്കരിക്കുകയാണുണ്ടായതെന്നും നിരവധി പാശ്ചാത്യ ചരിത്രകാരന്മാർ കരുതുന്നു. ലോകപ്രശസ്തനായ മനശാസ്ത്ര വിശകലന വിദഗ്ധനും യഹൂദമത പണ്ഡിതനും യഹൂദനുമായ സിഗ്മണ്ട് ഫ്രോയിഡ് ഈ വീക്ഷണഗതിയിൽ എഴുതിയ പ്രശസ്തമായ ഗ്രന്ഥമാണ് 'Moses and Monotheism'. ഈ വാദം സ്ഥാപിക്കാൻ അദ്ദേഹം പല തെളിവുകളും ഉന്നയിക്കുന്നുണ്ട്.

മോശെക്കും നൂറ്റാണ്ടുകൾക്ക് മുമ്പേ യഹൂദമതാചാരപ്രകാരം അബ്രഹാമിൽ നിന്നും ദൈവം വാങ്ങിയ ഉടമ്പടിയിൽ പറഞ്ഞ അനുഷ്ഠാനമാണ് പരിഛേദനയേൽക്കൽ (ചേലാകർമ്മം) ഉല്പത്തി : 17ൽ അത് വിവരിക്കുന്നുണ്ട്. നിയമദാതാവായി യഹൂദികൾ കരുതുന്ന മോശെക്കും എത്രയോ മുമ്പേ യഹൂദികൾക്കിടയിലുള്ള അതിപുരാതനമായ ഒരു മതാചാരമാണ് പരിഛേദനയേൽക്കൽ. ആൺ കുട്ടി ജനിച്ചാൽ 8-ാം നാളിൽ യഹൂദികൾ ആ കർമം നിർവ്വഹിക്കുന്നു. മോശെ യഹൂദനല്ല എന്ന് സ്ഥാപിക്കാൻ, ഈജിപ്ഷ്യൻ കൊട്ടാരത്തിൽ പാർത്ത അദ്ദേഹം പരിഛേദനയേറ്റിട്ടില്ല എന്ന് വാദിക്കുന്നവരുണ്ട്. സ്വന്തം പുത്രന് പരിഛേദന കർമ്മം നിർവ്വഹിക്കാത്തതിന്റെ പേരിൽ ദൈവം മോശെയെ വധിക്കാൻ ശ്രമിച്ച ഒരു സംഭവം ബൈബിളിൽ വിവരിച്ചത് ചില പണ്ഡിതന്മാർ ഉദ്ധരിക്കാറുണ്ട്. ബൈബിൾ വിവരണം ഇപ്രകാരമാണ്. *'ഈജിപ്തിലേക്കുള്ള യാത്രാമദ്ധ്യേ ഒരു വഴിത്താവളത്തിൽ വച്ചു കർത്താവു മോശെയെ വധിക്കാൻ ഭാവിച്ചു. അപ്പോൾ സിപ്പോറാ (മോശെയുടെ ഭാര്യ) ഒരു കൽചീൾ എടുത്തു തന്റെ പുത്രന്റെ അഗ്രചർമ്മം മുറിച്ച് അത് മോശെയുടെ പാദത്തിൽ തൊടുവിച്ചുകൊണ്ടുപറഞ്ഞു: നീ എനിക്കും രക്ത മണവാളൻ ആകുന്നു! അപ്പോൾ അവൻ മോശെയെ വിട്ടൊഴിഞ്ഞു. പരിഛേദനം നിമിത്തം 'നീ ഒരു രക്തമണവാളൻ ആണ്' എന്ന് അവൾ പറഞ്ഞത് അപ്പോൾ ആയിരുന്നു (പുറപ്പാട് : 4:24-26)*

ഏറ്റവും പ്രധാനപ്പെട്ട ഒരു യഹൂദാചാരം മറന്നുപോയ മോശെ യഹൂദവംശജനായിരുന്നില്ല എന്നാണ് ഫ്രോയിഡിനേപ്പോലെയുള്ള പണ്ഡിതന്മാരുടെ നിഗമനം. വാസ്തവത്തിൽ സംഭവബഹുലമായിരുന്നു മോശെയുടെ ജീവിതം. ഈജിപ്തിൽ വെച്ച് അബദ്ധവശാൽ ഒരു കൊലപാതകം നടത്തി. മിദിയനിലേക്ക് ഓടിപ്പോവുകയും അവിടെ പ്രവാസജീവിതത്തിനിടയിൽ വിവാഹം കഴിക്കുകയും പുത്രനുണ്ടാകുകയും വീണ്ടും ഈജിപ്തിലേക്ക് മടങ്ങേണ്ടി വരികയും ചെയ്യുമ്പോഴാണ് പ്രസ്തുത സംഭവം. ഇതിനിടക്ക് പുത്രന് പരിഛേദന യേൽക്കാൻ മറന്നുപോകുകയോ അവസരം ഒത്തുചേരാത്തതിനാൽ നിർവ്വഹിക്കാൻ കഴിയുകയോ ഉണ്ടായില്ല എന്നു വേണം കരുതാൻ. ഇക്കാര്യം ദർശനരൂപത്തിലോ മറ്റോ ദൈവം മോശെയെ ഓർമ്മപ്പെടുത്തിയതായിരിക്കാം പ്രസ്തുത സംഭവം- അല്ലാതെ പരിഛേദന കർമ്മത്തെപ്പറ്റി മോശെ അറിയാത്തത് കൊണ്ടോ, അദ്ദേഹം യഹൂദി അല്ലാത്തതുകൊണ്ടോ ആയിരിക്കാൻ സാധ്യതയില്ല. മാത്രമല്ല യവന സ്വാധീനത്തിന്റെ നാളുകളിൽ യഹൂദികൾ തന്നെ പരിഛേദന ഉപേക്ഷിച്ചതായി കാണാം. മർദ്ദകനായ സിറിയൻ സെലൂസിസ് രാജാവ് അന്തിയാക്കസ് എപ്പിഫനാസിന്റെ കാലത്ത് (ക്രി.മു. 174-164) യഹൂദികൾക്ക് പരിഛേദനം നിഷേധിച്ചിരുന്നതായും നമുക്ക് കാണാം. അടിമജീവിതം നയിച്ചിരുന്ന പരിമിതമായ സാഹചര്യങ്ങളിൽ യഹൂദികൾ പരിഛേദനയേൽക്കാത്തത് ഇസ്രായേലിയല്ലാത്തതുകൊണ്ടാണെന്ന വാദത്തോട് യോജിക്കാനാവില്ല.

മോശെക്ക് ഒരു നൂറ്റാണ്ട് മുമ്പേ ഈജിപ്ത് ഭരിച്ചിരുന്ന അഖിനേതൻ ഫറോവയുടെ ഏകദൈവവിശ്വാസം അഖിനേതന്റെ പിൻഗാമിയായ ഈജിപ്ഷ്യൻ ഭരണാധികാരി എന്ന നിലക്ക് പുനരുജ്ജീവിപ്പിക്കുകയാണ് മോശെ ചെയ്തതെന്ന് മോശെ യഹൂദനല്ല എന്ന് വാദിക്കുന്നവർ ഉന്നയിക്കുന്നു. 17 വർഷം ഈജിപ്ത് ഭരിച്ചിട്ടും അഖിനേതന്റെ ഏകദൈവസിദ്ധാന്തം ഈജിപ്തിൽ പരാജയമായിരുന്നു. അഖിനേതനെ കൊട്ടാരവിപ്ലവത്തിലൂടെ വധിക്കുകയും അതിനുശേഷം ഈജിപ്തുകാർ വീണ്ടും പ്രാകൃതമതത്തിലേക്ക് തിരിച്ചുപോവുകയും ചെയ്തു. ഈജിപ്തുകാർ നിരാകരിച്ച ആ ഏകദൈവത്തിലുള്ള വിശ്വാസം പിൽക്കാല ഈജിപ്ഷ്യൻ രാജകുമാ

രനായ മോസസ് പുനരുജ്ജീവിപ്പിക്കുകയായിരുന്നുവെന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്. ഈജിപ്തുകാർ തന്റെ ദൗത്യം നിരാകരിച്ചപ്പോൾ അന്ന് ഈജിപ്തിൽ അടിമകളായിരുന്ന ഇസ്രായേലികളിൽ മോശെ ഈ വിശ്വാസം പ്രചരിപ്പിക്കുകയും പകരം അവർക്ക് മോചനം വാഗ്ദാനം ചെയ്യുകയും ചെയ്തു, അങ്ങനെ മോശെ സ്വയം ഇസ്രായേലിയനായി മാറുകയായിരുന്നുവെന്നാണ് ഫോയിഡിന്റേയും കൂട്ടരുടേയും വാദം. മാത്രമല്ല മോശെക്കുണ്ടായിരുന്ന സംസാരവൈകല്യം (Speech defect) അദ്ദേഹം ഇസ്രായേലുകാരനല്ലാത്തതിനാലുള്ള ഹീബ്രുഭാഷാപരിജ്ഞാനത്തിന്റെ കുറവാണ് സൂചിപ്പിക്കുന്നതെന്നും യഹൂദികളുമായി സംവദിക്കാൻ വേണ്ടി ഹീബ്രുഭാഷ പരിജ്ഞാനമുള്ള, ഹാറൂനെ സഹായിയാക്കിയത് ഈ സെമിറ്റിക്കേതര പാരമ്പര്യം കൊണ്ടാണെന്നും ഫ്രോയിഡ് വാദിക്കുന്നു.

ഇത് വസ്തുതാപരമായി തെറ്റാണെന്ന് കാണാം. കാരണം മോശെ ഫറോവയോടു സംസാരിക്കാൻ പോവാൻ ദൈവകല്പനയുണ്ടായപ്പോഴാണ് സംസാരവൈകല്യത്തിന്റെ പ്രശ്നം ഉന്നയിക്കുന്നത് ഇക്കാര്യം ഖുർആൻ 20:28ലും 26:14ലും, ബൈബിൾ പുറപ്പാട് 4:10ലും വിവരിക്കുന്നുണ്ട്. അപ്പോൾ ഹീബ്രുവല്ല ഈ ജിപ്ഷ്യൻ ഭാഷ സംസാരിക്കാനാണ് മോശെക്ക് പ്രയാസകരമെന്നും വാദിക്കാമല്ലോ. വാസ്തവത്തിൽ അദ്ദേഹത്തിന് ഒഴുക്കോടെ സംസാരിക്കാനുള്ള സംസാരപ്രകടന വൈകല്യമായിരിക്കാം ഉണ്ടായിരുന്നത് അല്ലാതെ ഹിബ്രുഭാഷാ വൈകല്യമല്ല.

മോശെ യഹൂദനല്ല എന്ന് സ്ഥാപിക്കാൻ ഫ്രോയിഡും കൂട്ടരും ബൈബിൾ തന്നെ അടിസ്ഥാനമാക്കി ഉന്നയിക്കുന്ന മറ്റൊരു തെളിവ് മോശെയുടെനാമം സംബന്ധിച്ചുള്ളതാണ്. 'മോശെ' എന്ന പേര് ഒരു ഈജിപ് ഷ്യൻ നാമമാണെന്നാണ് അവരുടെ വാദം.

ഈജിപ്ഷ്യൻ നാമങ്ങളായ റംസീസ് (Ra-mose) തുത്മോസ് (Thot-mose) എന്നിവയിലെ മോസ് (Mose)ന് ഈജിപ്ഷ്യൻ ഭാഷയിൽ 'കുട്ടി' എന്നാണ് അർത്ഥം. ഇംഗ്ലീഷുകാർ ജോൺസൺ (Johnson) എന്ന് എഴുതുന്നത് പോലെ റംസീസിന് റാമയുടെ മകൻ എന്നാണർത്ഥം. അതുപോലെയുള്ള ഈജിപ്ഷ്യൻ നാമമായിരിക്കും മോസസിന്റേതെന്നാണ് അവരുടെ വാദം. മോശെയുടെ ജനനാനന്തര സംഭവത്തെപ്പറ്റിയും നാമകരണത്തെപ്പറ്റിയുമുള്ള ബൈബിൾ വിവരണം എന്താണെന്ന് നോക്കാം.

'ഇക്കാലത്ത് ലേവി വംശത്തിലെ ഒരാൾ അതേവംശത്തിലെ ഒരു സ്ത്രീയെ ഭാര്യയായി സ്വീകരിച്ചു. അവർ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിച്ചു. ആ ശിശു ഓമനത്തം ഉള്ളവൻ എന്നു കണ്ടപ്പോൾ അവൾ അവനെ മൂന്നുമാസം ഒളിച്ചുവച്ചു ഇനിയും ഒളിപ്പിക്കുക അസാധ്യം എന്നു കണ്ടു. അവൾ ഞാങ്ങണകൊണ്ടുള്ള ഒരു പെട്ടിയെടുത്ത് അതിൽ പശയും കീലും തേച്ചു. അവൾ അവനെ അതിൽ കിടത്തി നദീതിരത്തു ഞാങ്ങണകൾക്കിടയിൽ വച്ചു. അനന്തരം അവന്റെ സഹോദരി അവന് എന്തു സംഭവിക്കാം എന്നറിയാൻ ദൂരെ നോ ക്കി നിന്നു. അപ്പോൾ ഫറവോന്റെ പുത്രി നദിയിൽ കുളിക്കാൻ എത്തി. അവളുടെ തോഴിമാർ നദീതീരത്തു കൂടി നടന്നു. ഞാങ്ങണകൾക്കിടയിൽ ഒരു പെട്ടി കണ്ട രാജകുമാരി അത് എടുത്തുകൊണ്ട് വരാൻ തോഴിയെ അയച്ചു. പെട്ടി തുറന്നപ്പോൾ അവൾ ആ ശിശുവിനെ കണ്ടു. അതാ ആ ശിശു കരയുന്നു. അവൾ മനസ്സലിഞ്ഞു പറഞ്ഞു: 'ഇത് ഒരു എബ്രായക്കുട്ടിയാണ്. അപ്പോൾ ആ കുട്ടിയുടെ സഹോദരി വന്നു രാജകുമാരിയോടു ചോദിച്ചു: 'ഈ കുട്ടിയെ നിനക്കായി മുല കൊടുത്തു വളർത്താൻ ഒരു എബ്രായ സ്ത്രീയെ കൂട്ടിക്കൊണ്ടു വരട്ടേ? അപ്പോൾ രാജകുമാരി പറഞ്ഞു: ''പോയി കൊണ്ടുവരൂ'' അവർ പോയി കുട്ടിയുടെ അമ്മയെ തന്നെ കൂട്ടിക്കൊണ്ടുവന്നു. രാജകുമാരി ആ സ്ത്രീയോടു പറഞ്ഞു.

'ഈ കുട്ടിയെ കൊണ്ടുപോയി എനിക്ക് വേണ്ടി മുല കൊടുത്തു വളർത്തുക ഞാൻ നിനക്ക് കൂലി തരും.' അവൾ കുട്ടിയെ കൂട്ടിക്കൊണ്ടുപോയി മുലകൊടുത്തു വളർത്തി. കുട്ടി വളർന്നു. അമ്മ അവനെ രാജകുമാരിയുടെ അടുത്തുകൊണ്ടു ചെന്നു. അവൾക്ക് അവൻ പുത്രൻ ആയി. അവൾ അവനു മോശെ എന്ന് പേരിട്ടു. കാരണം അവൾ പറഞ്ഞു: 'ഞാൻ അവനെ വെള്ളത്തിൽ നിന്നും പൊക്കി എടുത്തതാണല്ലോ. (പുറ: 2:1 10)

'മോശെ' എന്നത് യഥാർത്ഥത്തിൽ ഒരു ഹീബ്രുനാമം തന്നെയാണെന്ന് ഭാഷാപണ്ഡിതന്മാർ പറയുന്നു. 'മൊശെയുടെ' ഗ്രീക്ക് രൂപമാണ് മോസസ്'. ബൈബിൾ വിവരണത്തിൽ നാമകരണത്തോടൊപ്പം തന്നെ ആ പദത്തിന്റെ നിരുക്തവും പറഞ്ഞിട്ടുണ്ട്. 'വെള്ളത്തിൽ നിന്നും പൊക്കിയെടുത്തവൻ' എന്ന നിരുക്തപരമായ, നിഷ്പത്തി. ഫ്രോയിഡ് പറയുന്നതുപോലെയല്ല, എബ്രായ കുട്ടിയാണെന്ന പൂർണ്ണ ബോദ്ധ്യത്തോടെയാണ് രാജകുമാരി കുഞ്ഞി ന് പേരിടുന്നത് എന്ന് ബൈബിൾ വിവരണത്തിൽ നിന്ന് വ്യക്തമാണ്. മോശെയുടെ യഥാർത്ഥ അമ്മയെത്തന്നെ രാജകുമാരി തിരിച്ചറിയുന്നതായി ബൈബിൾ സൂചന നൽകുന്നു.

ഹീബ്രു ഭാഷയുടേയും മാതാവും, മൂലഭാഷയുമായ അറബിഭാഷയിലും 'മൂസ' എന്ന പദത്തിന്റെ വെള്ളത്തിൽ നിന്നും എടുക്കപ്പെട്ടത് ആണെന്നാണ് ഇത് സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ The Holy Quran with English Translation and Commentry യിൽ പറയുന്നത്:

'മോസസ്' എന്നത് യഥാർത്ഥത്തിൽ ഒരു ഹീബ്രുനാമമാണ്. ഹീബ്രുവിൽ 'മോശെ' എന്നാണ് എഴുതുകയും ഉച്ചരിക്കുകയും ചെയ്യുക. അർത്ഥം 'വെള്ളത്തിൽ നിന്നും വലിച്ചെടുക്കപ്പെട്ടത്.' ലളിതമായി പറഞ്ഞാൽ 'വലിച്ചെടുക്കപ്പെട്ടത്' (A

thing drawn out) (Ency Bible). *'ഞാൻ അവനെ വെള്ളത്തിൽ നിന്നും പൊക്കി എടുത്തതാണല്ലോ'* (പുറ: 2:10) എന്ന് മോസസിന്റെ നാമത്തെക്കുറിച്ച് ഫറോവയുടെ പുത്രി പറയുന്നതിനാൽ ബൈബിൾ തന്നെ ആ നാമത്തിന്റെ അർത്ഥത്തിന്റെ പ്രത്യേകതയെ പിന്തുണക്കുന്നു. ഈ യൊരു പദനിഷ്പത്തിയുടെ പിന്തുണ അറബിഭാഷയിലും കാണാം. ഹീബ്രുഭാഷയും രൂപം കൊണ്ടത് അറബിയിൽ നിന്നാണല്ലോ. അറബികൾ 'ഔശീ ശൈഅൻ' അവൻ ഒന്നിനെ വലിച്ചെടുത്തു അല്ലെങ്കിൽ 'ബാക്കിയെടുത്തു' (അഖ്റബ്) എന്ന് പറയാറുണ്ട്. (P.114)

ബൈബിൾ പണ്ഡിതന്മാരുടെ മറ്റൊരു പഠനരീതി പത്തൊമ്പതാം നൂറ്റാണ്ടിൽ നിലവിൽ വന്ന ഡോക്യുമെന്ററി സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള പഠനരീതിയാണ്. (Doc umentary theory) വെൽഹോസൺ എന്ന പണ്ഡിതനാണ് ഈ രീതിയുടെ ഉപജ്ഞാതാവ്. ബൈബിളിലെ ശൈലിയും ഭാഷാഭേദങ്ങളും ഉപയോഗിച്ചുള്ള ചരിത്രപഠന രീതിയാണിത്. ദൈവത്തെ 'യഹോവ' യെന്നും 'എലോഹിം' എന്നും വിളിക്കുന്ന രണ്ട് സരണികൾ ബൈബിളിലുണ്ടെന്നും, ഇത് യഹൂദർക്കിടയിലെ വംശഭേദങ്ങളേയും ദേശീയ പ്രത്യേകതകളേയും കാലഘട്ടത്തേയും വ്യഞ്ജിപ്പിക്കുന്നതാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ യഹൂദചരിത്രം പുനപ്പരിശോധിക്കേണ്ടതുണ്ടെന്നും ഈ സിദ്ധാന്തം പറയുന്നു. ക്രി. മു. ഒമ്പതാം നൂറ്റാണ്ടിലെ 'യാഹ്വിസ്റ്റ്' അഥവാ 'യഹോവ' (Jehova) എന്ന് ദൈവത്തെ വിളിക്കുന്നവരുടെ ബൈബിൾ രേഖകളെ 'J' ഡോക്യുമെൻറ് എന്നും ക്രി.മു. എട്ടാംനൂറ്റാണ്ടിലെ ദൈവത്തെ 'എലോഹിം' 'Elohim' എന്ന് വിളിക്കുന്നവരുടെ ബൈബിൾ രേഖകളെ 'E' ഡോക്യുമെന്റു എന്നുമാണ് പറയുന്നത്. ഈജിപ്തിൽ മോശെയുടെ കൂടെ മാത്രമായിരുന്നില്ല യഹൂദികൾ പാർത്തിരുന്നത്. 'ഒരു വിഭാഗം യഹൂദികൾ അക്കാലത്ത് കനാൻദേശത്തു ഉണ്ടായിരുന്നുവെന്നും ഡോക്യുമെന്ററി സിദ്ധാന്ത ചരിത്രകാരന്മാർ പറയുന്നു. മോശെയുടെ പാരമ്പര്യം ദൈവത്തെ 'യഹോവ! എന്ന് വിളിക്കുന്നവരുടെ 'J' ഡോക്യുമെന്റ് പാരമ്പര്യമാണ്. ഈജിപ്തിൽ നിന്നും കനാനിലേക്ക് വന്നതിനുശേഷം 'J' ഡോക്യുമെൻറ് കനാനിലുള്ള 'E' ഡോക്യുമെൻറ് കൂടിക്കലർന്നാണ് ബൈബിൾ നിർമ്മാണമുണ്ടായത്. ഈ കൂടിച്ചേരലിനെ സൂചിപ്പിക്കുന്നത് R ഡോക്യുമെന്റുകളാണ് (Redactor = സമാഹർത്താവ്, സംശോധകൻ) പിന്നീട് ഈ സങ്കലനം കൂടുതൽ ഈടുറ്റതാക്കിയത്. ആവർത്തന പുസ്തക കാലഘട്ടത്തിലെ 'D' ഡോ ക്യുമെന്റു (Deuteronomy ക്രി.മു. 61), പൗരോഹിത്യ സ്തോത്രത്തിലെ 'P' ഡോക്യുമെന്റ് (priestly) ചേർക്കപ്പെടുകയാണുണ്ടായതെന്ന് ഈ സിദ്ധാന്തം പറയുന്നു.

(തുടരും)




ലേഖനം

# ദൈവനിയുക്തർ കഠിനമായി എതിർക്കപ്പെടുന്നതെന്ത്കൊണ്ട്?

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്

**ആഗതരാകുന്ന പ്രവാചകന്മാരെപറ്റി ആലങ്കാരികാർത്ഥത്തിലുള്ള പ്രവചനങ്ങൾ അക്ഷരാർത്ഥത്തിൽ പുലരണമെന്ന് ശഠിച്ചുകൊണ്ടാണ് ജനങ്ങൾ പ്രവാചകന്മാരെ പൂർവ്വകാലങ്ങളിൽ നിഷേധിച്ചത്.**

“ജനങ്ങളെപ്പറ്റി അഹോ കഷ്ടം! അവരുടെ അടുക്കൽ ഒരു റസൂലും വരുന്നില്ല, അവർ അദ്ദേഹത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യാത്ത അവസ്ഥയിൽ.”79

“(അല്ലയോ ജനങ്ങളേ) നിങ്ങളുടെ ആത്മാക്കൾ ഇഷ്ടപ്പെടാത്ത കാര്യവുംകൊണ്ട് നിങ്ങളുടെ അടുക്കൽ നമ്മുടെ റസൂൽ വന്നപ്പോഴെല്ലാം നിങ്ങൾ അഹങ്കാരികളാവുകയും അവരിൽ ചിലരെ നിങ്ങൾ വ്യാജപ്പെടുത്തുകയും ചിലരെ കൊല്ലാൻ ശ്രമിക്കുകയുമല്ലേ ചെയ്തിട്ടുള്ളത്?”

എല്ലാ ദൈവനിയുക്തരും ജനങ്ങളുടെ നിഷേധത്തിന്നും പരിഹാസത്തിന്നും ആക്ഷേപത്തിനും വെറുപ്പിനും ലക്ഷ്യമാവുകയെന്നത് വിശുദ്ധ ഖുർആൻ വിളിച്ചോതുകയും ചരിത്രം സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടുള്ള ഒരു പരമാർത്ഥമാണ്. എന്തെന്നാൽ, ജനങ്ങൾ അവരുടെ അഭീഷ്ടത്തിന്നും ആഗ്രഹത്തിന്നും യോജിച്ച നിലയിലല്ല ആ ദൈവനിയുക്തരെ കണ്ടെത്തുന്നത്. ജനങ്ങൾ അവരെ സംബന്ധിച്ച് മറ്റൊരു രൂപമാണ് തങ്ങളുടെ തലയിൽ വരച്ചുവെച്ചിട്ടുള്ളത്. ആ ദൈവനിയുക്തരാകട്ടെ, മറ്റൊരു രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇതിന്നുള്ള ഉദാഹരണങ്ങൾ കൊണ്ട് വിശുദ്ധ ഖുർആനും മറ്റു മതഗ്രന്ഥങ്ങളും നിറഞ്ഞു കിടക്കുകയാണ്. ഇവിടെ രണ്ടുദാഹരണങ്ങൾ മാത്രം എടുത്തു കാണിക്കാം.

ഈസാനബി, മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ യഹൂദർ അദ്ദേഹത്തെ നിഷേധിക്കുകയും അപഹസിക്കുകയും അദ്ദേഹത്തിന്റെ വാദത്തെ കഠിനമായി എതിർക്കുകയും ചെയ്തു. തങ്ങളുടെ ഗ്രന്ഥങ്ങളിൽ വരാനിരിക്കുന്ന മസീഹിനെപ്പറ്റി ചില അടയാളങ്ങൾ എഴുതപ്പെട്ടിട്ടുണ്ടെന്നും ആ അടയാളങ്ങളനുസരിച്ചല്ല അദ്ദേഹം വന്നിട്ടുള്ളതെന്നും അവർ വാദിച്ചു. ഉദാഹരണമായി, മസീഹിന്റെ ആഗമനത്തിന് മുമ്പായി ഇൽയാസ് നബി ആകാശത്തിൽ നിന്ന് ഇറങ്ങിവരുമെന്നും അതിനു ശേഷമേ മസീഹ് വരികയുള്ളുവെന്നും പഴയനിയമത്തിലെ മലാഖിയിൽ പറഞ്ഞിട്ടുള്ളതിനെ (മലാഖി നാലാം അദ്ധ്യായം 5-ാം വചനം) അവർ ചൂണ്ടിക്കാട്ടി. എന്നാൽ ഇൽയാസ് നബി ആകാശത്തുനിന്ന് വന്നിട്ടുണ്ടായിരുന്നില്ല. (മത്തായി 17, 10). അതുപോലെത്തന്നെ മസീഹ് ഒരു രാജാവായിരിക്കുമെന്നും അദ്ദേഹം മുഖേന തങ്ങൾക്ക് വമ്പിച്ച സാമ്രാജ്യം കൈവരുകയും നഷ്ടപ്പെട്ടുപോയ തങ്ങളുടെ പ്രതാപം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുമെന്നും അദ്ദേഹം ശത്രുക്കളുമായി യുദ്ധംചെയ്തു അവരെ ഉന്മൂലനം ചെയ്യുമെന്നുമുള്ള വാഗ്ദാനങ്ങളെ അവർ എടുത്തു കാണിക്കുകയും ആ കാര്യങ്ങൾ നിറവേറിയിട്ടില്ലെന്നു പറയുകയും ചെയ്തു. സുവിശേഷങ്ങൾ നോക്കുക.)

ഇതിന് ഈസാനബി എന്തു മറുപടിയാണ് നൽകിയത്? ഇൽയാസ് നബി ആകാശത്തു നിന്ന് ഇറങ്ങിവരുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ ഒരു സദൃശൻ വരുമെന്നാണെന്നും അതു വന്നുകഴിഞ്ഞ യഹ്യാനബിയാണെന്നുമായിരുന്നു അദ്ദേഹം പറഞ്ഞത്. (മത്തായി 11-14). ഭരണാധികാരത്തെ സംബന്ധിച്ചു അതു ലൗകികഭരണമല്ലെന്നും നേരെ മറിച്ച് ആദ്ധ്യാത്മിക ഭരണമാണെന്നും അദ്ദേഹം വ്യാഖ്യാനിച്ചു. പക്ഷേ, യഹൂദർ ആ വ്യാഖ്യാനങ്ങൾ സമ്മതിച്ചില്ല. അവർ ബാഹ്യാർത്ഥത്തിൽ ത്തന്നെ ശഠിച്ചുനിന്നു. അതുപോലെ, താൻ മൂസാനബിയാൽ വാഗ്ദാനം

ചെയ്യപ്പെട്ടിട്ടുള്ള അതേ പ്രവാചകനാണെന്ന് നബിതിരുമേനി(സ.അ) വാദിച്ചപ്പോഴും, ആ പ്രവാചകന്റെ അടയാളങ്ങൾ ഇന്നിന്നതാണെന്നും അവ നബിതിരുമേനിയിൽ കാണുന്നില്ലെന്നുമാണ് അഹ്‌ലുൽ കിത്താബ് പറഞ്ഞത്. ഉദാഹരണമായി, ആ പ്രവാചകൻ ബനു ഇസ്രായീലിൽ നിന്നുള്ള ആളായിരിക്കുമെന്നും എന്നാൽ നബിതിരുമേനി ബനൂഇസ്മായീലിൽ നിന്നുള്ള ആളാണെന്നും മറ്റും അവർ പറഞ്ഞു. മേൽപറഞ്ഞ സംഗതികളിൽ നിന്ന്, അടയാളങ്ങളെ സംബന്ധിച്ച തർക്കം പുതിയതല്ലെന്നും അത് പഴയതും ചുരുങ്ങിയപക്ഷം രണ്ടായിരം കൊല്ലം മുമ്പുമുതൽക്കേ നടന്നുവരുന്നതുമാണെന്നും മനസ്സിലാക്കാൻ കഴിയും. അതിനാൽ, ഈ കാര്യത്തിൽ നാം കരുതലോടുകൂടിയിരിക്കേണ്ടത് അത്യാവശ്യമാണ്. ബദ്ധപ്പെട്ട് നിഷേധത്തിലേക്ക് കുതിക്കുന്നത് ശരിയല്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഏതെങ്കിലും അടയാളങ്ങൾ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയുള്ളതല്ലെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാൻ സാധിക്കും? അതുകൊണ്ട് സൂക്ഷിച്ചുകൊള്ളുക, ജാഗരൂകരായിരിക്കുക. മതിമറന്ന അവസ്ഥയിൽ നിങ്ങൾ പരീക്ഷയിൽ അകപ്പെടുകയും പരാജയപ്പെടുകയും ചെയ്യാതിരിക്കട്ടെ. യഹൂദർക്ക് ഈ കാര്യത്തിൽ ഇടർച്ച പറ്റുകയും അവർ നിഷേധിച്ചുകൊണ്ട് ദൈവകോപത്തിന് പാത്രമാവുകയും ചെയ്തിരിക്കുന്നു. അതുപോലെ നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ നിങ്ങൾ യഹൂദരേക്കാൾ കൂടുതലായി ശിക്ഷയ്ക്ക് അർഹരായിത്തീരുന്നതാണ്. കാരണം അവരുടെ മുമ്പിൽ അവർക്കൊരു അനുഭവസാക്ഷ്യമുണ്ടായിരുന്നില്ല. നിങ്ങൾക്കാണെങ്കിൽ യഹൂദന്മാരുടെ വ്യക്തമായ അനുഭവസാ ക്ഷ്യം മുമ്പിലുണ്ട്. ഏതൊരുവൻ അനുഭവസാക്ഷ്യത്തിന്റെ വെളിച്ചമുണ്ടായിട്ടും ഇടർച്ചയ്ക്ക് വശംവദനാവുന്നുവോ അവൻ നിശ്ചയമായും കൂടുതൽ ശിക്ഷാർഹനായിത്തീരുന്നതാണ്.

വായനക്കാർ ഒരു കാര്യം കൂടി നല്ലതുപോലെ ആലോചിക്കേണ്ടതുണ്ട്. അതായത് വാഗ്ദാനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരാളെപ്പറ്റി ജനങ്ങൾ ധരിച്ചിരിക്കുന്ന എല്ലാ അടയളങ്ങൾക്കും യോജിച്ചനിലയിൽ കടുകളവ് വ്യത്യാസമില്ലാതെ അദ്ദേഹം വരുകയാണെങ്കിൽ, അദ്ദേഹത്തെ നിഷേധിക്കാൻ ആർക്കെങ്കിലും കഴിയുമെന്ന് ബുദ്ധി സമ്മതിക്കുകയില്ല. നേരെ മറിച്ച്, അദ്ദേഹത്തെ കണ്ട ഉടൻതന്നെ അതാണ് വാഗ്ദാനം ചെയ്യപ്പെട്ട ആളെന്ന് ജനങ്ങൾ തിരിച്ചറയുന്നതാണ്. ഒരാൾക്കും നിഷേധിക്കാൻ പഴുതുണ്ടാവുകയില്ല. എന്നാൽ നാം കാണുന്നതും വിശുദ്ധ ഖുർആൻ പറയുന്നതും അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട എല്ലാവരും ജനങ്ങളുടെ നിഷേധത്തിന് പാത്രമാവുമെന്നാണ്. ചരിത്രവും ഇതിന്ന് സാക്ഷ്യം വഹിക്കുന്നു. പ്രത്യേകിച്ച് മസീഹ് മൗഊദിനെ സംബന്ധിച്ച് ചില രിവായത്തുകളിൽ അദ്ദേഹം അതികഠിനമായി നിഷേധിക്കപ്പെടുന്നതാണെന്നും അദ്ദേഹം കാഫിറും മുർത്തദ്ദുമായി കരുതപ്പെടുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. (ഹുജജുൽ കിറാമഃ) ഈ സ്ഥിതിയിൽ, മസീഹ് മൗഊദും പഴയ പതിവനുസരിച്ച് ജനങ്ങൾ അവരുടെ ഹൃദയത്തിൽ വിഭാവന ചെയ്തിരിക്കുന്ന രൂപത്തിന് പൂർണ്ണമായും യോജിച്ച നിലയിലല്ലാതെയും ഇന്നിന്ന അടയാളങ്ങൾ അദ്ദേഹത്തിൽ നിറവേറിയിട്ടില്ലെന്ന് തോന്നത്തക്ക വിധത്തിലുമായിരിക്കണം പ്രത്യക്ഷപ്പെടേണ്ടതെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ വരാനിരിക്കുന്ന ആൾ ജനങ്ങൾ ധരിച്ചുവെച്ചിട്ടുള്ള എല്ലാ അടയാളങ്ങളോടുംകൂടി വരുക്കയാണെങ്കിലും അദ്ദേഹത്തിൽ കാണപ്പെടാത്ത ഒരു അടയാളവും ബാക്കിയില്ലാതിരിക്കുകയാണെങ്കിലും ജനങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുകയെന്നത് എങ്ങനെ സംഭവ്യമാകും? എന്ത്, തങ്ങൾ ധരിച്ചുവെച്ചിട്ടുള്ള എല്ലാ അടയാളങ്ങളും ഒന്നൊഴിയാതെ വ്യക്തമായി കണ്ടതിനുശേഷവും ഒരു വാദിയെ നിഷേധിക്കുവാൻ ജനങ്ങളുടെ തലയിൽ വെളിച്ചമില്ലാതായിപ്പോകുമെന്നോ?

ചുരുക്കത്തിൽ, ഒരുഭാഗത്ത്, എല്ലാ ദൈവനിയുക്തരും നിഷേധിക്കപ്പെടുന്നതാണെന്ന തത്ത്വം വിശുദ്ധ ഖുർആൻ മുഖേന ഖണ്ഡിതമായി മനസ്സിലാകുന്നു. മസീഹ് മൗഊദ് നിഷേധിക്കപ്പെടുമെന്ന് പ്രത്യേകമായി ചില രിവായത്തുകളിൽ പ്രസ്താവിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മറുഭാഗത്ത്, ഒരുവാദി ജനങ്ങളുടെ സങ്കല്പത്തിനും പ്രതീക്ഷയ്ക്കുമെതിരായ നിലയിലും അദ്ദേഹത്തിൽ ഇന്നിന്ന ലക്ഷണങ്ങൾ കാണുന്നില്ലെന്നും ഇന്നിന്ന അടയാളങ്ങൾ നിറവേറിയിട്ടില്ലെന്നും ജനങ്ങൾക്ക് പറയാൻ പഴുതുണ്ടാവുന്ന വിധത്തിലും വരുകയാണെങ്കിൽ മാത്രമേ അദ്ദേഹം നിഷേധിക്കപ്പെടാനിടയുള്ളുവെന്ന് ബുദ്ധി നമുക്ക് മനസ്സിലാക്കിത്തരുകയും ചെയ്യുന്നു. അതിനാൽ, ജനങ്ങളുടെ ചില പ്രതീക്ഷകൾക്കെതിരായ നിലയിൽ മസീഹ് മൗഊദ് പ്രത്യക്ഷപ്പെടേണ്ടത് അത്യാവശ്യമാണെന്ന് തെളിഞ്ഞു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, മസീഹ് മൗഊദിനെ സംബന്ധിച്ച് മറ്റു ചില അടയാളങ്ങളോടുകൂടിത്തന്നെ പറയപ്പെട്ടിട്ടുള്ള ഒരടയാളമാണ്, അദ്ദേഹത്തെ സംബന്ധിച്ച് ജനങ്ങൾ ധരിച്ചുവെച്ചിട്ടുള്ള ചില അടയാളങ്ങൾ അവരുടെ ധാരണയ്ക്കും അഭീഷ്ടത്തിനുമനുസരിച്ച നിലയിൽ പൂർത്തിയാവുകയില്ലെന്നുള്ളത്.

ഇതിനുംപുറമെ, മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അതായത്, സഹീഹായ ഹദീസുകളിൽ മസീഹ് മൗഊദിന്നു ഹക്കം എന്നും അദ്ൽ എന്നും പേർ നൽകപ്പെട്ടിട്ടുള്ളതായി കാണുന്നു. ഹക്കമിന്റെ അർത്ഥം അഭിപ്രായഭിന്നതകളെ സംബന്ധിച്ചു വിധി കല്പിക്കുന്ന ആൾ എന്നും അദ്ലിന്റെ അർത്ഥം നീതിപൂർവ്വം വിധി കല്പിക്കുന്ന ആൾ എന്നുമാണ്. അതിനാൽ, മുകളിൽ പറഞ്ഞതുപോലെ മസീഹ് മൗഊദിന്റെ പ്രധാന പ്രവൃത്തികളിലൊന്നു ഹക്കമാവുക,

*(ശേഷം 37-ാം പേജിൽ)*

# മതപരിത്യാഗി വധാർഹനാണോ?

ഏ.പി. കുഞ്ഞാമു

**മതസ്വാതന്ത്ര്യത്തിന് പരമമായ സ്വാതന്ത്ര്യം നൽകുന്ന ഇസ്‌ലാമിൽ മതം വിട്ടുപോകുന്നവനെ കൊല്ലുമെന്ന് പറയുന്നത് രാഷ്ട്രീയാഭിമുഖ്യമുള്ള ഭീകരവാദികളായ മുല്ലമാരാണ്.**

മതലോകത്ത് ഈ വിഷയം പിന്നേയും ഒരു ചർച്ചാവിഷയമായിരിക്കയാണ്. ഏതാണ്ട് പന്ത്രണ്ട് കൊല്ലങ്ങൾക്ക് മുമ്പു അഫ്ഗാനിസ്ഥാനിൽ നിന്നും അബ്ദുറഹ്മാൻ എന്ന ഒരാൾ ക്രിസ്തു മതം അവലംബിച്ചു നാടു വിട്ടു. പിന്നീട് അദ്ദേഹവും കുടുംബവും അഫ്ഗാനിസ്ഥാനിൽ തിരിച്ചെത്തി. അവിടെ നിന്നും അദ്ദേഹത്തെ ശരീഅത്ത് കോടതി പിടികൂടുകയും വധിക്കാൻ വിധിക്കുകയും ചെയ്തു. യാഥാസ്ഥിതിക പൗരോഹിത്വത്തിന്റെ അഭിപ്രായമാണ് ഇസ്‌ലാം മതം മാറിയവനെ വധിക്കണമെന്നത്. ഇസ്‌ലാം മതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചതിനുള്ള ശിക്ഷയാണ് അഫ്ഗാനിസ്ഥാനിൽ ഇത് നടപ്പാക്കാൻ നോക്കിയത്. പാശ്ചാത്യ ക്രിസ്ത്യൻ നാടുകളിൽ ഇതു വളരെ ഒച്ചപ്പാടുണ്ടാക്കി. പല രാഷ്ട്രത്തലവന്മാരും ഈ കാര്യത്തിൽ ഇടപെട്ട് അഫ്ഗാൻ ഭരണകർത്താക്കളോട് അദ്ദേഹത്തെ വെറുതെ വിടാൻ ആവശ്യപ്പെട്ടു. ഒടുവിൽ അമേരിക്കയിൽ നിന്നു ബുഷ് തന്നെ അഫ്ഗാൻ പ്രസിഡണ്ട് കർസായിയെ നേരിൽ വിളിച്ചുവെന്നാണ് അറിവ്. അദ്ദേഹത്തിന് മാനസികരോഗമുള്ളതുകൊണ്ട് വെറുതെവിടുകയാണെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ വധശിക്ഷ റദ്ദാക്കുകയാണുണ്ടായത്. ഈ സംഭവത്തിനുശേഷം മദ്ധ്യകാലഘട്ടത്തിൽ മുസ്‌ലിംകളോടു യുദ്ധം ചെയ്ത ഒരു രാജാവിന്റെ ചില ഉദ്ധരണികൾ ചേർത്തു കൊണ്ടു ഇസ്‌ലാം വാളാൻ പ്രചരിപ്പിച്ച മതമാണെന്ന് പോപ്പ് ബെനഡിക്ട് പതിനാറാമനും ഇസ്‌ലാമിനെ വിമർശിച്ചു. അതിനു മുമ്പുണ്ടായ കാർട്ടൂൺ വിവാദത്തിന്റെ ചൂടും പുകയും കെട്ടടങ്ങിയിട്ടുമുണ്ടായിരുന്നില്ല. ഇതെല്ലാം ചേർന്ന് മതലോകം കലുഷിതമായികൊണ്ടിരിക്കുകയാണ്.

ഈ ലേഖനത്തിൽ മതപരിത്യാഗിയെ കൊല്ലാൻ ഇസ്‌ലാമിൽ വല്ല കല്പ നയും ഉണ്ടോ എന്നു പരിശോധിക്കുകയാണ് ചെയ്യുന്നത്. കാരണം നീതിയെക്കുറിച്ചും മനുഷ്യത്വത്തേക്കുറിച്ചും മാന്യമായ സംസാകരത്തെക്കുറിച്ചും ഊന്നിപറയുന്ന നീതിമാനായ വിധികർത്താവായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന മതമാണ് ഇസ്‌ലാം. ഇസ്‌ലാമിക സന്ദേശം മറ്റുള്ളവരിൽ എത്തിക്കാൻ ഓരോ മുസ്‌ലിമും പ്രതിജ്ഞാബദ്ധരാണ്. അങ്ങിനെ പ്രചരണം നടക്കുമ്പോൾ മറ്റു മതസ്ഥർ ഇസ്‌ലാമിൽ പ്രവേശിച്ചെന്ന് വരും. അപ്പോൾ അതിന്റെ സന്തോഷം പങ്കിടുന്ന ഒരു മുസ്‌ലിം ഇസ്‌ലാമിൽ നിന്ന് ഒരാൾ ക്രിസ്തുമതത്തിലേക്ക് പോകുമ്പോൾ എന്തു കൊണ്ടു സഹിക്കുന്നില്ല? ഇസ്‌ലാമിലേക്ക് വരാമെങ്കിൽ ഇസ്‌ലാമിൽ നിന്നും പോകാനും അനുവദിക്കേണ്ടതല്ലേ എന്ന് സാമാന്യബുദ്ധി നമ്മോടു ആവശ്യപ്പെടുന്നു.

വിശുദ്ധ ഖുർആനും സത്യസന്ധരായ നിവേദകൻമാരാൽ റിപ്പോർട്ട് ചെയ്ത ഹദീസ് ഗ്രന്ഥങ്ങളും പരിശോധിച്ചാൽ മതപരിത്യാഗിക്ക് ഒരു ശിക്ഷ നൽകാനും കല്പിക്കുന്നതായി കാണാൻ സാദ്ധ്യമല്ല. ഇതെല്ലാം ഇസ്‌ലാമിന്റെ വിമർശകരായ പാശ്ചാത്യചിന്തകന്മാരുടെയും ഓറിയന്റലിസ്റ്റുകളുടേയും സൃഷ്ടിയാണോ എന്ന് ചോദിച്ചാൽ അതിനോടും പൂർണ്ണമായി യോജിക്കാൻ പറ്റില്ല. ഏതൊരു മതവും അതിന്റെ ആരംഭകാലത്ത് നീതിമാന്മാരായ പണ്ഡിതന്മാർ അതിന്റെ വക്താക്കളായിരിക്കുന്നേടത്തോളം അതിലെ തത്വശാസ്ത്രങ്ങൾ അവികലമായി തുടരും. പിന്നീട് പണ്ഡിതന്മാരെ നിയന്ത്രിക്കുന്ന ഭരണകർത്താക്കൾ വരുമ്പോൾ അവർക്ക് ആവശ്യമായ ചില ഭേദഗതികൾ ഈ പണ്ഡിന്മാരുടെ സഹായത്തോടെ മതങ്ങളിൽ പ്രവേശിച്ചതായി എല്ലാ മതങ്ങളും പരിശോധിച്ചാൽ മനസ്സിലാകും. ഭരണകർത്താക്കളുടെ വ്യാമോഹങ്ങൾ അവർ നിയമപ്രാബല്യം നൽകി നടപ്പിൽ വരുത്തിയ ചില ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം. അത്തരം സംഭവങ്ങൾ എടുത്തുകൊണ്ടാണ് ഇസ്‌ലാമിനെ വിമർശിക്കുന്നത്. പോപ്പിന്റെ വിമർശനവും അത്തരത്തിൽപ്പെട്ടത് തന്നെ. അല്ലാതെ വിശുദ്ധ ഖുർആ

നിൽ നിന്നോ തിരുഹദീസിൽ നിന്നോ ഒരു തെളിവെടുത്തു കൊണ്ടുള്ള വിമർശനങ്ങളായിരുന്നില്ല അദ്ദേഹം ആധാരമാക്കിയത്. ഇവിടെ നാം ചർച്ച ചെയ്യുന്നത മതപരിത്യാഗിയെ വധിക്കണമെന്ന കല്പന മധ്യനൂറ്റാണ്ടുകളിലെ ചില മുസ്‌ലിം ഭരണ കർത്താക്കളുടെ ഇസ്‌ലാമിക വിരുദ്ധ ആശയങ്ങളുടെ ഭാഗമാണ്. ഇവരുടെ ചെയ്തികൾ യഥാർത്ഥ ഇസ്‌ലാമെന്ന് തെറ്റിദ്ധാരണ കൊണ്ടാണ് ഇതിന് ഇത്രയും പ്രചാരം ലഭിച്ചത്.

ഇപ്പോൾ അനഹ്മദികളുടെ പക്കൽ അഹമദികൾ ഇസ്‌ലാമികവൃത്തത്തിൽ നിന്നു പുറത്തുപോയവരാണ് അവരെയും വധിക്കേണ്ടതാണെന്ന് തന്നെയാണ് ഇക്കൂട്ടരുടെ അഭിപ്രായം. ഈയുള്ളവൻ അഹ്മദിയ്യാ ജമാഅത്തിൽ അംഗമായിചേർന്നതിനു ശേഷം പല അനഹ്മദീ സു ഹൃത്തുക്കളും അതിൽ സാധാരണക്കാരും പണ്ഡിതന്മാരും ഉൾപെടും, എന്നോട് തന്നെ നേരിൽ പറഞ്ഞിട്ടുണ്ട് നിങ്ങൾ ഇസ്‌ലാമിക ഗവൺമെണ്ടിന്റെ കീഴിലാണ് ജീവിക്കുന്നതെങ്കിൽ നിങ്ങൾക്ക് വധശിക്ഷ തീർച്ചയാണ്. അപ്പോൾ ഈ വിശ്വാസം മുസ്‌ലിംകളിൽ നല്ലൊരു വിഭാഗത്തിന്റേയും വിശ്വാസമാണ്. മുസ്‌ലിംകളിൽ ജിഹാദിനെ പറ്റിയും ഒരു ഭീകര സങ്കല്പമുണ്ട്. ഇപ്പോഴും യാഥാസ്ഥിതിക ആ വിശ്വാസത്തെ താലോലിക്കുന്നുണ്ട്. മുസ്‌ലിംകളിലെ ഇത്തരത്തിലുള്ള ഉഗ്രവാദത്തിനും, തീവ്രവാദത്തിനും വഴി തെളിയിച്ചതിൽ ഈ മദ്ധ്യകാല മന സ്ഥിതിക്കാരായ പണ്ഡിതന്മാരുടെ സംഭാവനകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ)ന്റെ തൂലികയുടെ സ്പന്ദനമാണ് മുസ്‌ലിംകളുടെ ജിഹാദിനെ സംബന്ധിച്ച അനിസ്‌ലാമിക സങ്കല്പങ്ങൾക്ക് ഒരളവോളം തടയിടാൻ സാധിച്ചത്. മാത്രമല്ല അവരുടെ സങ്കല്പത്തിലെ വാഗ്ദത്ത മഹ്ദിയും, മസീഹുമൊക്കെ രക്തദാഹികളായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. അവരെ സംബന്ധിച്ചു. പ്രവചനഭാഷയിലുള്ള ആലങ്കാരികമായ ചില വിശേഷണങ്ങൾ അതേപടി പുലരുമെന്ന് അവർ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ആഗമനോദ്ദേശം തന്നെ, എല്ലാ അവിശ്വാസികളേയും കൊന്നൊടുക്കി ദൈവീകഭരണം സ്ഥാപിക്കാനാണ്. മസീഹിന്റെ നിശ്വാസത്തിൽപോലും അവിശ്വാസികൾ ചത്തു ഒടുങ്ങുമെന്നാണ് വിശ്വാസിക്കപ്പെടുന്നത്. എന്നാൽ അവർക്ക് പ്രവചിക്കപ്പെട്ട മഹ്ദി വന്നപ്പോൾ എല്ലാതരം മതയുദ്ധങ്ങൾക്കും അറുതിവരുത്തിയതായാണ് പ്രഖ്യാപിച്ചത്. കൊ ന്നൊടുക്കുന്ന മഹ്ദീമസീഹ് സങ്കല്പം മുസ്‌ലിംകളെ തീവ്രവാദങ്ങളിലേക്ക് നയിക്കാൻ പര്യാപ്തമായി. കാരണം മഹ്ദീമസീഹ് വരുമ്പോൾ അദ്ദേഹത്തെ സഹായിക്കേണ്ടവർ അതിനുള്ള ഗ്രൗണ്ട് വർക്കുകൾ നത്തുമല്ലോ. അവിശ്വാസികളെ കൊല്ലുന്നത് പുണ്യമാണെന്ന ഒരു തത്വത്തിലേക്കാണ് അത് വഴിതെളിയിക്കുന്നത്. അപ്പോൾ ഇത്തരം ദുഷ്ടലാക്കോടെ പ്രവൃത്തിക്കുന്ന സംഘടനകളുടെ തലപ്പത്തിരിക്കുന്ന പണ്ഡിതന്മാർ എളുപ്പത്തിൽ അവരുടെ ചെറുപ്പക്കാർ ക്ക് ആവേശം പകരുന്നു. ഈ മിഥ്യാവിശ്വാസങ്ങളെ പാടെ വർജ്ജിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നും വരുന്നവർ ദൈവസൃഷ്ടികളോടു വളരെ കരുണയുള്ളവരാണ്. അവരോട് അനുകമ്പ കാണിക്കാനും ആർദ്രചിത്തതയോടെ അവ രെ സംസ്കരിക്കാനുമാണ് അവർ വരുന്നത്. ഈ കാലത്ത് ദൈവത്തിൽ നിന്നു അവതീർണ്ണരായ ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തിന്റെ ദൗത്യോദ്ദേശങ്ങൾ വളരെ വ്യക്തമാക്കുകയുണ്ടായി. നിങ്ങൾ ഏകനായ ദൈ വത്തെ ആരാധിക്കുകയും സമ സൃഷ്ടികൾക്ക് കഴിയുന്നത്ര സേവനങ്ങളും ചെയ്യുക. അതാണ് മനുഷ്യന്റെ ധർമ്മം. ഒരു മനുഷ്യനേയും ദേഹോപദ്രവമേൽപ്പിക്കുകയോ അപരന്റെ വിശ്വാസത്തെ അവഹേളിക്കുകയോ ചെയ്യുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എല്ലാവരോടും കാരുണ്യത്തോടെ പെരുമാറണം എന്നിവയായിരുന്നു വാഗ്ദത്ത മഹ്ദി മസീഹിന്റെ ഉപദേശം. ഇവർ ഏതൊരു പ്രതീക്ഷയിലും വിശ്വാസത്തിലുമായിരുന്നുവോ, അതിനു വിരുദ്ധമായി സമാധാനത്തിന്റെയും ആത്മീയ മാർഗ്ഗത്തിന്റേയും സന്ദേശവുമായിട്ടാണ് വാഗ് ദത്ത മഹ്ദീമസീഹിന്റെ ആവിർഭാ വം.

യാഥാസ്ഥിതിക മുസ്‌ലിംകളുടെ വിശേഷണമാണ് ഞാൻ മുകളിൽ പ്രകടിപ്പിച്ചത്. എങ്കിലും പല വിഷയങ്ങളിലും പുരോഗമനം പറയുന്ന യാഥാസ്ഥിതികരല്ലാത്ത മുസ്‌ലിംകളുടേയും വിശ്വാസവും ഇതു തന്നെ. പക്ഷെ അവർ അതിന് കുറച്ചുകൂടി പുതിയ സങ്കല്പങ്ങൾ പ്രയോഗിക്കുന്നു എന്നു മാത്രം. ഈ കാലഘട്ടത്തിൽ ഭരണകൂടം ലക്ഷ്യമാക്കി പ്രവൃത്തിക്കുന്ന മൗദൂദിസാഹിനെപ്പോലുള്ളവർ ഈ വിഭാഗത്തേയാണ് പ്രതിനിധാനം ചെയ്യുന്നത്. അദ്ദേഹത്തിന്റെ രംഗപ്രവേശനത്തോടെ ഉറങ്ങിക്കിടന്ന തീവ്രവാദം സംഘടിത രൂപത്തിൽ ചെറുപ്പക്കാരിൽ ആളികത്താൻ തുടങ്ങി. അവരുടെ സാഹിത്യങ്ങളുമായി ബന്ധപ്പെട്ടാൽ അത് ബോദ്ധ്യമാകും. മൗദൂദി സാഹിബ് മേൽവിഷയമായി തന്റെ കൃതികളിൽ പ്രകടിപ്പിച്ച എല്ലാ ആശയങ്ങളേയും വിശുദ്ധ ഖുർആന്റെയും തിരുഹദീസുകളുടേയും അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയായ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്) വളരെ യുക്തിപൂർവ്വം വിശകലനം ചെയ്ത് അതിന്റെ നിരർത്ഥകത തുറന്നു കാട്ടുന്നു. "മതത്തിന്റെ പേരിൽ മനുഷ്യഹത്യ" എന്ന പേരിൽ ആ പുസ്തകം മലയാളത്തിൽ എ. എം. മുഹമ്മദ് സലീം സാഹിബ് വിവർത്തനം ചെയ്തിട്ടുണ്ട്. അതിൽ മതപരിത്യാഗി വധാർഹനാണെന്ന് തെളിയിക്കാൻ ഇവർ ചേർത്ത ഹദീസുകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, ആ ഹദീസുകളിൽ വിവരിച്ച വധിക്കപ്പെട്ട എല്ലാവരും കൊലപാതകം, രാജ്യദ്രോഹം മുതലായ വൻകുറ്റങ്ങൾ ചെയ്തവരാണെന്നാണ്. അതേ സമയം അവർ ഇസ്‌ലാം മതം ഇപേക്ഷിച്ചവരുമായിരുന്നു. അവരുടെ മേൽ ചാർത്തപ്പെട്ട കുറ്റം മതം ഉപേക്ഷിച്ചതിന്റെ പേരി

ലായിരുന്നില്ല. അവർ ശിക്ഷിക്കപ്പെട്ടത് അവൻ നടത്തിയ മറ്റു കുറ്റങ്ങളുടെ പേരിലായിരുന്നു. ഞാൻ അതിലേക്ക് കടക്കുന്നില്ല . വിശുദ്ധ ഖുർആൻ ഈ വിഷയത്തിൽ നൽകുന്ന കല്പനകളെന്താണെന്ന് നാം പരിശോധിക്കുക. ഇന്ന് യു.എൻ.ഒ. അംഗീകരിച്ച മനുഷ്യാവകാശ ചാർട്ടറിൽ ഒരാൾക്ക് ഇഷ്ട മുള്ള മതം കൈക്കൊള്ളാനും, അതി ന് വേണ്ടി പ്രചരണം നടത്താനും, ആ മതം നിഷ്കർഷിക്കുന്ന വിധം ജീവിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഇത് വ്യക്തി സ്വാതന്ത്ര്യമാണ്. അതേപോ ലെ ആശ്ലേഷിച്ച മതം പരിത്യജിക്കുവാനും ഇഷ്ടമുള്ള മറ്റൊരു മതം സ്വീകരിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഇത് ജനാധിപത്യരാഷ്ട്രങ്ങളുടെ സാർവ്വദേശീയ മുഖമുദ്രയാണ്. ഇസ്‌ലാം അതിനെ ആയിരത്തി നാന്നൂറു വർഷങ്ങൾക്ക് മുമ്പ് അംഗീകരിച്ചിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ "ലാഇക്റ ഹഫിദ്ദീൻ" എന്ന കല്പന അതായത് *''മതത്തിൽ ബലാൽക്കാരമില്ല''* എന്നത് അന്യസമുദായക്കാർക്ക് വരെ അറിയാവുന്ന കാര്യമാണ്. *'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം'* (109:6) മറ്റൊരു സ്ഥലത്ത് *"നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ ഈ ദൂതനെയും അനുസരിക്കുവിൻ. നിങ്ങൾ ജാഗ്രതയുള്ളവരായി രിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുന്നപക്ഷം നമ്മുടെ കർത്തവ്യം വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുക മാത്രമാണ് (5:93)* ഇവിടെയും പിന്തിരിഞ്ഞു പോകുന്നവരെ കൊല്ലാൻ ആഹ്വാനമില്ല.

പിന്നേയും വിശുദ്ധ ഖുർആൻ പറയുന്നു: *"വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നേയും വിശ്വസിക്കുകയും പിന്നേയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാരോ അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല (4:138).* ഈ വാക്യത്തിൽ വിശ്വസിച്ചുകഴിഞ്ഞ് അവിശ്വസിച്ചാൽ അവനെ കൊല്ലണമെന്നാണ് നിയമമെങ്കിൽ അവിശ്വാസി എങ്ങിനെ വിശ്വാസിയാവാൻ സാധിക്കും? അപ്പോൾ വിശ്വാസം നഷ്ടപ്പെട്ട ആൾക്ക് അങ്ങിനെ ഒരു ശിക്ഷാ നിയമം ഇസ്‌ലാമിൽ ഇല്ല തന്നെ. ഇതുകൂടാതെ മറ്റൊരു സംഭവം ഖുർആനിൽ വിവരിക്കുന്നുണ്ട്. ഗ്രന്ഥം നൽകപ്പെട്ടരിൽ ഒരുകൂട്ടർ രാവിലെ കൂട്ടത്തോടെ ഇസ്‌ലാം ആശ്ലേഷിക്കുകയും വൈകുന്നേരമാകുമ്പോൾ കൂട്ടത്തോടെ ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. ഇതവർ ചെയ്യുന്നത് വിശ്വാസികളിൽ അവരുടെ വിശ്വാസത്തെക്കുറിച്ച് ഒരു അവമതിപ്പ് ഉണ്ടാക്കുവാനും നിഷേധികളാക്കിത്തീർക്കാനുമായിരുന്നു (3:73). ഈ സംഭവം മദീനയിലും മക്കയിലും ഇസ്‌ലാമിക ഭരണം സ്ഥാപിച്ചതിന് ശേഷമാണ്. ഇസ്‌ലാമിൽ വന്ന് പോകുന്നവരെ വധിക്കുമായിരുന്നെങ്കിൽ ഇത്തരം സംഭവം തന്നെ അവിടെ ഉടലെടുക്കുമാറാകുമായിരുന്നില്ല. ഇങ്ങിനെ വിശുദ്ധഖുർആന്റെ പാഠം വളരെ സുതാര്യമാണ്. അല്ലാഹു മനുഷ്യന് നല്ലതിനേയും ചീത്തയേയും വേർതിരിച്ചറിയാൻ കഴിവ് കൊടുത്ത് മനുഷ്യനെ സ്വതന്ത്രനായിരിക്കുകയാണ്. അവർ ചെയ്യുന്ന ചെയ്തികൾക്ക് ശിക്ഷ രക്ഷാ നൽകുന്ന സ്ഥലം പരലോകമാണ്. ഇവിടെ അല്ലാഹു തെറ്റുചെയ്യുന്നവർക്ക് മാനസാന്തരത്തിനുള്ള ഒരു അവസരം നൽകുന്നുണ്ട്. ഹദീസിൽ നിന്ന് ഒരു സംഭവം ഇവിടെ പകർത്താൻ ആഗ്രഹിക്കുന്നു. ഇസ്‌ലാമിന്റെ ശത്രുക്കളിൽ അഗ്രഗണ്യനായ അബുജഹലിന്റെ മകൻ ഇക്‌രിമയുടേതാണത്. ഇസ്‌ലാമിന് വളരെ അധികം ദ്രോഹം ചെയ്തവരാണ് അബൂജഹലും മകനും. അബൂജഹൽ ബദറിൽ കൊല്ലപ്പെട്ടു. മകൻ ശേഷിച്ചു. അദ്ദേഹത്തെ ഇനി മുസ്‌ലിംകൾ വെറുതെ വിടുകയില്ല എന്ന് കരുതി ഇക്‌രിമ യമനിലേക്ക് പലായനം ചെയ്യാൻ ശ്രമിക്കുകയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഭാര്യ ഇസ്‌ലാം മതം സ്വീകരിച്ചിരുന്നു. അവർ പറഞ്ഞു. നിങ്ങൾ അല്പകാലത്തു നിൽക്കുക, ഞാൻ തിരുമേനി (സഅ)യുമായി ഒന്ന് സംസാരിക്കട്ടെ. അങ്ങിനെ അവർ പോയി തിരുമേനി(സ)യുമായി സംസാരിച്ചപ്പോൾ തിരുമേനി അരുളി: 'ഇക്‌രിമ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല. അദ്ദേഹത്തിന്റെ വിശ്വാസപ്രകാരമുള്ളതുപോലെ അദ്ദേഹത്തിന് ഇവിടെ കഴിയാം. ഈ വിവരം ഇക്‌രിമയെ അറിയിക്കുകയും അദ്ദേഹം മക്കയിൽ തന്നെ താമസിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ഇസ്‌ലാം ആശ്ലേഷിക്കുകയുണ്ടായി.

ഇവിടെ ഒന്ന് രണ്ടുകാര്യങ്ങൾ മുസ്‌ലിം പണ്ഡിതന്മാർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു മുസ്‌ലിമായ ഇക്‌രിമയുടെ ഭാര്യ അമുസ്‌ലിമായ ഭർത്താവുമായുള്ള ബന്ധം ഈ പണ്ഡിതമാരുടെ മുമ്പിൽ ജായിസാകുമോ? ഈ ജായിസല്ലാത്ത ബന്ധത്തെ പറ്റി തിരുമേനി ഒന്നും പ്രതിവചിച്ചില്ല. ഇവിടെ ഒരു സ്ത്രീയുടെ ഭർത്താവ് അഹ്‌മദിയായതിന്റെ പേരിൽ അദ്ദേഹത്തോട് വിവാഹമോചനം വാങ്ങാതെ മറ്റൊരാൾക്ക് വിവാഹം ചെയ്ത ഹീനസംഭവം കോഴിക്കോട് തന്നെ ഉണ്ട്. അപ്പോൾ ഈ നടക്കുന്നതൊന്നും ഇസ്‌ലാമികമല്ല.

ഇന്ന് മുസ്‌ലിം യുവാക്കൾ യഥാർത്ഥ ഇസ്‌ലാമിന്റെ പാതയിൽ നിന്ന് അനിസ്‌ലാമികമായ തീവ്രവാദത്തിലേക്കു പോയ്ക്കൊണ്ടിരിക്കുകയാണ്. ഓരോ ആളുടേയും കഴിവനുസരിച്ചു സമൂഹത്തിൽ നിന്ന് ഈ ദുശ്ചിന്ത നീക്കം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. മുസ്‌ലിംകളുടെ ഈ തീവ്രവാദഭ്രമം ഇസ്‌ലാമിന്റെ മുഖത്തെ എത്രമാത്രം വൈകൃതമാക്കിയിരിക്കുന്നു എന്ന് വിവരിക്കാൻ സാധ്യമല്ല. ഇത്തരം പ്രവർത്തനങ്ങൾ പാശ്ചാത്യ സാമ്രാജ്യശക്തികളും ഓറിയന്റലിസ്റ്റുകളും ചേർന്നു വിദ്യാസമ്പന്നരുടെയിടയിൽ ഇസ്‌ലാമിനെ വികൃതമായി ചിത്രീകരിക്കാൻ ഉപയോഗിക്കുന്നു. ഈ വിപത്തിനേപറ്റി മുസ്‌ലിം ജനങ്ങൾ ബോധവാന്മാരാകേണ്ടതാണ്. ഈ പ്രവർത്തനത്തെ ഒരു പ്രകാരത്തിലും വിശുദ്ധ ഖുർആനോ, തിരുഹദീസുകളോ ശരിവെക്കുന്നില്ല. ●

ലേഖനം

# 'മോക്ഷാർഹമായ കക്ഷി'

**യാസിർ അറഫാത്ത്**

## മോക്ഷാർഹമായ കക്ഷിയുടെ അടയാളങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണൂ

"കേരളക്കരയിൽ മുഹമ്മദ് നബി (സ)യുടെ കാലത്തിനു തൊട്ടു പിന്നാലെ ഇസ്‌ലാം എത്തിച്ചേർന്നിട്ടുണ്ട് എന്നത് നേരാണ്. എന്നാൽ നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, പ്രത്യേകിച്ചും പത്തൊമ്പതാം നൂറ്റാണ്ടിൽ, മുസ്‌ലിംകൾ ഏത് അർത്ഥത്തിലും പിന്നോക്കമായിത്തീർന്നു. മുസ്‌ലിം സമൂഹത്തിനകത്തെ 'ജാഹിലിയ്യ' കാലം എന്ന് വിശേഷിപ്പിക്കാവുന്ന വിധം അധഃസ്ഥിതിയിലായിരുന്നു അവർ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒറ്റപ്പെട്ട നവോത്ഥാന സംരംഭങ്ങൾ ആരംഭിക്കുകയും നൂറ്റാണ്ടിന്റെ മധ്യത്തോടെ സംഘടിതപ്രവർത്തനം ആരംഭിക്കുകയും ചെയ്തു." (ശബാബ് (മടവൂർ ഗ്രൂപ്പ് മുജാഹിദ് മുഖപത്രം) (2006 ഏപ്രിൽ 7, പേജ് 12)

ആയിരത്തി നാനൂറു വർഷങ്ങൾക്കുമുമ്പുള്ള ജാഹിലിയ്യാ കാലഘട്ടത്തിൽ മനുഷ്യവംശത്തിന്റെ വിമോചനത്തിനായി മുഹമ്മദ് മുസ്തഫാ (സ) ആഗതരായിക്കൊണ്ട് യഥാർത്ഥ ഇസ്‌ലാം ഭൂമുഖത്ത് സ്ഥാപിക്കുകയുണ്ടായി. ജാഹിലിയ്യാ കാലം തിരിച്ചുവരികയും ഇസ്‌ലാം ലോകത്തിൽ നിന്നു നഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഒരു ഫാർസി വംശജൻ ദീനിനെ പുനഃസ്ഥാപിക്കാൻ നിയോഗപ്പെടുമെന്ന് റസൂൽ (സ) സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. എല്ലാ അർത്ഥത്തിലും മുസ്‌ലിംകൾ പിന്നോക്കമായിത്തീർന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ജാഹിലിയ്യാ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനഃസ്ഥാപനത്തിനായി ഫാർസി വംശജൻ അഹ്മദ് (അ) ആഗതരാവുകയും അഹ്മദിയ്യത്തിലൂടെ ഇസ്‌ലാമിന്റെ നവോത്ഥാന സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. മുഹമ്മദ് മുസ്തഫ (സ) കൊണ്ടുവന്നതും പിന്നീട് ലോകത്തിനു കൈമോശംവന്നതും ശേഷം അഹ്മദ് (അ) പുനഃസ്ഥാപിച്ചതുമായ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് പിന്നീട് ധാരാളം നവോത്ഥാന പ്രസ്ഥാനങ്ങൾ ഒറ്റപ്പെട്ടും സംഘടിതമായും ആരംഭിച്ചിട്ടുണ്ട്. മുജാഹിദുപ്രസ്ഥാനം നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന നവോത്ഥാന സംരംഭങ്ങൾക്കെല്ലാം തുടക്കമിട്ടത് അഹ്മദിയ്യാ ജമാഅത്ത് ആയിരുന്നു. ഖബറാളികളോടുള്ള ഇടതേട്ടം തുടങ്ങി ശിർക്കിലെത്തിക്കുന്ന സകല പ്രവർത്തനങ്ങളും ഒഴിവാക്കൽ, മാതൃഭാഷയിൽ ഖുത്ബ, സ്ത്രീപള്ളിപ്രവേശം, സ്ത്രീസംഘടന, ബാല-യുവജന-വയോജന ശാഖാ സംഘടനകൾ, ജനനമരണദിനാചരണങ്ങൾ ഒഴിവാക്കൽ തുടങ്ങിയവ ഉദാഹരണങ്ങൾ മാത്രം. ഇസ്‌ലാമിക നവോത്ഥാനത്തിനു തുടക്കമിടുകയും ഖിലാഫത്ത് പുനസ്ഥാപിക്കുകയും ചെയ്ത ഇക്കാലഘട്ടത്തിന്റെ പരിഷ്ക്കർത്താവായ ദിവ്യനിയോഗി തന്നെ തിരിച്ചറിയാൻവൈകിപ്പോകരുതെന്ന് "ശബാബി"ന്റെ ആളുകളെ സ്നേഹപൂർവ്വം ഉണർത്തുകയാണ്.

"ജൂത ക്രിസ്ത്യാനികൾ എഴുപത്തൊന്നും എഴുപത്തിരണ്ടും കക്ഷികളായി പിരിഞ്ഞപോലെ എന്റെ സമുദായം എഴുപത്തിമൂന്നു കക്ഷികളായി പിരിയുമെന്നും ആ കക്ഷികളിൽ ഒന്നൊഴികെ എല്ലാം നരകത്തിലാണെന്നും പഠിപ്പിച്ച പ്രവാചകന്റെ പ്രവചനത്തിന്റെ പുലർച്ചയിലേക്കാണ് മുസ്‌ലിം സമൂഹത്തിന്റെ ഇന്നത്തെ ദുരവസ്ഥ വിരൽ ചൂണ്ടുന്നത്. ആരെത്ര പരിശ്രമിച്ചാലും ഈ പ്രവചനത്തിന്റെ പുലർച്ചക്കൊരറുതി അസാധ്യമാണ്." (വിചിന്തനം (ഏപ്പി മുജാഹിദ് മുഖപത്രം) 2006 ജൂൺ -16. പേജ് - 7)

ജൂത ക്രിസ്ത്യാനികളോട് സാദൃശ്യപ്പെട്ടുകൊണ്ട് വിവിധ കക്ഷികളായിത്തീരുന്ന തന്റെ സമുദായത്തിൽ, സ്വർഗ്ഗാവകാശികളായിത്തീരുന്ന ഏകവിഭാഗത്തെക്കുറിച്ച് *"ഞാനും എന്റെ സഹാബത്തും ഉള്ള അവസ്ഥയിലുള്ളവർ"* എന്ന് റസൂൽ (സ) വിശദീകരിക്കുകയുണ്ടായി. ആ അവസ്ഥ അഥവാ ഒരു നേതാവും അദ്ദേഹത്തെ പരിപൂർണ്ണമായി അനുസരിക്കുന്ന അനുയായികളും എന്ന അവസ്ഥ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുന്നുള്ളൂ.

മോക്ഷാർഹമായ കക്ഷി ഒരു **"അൽ ജമാഅത്തായി"**രിക്കുമെന്നും റസൂൽ(സ) അരുളിയിട്ടുണ്ട്. പരിപൂർണ്ണമായി അനുസരിക്കപ്പെടുന്ന ഒരു നേതാവോടുകൂടിയ ഒരു അൽജമാഅത്ത് യഥാർത്ഥ ഇസ്‌ലാം എന്നു ഉമർ (റ) വിശദീകരിച്ചിട്ടുമുണ്ട്. (അഹ്മദിയ്യത്തിനെ എതിർക്കാൻ

*(ശേഷം 37-ാം പേജിൽ)*

ലേഖനം

# യാതനകളും പീഡകളും എന്തുകൊണ്ട്?

ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് OBE-UK

**കേവലാർത്ഥത്തിൽ യാതനയും പീഡകളുമില്ല. എല്ലാം ദൈവത്തിന്റെ കാരുണ്യമാണ്. പ്രകാശം തടയപ്പെടുമ്പോൾ നിഴലുണ്ടാകുന്നത് പോലെ തിന്മയും, കഷ്ടതകളും സാപേക്ഷികങ്ങളാണ്. യാതനയുടെയും പീഡകളുടെയും ഇസ്‌ലാമിക തത്വവും വീക്ഷണവുമാണ് ലേഖകൻ വിവരിക്കുന്നത്.**

യാതനയുടെയും വേദനയുടെയും സംഹാരാത്മകമായ ഒരു ലോകമാണിന്ന് നാം കാണുന്നത്. ഓരോ ദിവസവും ഇവ നിരവധി ആളുകളെ ബാധിക്കുന്നു. അതിൽ നിരപരാധികളും ദൈവഭയമുള്ളവരും കൊച്ചുകുട്ടികളും യുവാക്കളും വൃദ്ധരും എല്ലാം പെടുന്നു. ഞാനും നിങ്ങളും നമ്മുടെ സമീപത്തുള്ളവരും ശാരീരികമോ മാനസികമോ വൈകാരികമോ ആയ കഠിനമായ വ്യഥകളിലൂടെയായിരിക്കും കടന്നുപോകുന്നത്.

യാതന നമ്മെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിക്കുന്നു. അതിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയില്ല. എന്നാൽ എന്തുകൊണ്ടാണിതു സംഭവിക്കുന്നത്? നാമും മറ്റുള്ളവരും എന്തിനാണ് യാതന സഹിക്കുന്നത്? തന്റെ സ്നേഹത്തിൽ നി ന്നും പ്രതിച്ഛായയിൽ നിന്നും നമ്മെ സൃഷ്ടിച്ച ദൈവം എന്തിനാണ് നമു ക്ക് ദുരിതം നൽകുന്നത്? പീഡകളില്ലാത്ത ഒരു ലോകം ദൈവം എന്തുകൊണ്ട് സൃഷ്ടിച്ചില്ല?

പ്രഥമദൃഷ്ട്യാ യാതന ഉൾക്കൊള്ളാനും അതിനെ ന്യായീകരിക്കാനും നമുക്ക് അങ്ങേയറ്റം പ്രയാസമായിരിക്കാം. ശിക്ഷയുടെഫലമായോ സ്വയം അടിച്ചേല്പിക്കപ്പെടുകയോ ചെയ്യപ്പെട്ട പീഡകൾ ന്യായീകരിക്കപ്പെട്ടേക്കാം. എന്നാൽ നിരപരാധികളായ യുവാക്കളും ദൈവസ്നേഹികളും എന്തുകൊണ്ടാണ് ദുരിതമനുഭവിക്കുന്നത്?

ഇക്കാര്യത്തിൽ ഇസ്‌ലാമിക വീക്ഷണമെന്താണെന്ന കാര്യം ഗ്രഹിക്കുന്നതിന് നിങ്ങളെ സഹായിക്കാൻ ഞാൻ ശ്രമിക്കാം. യാതനക്കുള്ള കാരണമെന്തെന്നതിലേക്ക് ഇസ്‌ലാം വെളിച്ചം വീശുന്നു. ചുരുക്കത്തിൽ യാതന എപ്പോഴും 'യാതനയല്ല' എന്ന കാര്യം അപ്പോഴാണ് മനസ്സിലാക്കാൻ സാധിക്കുക.

ബുദ്ധമതം യാതന (ദുഃഖം) എന്തിൽനിന്നുണ്ടാവുന്നുവെന്ന് നിർവ്വചനാത്മകമായി വിവരിക്കുന്നു.

(1) തീവ്രയാതന. ഉദാ: വാർദ്ധക്യം, രോഗം, മരണം,

(2) ആനന്ദത്തിന്റെ അഭാവം.

(3) ഒരിക്കലും ഒഴിഞ്ഞുമാറാൻ പറ്റാത്ത ക്ഷണികത്വഗുണം എന്ന എല്ലാറ്റിലുമടങ്ങിയ പ്രതിഭാസം കാരണത്താൽ താൻ സ്നേഹിക്കുന്നതിനെയോ താനുമായി ഗാഢാനുരാഗത്തിലുള്ളതിനേയോ ഉപേക്ഷിക്കൽ നിർബന്ധമാവൽ

ദുഃഖത്തിന്റെ കാരണം മനുഷ്യന്റെ സ്വാർത്ഥപരമായ ആഗ്രഹമാണെന്നും ബുദ്ധമതം അവകാശപ്പെടുന്നു. അതായത് മനുഷ്യന്റെ ദാഹാർത്തി അഥവാ 'തൃഷ്ണ'യാണ് ദുഃഖത്തിൻന്റെ ഹേതു. മോക്ഷം (നിർവ്വാണം) പ്രാപിക്കാൻ ബുദ്ധമതം നിർദ്ദേശിക്കുന്നത് അഷ്ടമാർഗ്ഗങ്ങളാണ്.

ഹിന്ദുമതവിശ്വാസപ്രകാരം യാതന സ്വയം അടിച്ചേല്പിക്കപ്പെട്ടതാണ്. അതിനെ അവർ പുനർജന്മസിദ്ധാന്തംകൊണ്ട് ന്യായീകരിക്കുകയും ചെയ്യുന്നു. അതായത്, മുജ്ജന്മത്തിലെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതമോ യാതനാപൂർണമോ ആയ ജീവിതമുണ്ടാവുന്നു.

ഇസ്‌ലാം ഈ സിദ്ധാന്തം തിരസ്കരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ആസൂത്രണത്തിലുള്ള അനന്തമായ വൈഭവം കാരണം ജീവന്റെ പുനഃപരിവൃത്തിയുടെ ആവശ്യമില്ല. അതിനാൽ തുടർച്ചയായി ഉന്നതവിതാനങ്ങളിലേക്ക് ആ ജീവനെ അവൻ നയിക്കുന്നു.

ബുദ്ധമതത്തിന്റെ നിർവ്വചനം പ്രബലം തന്നെയെങ്കിലും സാർവ്വലൗകികമായ നിലയിലും മനുഷ്യനെ ബാധിക്കുന്ന നിലയിലും ദുഃഖം ചർച്ചചെയ്യപ്പെടണം. പീഡയുടെ സാന്നിധ്യ

ത്തി ന്റെ പ്രശ്നമാണ് കൂടുതൽ അടിസ്ഥാനപരമായത്. ഇസ്‌ലാം അവതരിപ്പിക്കുന്ന യുക്തിപരമായ സമീപനമാണ് ഏറ്റവും ഉത്തമം.

കാര്യകാരണങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നത്. വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മുഴുപ്രപഞ്ചവും ഈ വ്യവസ്ഥയിൽ ബന്ധിതമാണെന്ന് കണ്ടെത്താൻ സാധിക്കും. കാര്യകാരണത്തിന്റെ മാറ്റമില്ലാത്ത ഈ തത്വം കാരണമായാണ് ശാസ്ത്രീയജ്ഞാനങ്ങളിൽ നാം മുന്നേറുന്നത്. ഒരു കാരണം അടിസ്ഥാനപരമായിരിക്കാം. അല്ലെങ്കിൽ തുടർച്ചയായ ശൃംഖലയുമായി കണ്ണിചേർക്കുന്ന മറ്റൊരു കാരണത്തിന്റെ ഫലമായിരിക്കാം. ഈ പ്രക്രിയ അവസാനിക്കുമ്പോൾ അന്തിമമായ കാരണം സ്വയം അസ്തിത്വമുള്ളതായിരിക്കണമെന്നത് വ്യക്തമാണ്. അത് കേവലമായിരിക്കയും വേണം. നിയതമായ കാരണം കേവലമായിരിക്കയില്ലെന്നും വ്യക്തമാണ്. എന്തെന്നാൽ പ്രക്രിയയുടെ ചില മണ്ഡലങ്ങളെ അത് ഒഴിച്ചുനിർത്തും. അവസാന കാരണം അതായിരിക്കയില്ല. ഏതൊരു കാരണവും അസ്തിത്വവും എല്ലാം ഉൾക്കൊള്ളുന്നതും സ്വയംഭൂതവുമാണെങ്കിൽ അത് അനിവാര്യമായും അനന്തമാണ്. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

"നിന്റെ നാഥന്റെയടുക്കലേക്കാണ് (സർവ്വവും) അവസാനം ചെന്നെത്തുന്നത്." (53:43)

എല്ലാ നിലയിലും ഓരോ ഗുണത്തിലും കേവലസത്തയും അനന്തനുമാണ് അവൻ. കേവല സത്തയാവാൻ അവന്റെ സൃഷ്ടിവൈഭവം സ്വയം തന്നെ അനന്തമായ തലങ്ങൾ പ്രകടിപ്പിക്കണം. ഓരോ വർഗ്ഗത്തിന്റെ സൃഷ്ടിപ്പിലും അതു പ്രകടമാവണം. ഏതെല്ലാം തലങ്ങൾ മനുഷ്യനു സങ്കല്പിക്കാൻ സാധിക്കുമോ, അതായത് വസ്തുവിലും വസ്തുവല്ലാത്തതിലും, ഫലഭൂയിഷ്ടമായതിലും തരിശായതിലും വികസിക്കുന്നതിലും സങ്കോചിക്കുന്നതിലും ജീവിതത്തിലും മരണത്തിലും ബോധാവസ്ഥയിലും അബോധാവസ്ഥയിലും കണ്ണുകളില്ലാത്ത മനുഷ്യനിലും ഒരു കണ്ണുള്ള മനുഷ്യനിലും കാലില്ലാത്തവനിലും കയ്യില്ലാത്തവനിലും വിരൂപനിലും സുന്ദരനിലും മങ്ങിയതിലും പ്രകാശിക്കുന്നതിലും എല്ലാം ഈ തലം ഉണ്ടാവണം.

കേവലത്വത്തിൽ നിന്നു നീങ്ങിപ്പോകുന്തോറും ആപേക്ഷികതയുടെ വിടവ് വിപുലമാവുന്നു. ഈ സ്വയംഭൂവിൽ നിന്നുള്ള വേറിടലിൽ ആവശ്യങ്ങളും തിന്മയും അന്തർഭവിച്ചിരിക്കുന്നു. ലോകത്തിന്റെ അസ്തിത്വം സ്വയംതന്നെ തിന്മയല്ല.

ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ച് തിന്മക്ക് സ്വയം തന്നെ ഒരസ്തിത്വമില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

*"നിന്റെ നാഥൻ എങ്ങനെയാണ് നിഴൽ നീട്ടിയിട്ടുള്ളതെന്ന് നീ കാണുന്നി ല്ലേ? അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനെ (ഒരേ സ്ഥലത്ത്) ഒതുക്കി നിറുത്തുമായിരുന്നു. പിന്നെ നാം സൂര്യനെ അതിന്ന് (നിഴലിന്ന്) ഒരു വഴികാട്ടിയാക്കിയിരിക്കുന്നു. പിന്നെ നാം അതിനെ (നിഴലിനെ) നമ്മിലേക്ക് മെല്ലെ മെല്ലെ പിടിച്ചെടുക്കുന്നു" (25:46, 47). സൂര്യനിൽ നി ന്നുള്ള പ്രകാശം തടസ്സപ്പെടുത്തുന്ന ഒരു വസ്തുവാണ് നിഴൽ വീഴ്ത്തുന്നത്. വസ്തു സൂര്യനിൽ നിന്നകലുന്തോറും നിഴൽ നീളുന്നു. വസ്തു സൂര്യനിലേക്കടുക്കുന്തോറും നിഴൽ ചുരുങ്ങിപ്പോകുന്നു. വസ്തു നേരിട്ട് സൂര്യന്റെ വെളിച്ചത്തിനു കീഴിലാണെങ്കിൽ നിഴൽ ഇല്ല തന്നെ. ദൈവിക പ്രകാശത്തിന്റെ അഭാവത്തിൽ ഉണ്ടാവുന്ന നിഴലാണ് തിന്മയെന്നാണ് ഈ ഉപമ വിവരിക്കുന്നത്. തിന്മ സ്വയം തന്നെ നിശ്ചിതമായ അസ്തിത്വമുള്ള ഒന്നല്ല. പ്രകാശത്തിന്റെ ഉറവിടത്തെക്കുറിച്ച് നമുക്ക് സങ്കല്പിക്കാൻ സാധിക്കും. എന്നാൽ അന്ധകാരത്തിന്റെ ഉറവിടമായ ഒരു വസ്തു നമുക്ക് ഭാവനയിൽ കാണാൻ സാധിക്കില്ല. ഒരു വസ്തു അന്ധകാരത്തിന്റെ ഉറവിടമാകാനുള്ള ഏക വഴി വെളിച്ചത്തെ തടസ്സപ്പെടുത്തലാണ്. അതേപ്രകാരം നന്മയുടെ അഭാവമാണ് തിന്മയാവുന്നത്.*

ഇതിന്റെ വെളിച്ചത്തിൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റ) തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ 'യാതന'യെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

ദൈവം 'യാതനയെ' സ്വതന്ത്രമായ അസ്തിത്വമായി സൃഷ്ടിച്ചിട്ടില്ല. ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും അനുപേക്ഷണീയമായ അഭാവമാണ് യാതന. അത് നിഴൽ പോലെയാണ്. വെളിച്ചത്തിന്റെ അഭാവം വിരിക്കുന്ന നിഴലാണ് അന്ധകാരം. ജീവിതം ഉണ്ടെങ്കിൽ മരണവുമുണ്ട്. ഒരേ തലത്തിന്റെ രണ്ടറ്റത്തുമുള്ള ധ്രുവങ്ങളിൽ അവ സ്ഥിതിചെയ്യുന്നു. അതിനിടയിൽ നിരവധി പദവികളും നിഴലുകളുമുണ്ട്. മരണത്തിൽ നിന്നു നീങ്ങുമ്പോൾ നാം ക്രമേണ ജീവിതത്തിന്റെ അവസ്ഥയിലേക്കാണ് നീങ്ങുന്നത്. അതാണ് സന്തോഷം. നാം ജീവിതത്തിൽ നിന്ന് നീങ്ങുമ്പോൾ ദുഃഖബോധത്തോടെ മരണത്തിലേക്കാണ് നീങ്ങുന്നത്. അസ്തിത്വത്തിനുവേണ്ടിയുള്ള സമരത്തെ മനസ്സിലാക്കാനുള്ള താക്കോലാണ് ഇത്. പകരം അത് നമ്മെ സ്ഥിരമായി ഗുണനിലവാരമുള്ള ജീവിതത്തിലേക്ക് നയിക്കുകയും പരിണാമത്തിന്റെ അന്തിമ ലക്ഷ്യം നേടാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. 'അർഹിക്കുന്നവ അതിജീവിക്കുന്നു' എന്ന തത്വം മഹത്തായ ഈ പരിണാമപദ്ധതിയിൽ അവിഭാജ്യമായ പങ്ക് വഹിക്കുന്നു. ഈ പ്രതിഭാസം വി. ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു:

*"ആരുടെ കയ്യിലാണോ പരമാധികാരം സ്ഥിതിചെയ്യുന്നത്, അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാകുന്നു.*

*"നിങ്ങളിൽ നിന്ന് ആരാണ് ഏറ്റ*

*വും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിനു വേണ്ടി മരണവും ജീവിതവും സൃ ഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാ പവാനും സർവ്വഥാ പൊറുക്കുന്നവനു മാകുന്നു" (67: 2,3).*

ജീവിതത്തിന്റെയും മരണത്തി ന്റെയും അഗാധമായ തത്വജ്ഞാനം, അതിനിടയിലുള്ള എണ്ണമറ്റ ജീവിതം രൂപപ്പെടുത്തുന്നതിനും, അതിന്റെ ഗുണനിലവാരം നന്നാക്കിത്തീർക്കു ന്നതിനും അത് വഹിക്കുന്ന പങ്ക് ഇവ യെല്ലാം മേൽസൂക്തത്തിൽ അടങ്ങി യിരിക്കുന്നു. കാര്യങ്ങളുടെ പദ്ധതി തന്നെയാണ് ദൈവം ഇവിടെ വെളി പ്പെടുത്തുന്നത്. ജീവിതമെന്നത് ഒരു സർഗാത്മകമായ മൂല്യമാണെന്നും അതിന്റെ അഭാവമാണ് മരണം കൊ ണ്ട് വിവക്ഷിക്കപ്പെട്ടിട്ടുള്ളതെന്നും നമുക്കറിയാം. അവയെ തമ്മിൽ വേർ തിരിക്കുന്ന നിശ്ചിതമായ അതിരുകൾ ഇല്ല.

മരണത്തിലേക്കുള്ള ജീവിതത്തി ന്റെ പ്രയാണവും നാശവും ക്രമേണ യുള്ള ഒരു പ്രക്രിയയാണ്. മറ്റു ദിശ യിൽ കൂടി മരണത്തെ വീക്ഷിച്ചാൽ മരണം ജീവിതത്തിലേക്ക് സഞ്ചരിക്കു മ്പോൾ ശക്തിയും ഊർജ്ജവും ബോ ധാവസ്ഥയും സംഭരിക്കുന്നു. ഇതാണ് സൃഷ്ടിപ്പിന്റെ മഹത്തായ പദ്ധതി. എന്തുകൊണ്ടാണ് ഇത് ദൈവം ഇങ്ങ നെ ആസൂത്രണം ചെയ്തത്?

"നിങ്ങളിൽ നിന്ന് ആരാണ് ഏറ്റ വും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിനു വേണ്ടി" എന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന മറുപടി:

ജീവിതവും മരണവും തമ്മി ലുള്ള നിരന്തരമായ ഈ സമരമാണ് ജീവിതത്തെ നിരന്തരമായ പരീക്ഷണ ങ്ങൾക്ക് വിധേയമാക്കുന്നത്. അങ്ങ നെ ഉത്തമമായ രീതിയിൽ പ്രവർത്തി ക്കുന്നവർ അതിജീവിക്കുകയും അസ്തിത്വത്തിന്റെ ഉന്നതപദവി നേടു കയും ചെയ്യുന്നു. ഈ സൂക്തങ്ങളിൽ വിവരിക്കപ്പെട്ട പരിണാമത്തിന്റെ തത്വവും രഹസ്യവും ഇവിടെയാണ് കിടക്കുന്നത്. ജീവിതത്തിന്റെയും മര ണത്തിന്റെയും ശക്തികൾ തമ്മിൽ നടക്കുന്ന നിരന്തരമായ സമരത്തിന്റെ തള്ളൽ ആണ് ജീവിക്കുന്നവരെ നിര ന്തരം മരണത്തിൽ നിന്നും നീങ്ങാ നോ മരണത്തോട് അടുപ്പിക്കാനോ സഹായിക്കുന്നത്. വിപുലമായ പരി ണാമപ്രക്രിയയുടെ രംഗത്ത് അസ്തി ത്വത്തിന്റെ ഗുണനിലവാരം ഒന്നുകിൽ മെച്ചപ്പെടുകയോ അല്ലെങ്കിൽ അധഃ പതിക്കുകയോ ആവും ഫലം. ( Revelation Rationality Knowledge and Truth പേജ്: 180-182)

അപ്രകാരം, പരിണാമത്തിന്റെ ചാലകശക്തിക ഘടകങ്ങളാണ് ന ഷ്ടവും ശോഷണവും മരണവും. ഒരാളുടെ നിയന്ത്രണത്തിന്നതീതമായ പ്രകൃതികോപങ്ങൾ, അപകടങ്ങൾ പോലെയുള്ളവയോ മനുഷ്യന്റെ കര ങ്ങളാൽ വരുത്തിവെക്കുന്ന അപകട ങ്ങളോ മറ്റു അപകടങ്ങളോ ആയി ക്കൊള്ളട്ടെ ഇത്തരം മാനുഷിക നില വാരത്തിലുള്ള യാതനകളുടെ പ്ര ശ്നം വിശദീകരിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക വിശ്വാസപ്രകാരം ദൈവം മാത്രമാണ് സ്വയംഭൂവായിട്ടു ള്ളത്. അതിനാൽ ആപേക്ഷികമായി മറ്റുള്ളതിനെ ആശ്രയിച്ചുനിൽക്കുന്ന മാനുഷികതലത്തിൽ - കേവലമായ തീരുമാനമോ, കേവലമായ സ്വതന്ത്രേ ച്ഛയോ ഉണ്ടാകാവതല്ല. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ പരിധി വരെ മാത്രമേ മനുഷ്യന് വിവേ ചനശക്തി ഉപയോഗിക്കാൻ പറ്റൂ. അതിനപ്പുറം മനുഷ്യൻ തന്റെ നിയ ന്ത്രണത്തിനതീതമായ കാര്യങ്ങളുടെ കാരുണ്യമാശ്രയിക്കുന്നു. അതിനാൽ മനുഷ്യന്റെ യാതന ഒന്നുകിൽ സ്വയം വരുത്തിവെക്കുന്നതോ പ്രകൃതിദുര ന്തം, അപകടം തുടങ്ങിയ ബാഹ്യസം ഭവങ്ങളാൽ അടിച്ചേൽപ്പിക്കപ്പെട്ടതോ ആയിരിക്കും. എന്നിരിക്കലും, തന്റെ പ്രവൃത്തിയുടെ അനന്തരഫലത്തിന് മനുഷ്യനെ തീർച്ചയായും ശ്ലാഘിക്കാ നോ, കുറ്റപ്പെടുത്താനോ പറ്റുകയില്ല. പരിണതമായ അവസ്ഥകൾക്ക് എണ്ണ മറ്റ കാരണങ്ങൾ ഉണ്ടാവാം. ഇസ് ലാമിക വിശ്വാസപ്രകാരം ദൈവത്തി നല്ലാതെ മറ്റാർക്കും വിധികല്പിക്കാ നുള്ള അവകാശമില്ല. ഇസ്‌ലാമിക വീക്ഷണത്തിൽ ഈ ഭൗമികജീവിതം 'ദറുൽ ഇബ്ത്തിലാ' അഥവാ പരീക്ഷ ണങ്ങളുടെയും സമ്പാദ്യത്തിന്റെയും ലോകമാണ്. പരലോകം 'ദാറുൽ ജസാ' അഥവാ യഥാർത്ഥ പ്രതിഫല ത്തിന്റെ സ്ഥലമാണ്. അതിൽ അനു ഗൃഹീ താവസ്ഥയും അതല്ലാത്തതും പെടും. വിശുദ്ധ ഖുർആൻ പറയുന്നു.

*"മനുഷ്യനാകട്ടെ - തന്റെ നാ ഥൻ അവനെ പരീക്ഷിക്കുകയും അങ്ങനെ അവനെ ബഹുമാനിക്കു കയും അവന് അനുഗ്രഹം നല്കു കയും ചെയ്താൽ അവൻ പറയും: "എന്റെ നാഥൻ എന്നെ ആദരിച്ചിരി ക്കുന്നു."*

*"എന്നാൽ അവൻ അവനെ (മ നുഷ്യനെ) പരീക്ഷിക്കുകയും അവ ന്റെ ജീവിതവിഭവം അവൻ ചുരുക്കു കയും ചെയ്താൽ, അപ്പോൾ അവൻ പറയും: "എന്റെ നാഥൻ എന്നെ അ പമാനിച്ചിരിക്കുന്നു." (89:16, 17).*

എന്നാൽ സംഗതി ഇതല്ലെന്ന് അടുത്ത സൂക്തം പറയുന്നു. രണ്ടവ സ്ഥകളും ഒരു പരീക്ഷണമാണ്, ലോ കത്തിലെ മറ്റെല്ലാ കാര്യങ്ങളെപ്പോ ലെ, വേദനയുടെയും യാതനയുടെ അവസ്ഥകൾ ഒരു സൂചനയാണ്. തന്റെ ദിശ മാറ്റേണമെന്ന് മനുഷ്യനെ ഓർമ്മപ്പെടുത്തുകയാണ്. പ്രവൃത്തിക ളിൽ തിരുത്തൽ ആവശ്യമാണെന്ന് അനുസ്മരിപ്പിക്കുകയാണ്. അങ്ങനെ അതൊരനുഗ്രഹമായിത്തിരിഞ്ഞേ ക്കാം. അല്ലാഹു വി. ഖുർആനിൽ പറ യുന്നു:

"തീർച്ചയായും നിനക്ക് മുമ്പു ണ്ടായിരുന്ന സമുദായങ്ങളിലേക്ക് നാം (ദൂതന്മാരെ) അയച്ചിട്ടുണ്ട്. അപ്പോൾ നാം അവരെ (സത്യനിഷേ ധികളെ) വിഷമതകളും ദുരിതങ്ങളും കൊണ്ട് വേദനിപ്പിച്ചു; അവർ വിനയ മുള്ളവരായിത്തീരുന്നതിനുവേണ്ടി." (6:43)

വീണ്ടും സൂറഃബഖറയിൽ അല്ലാ ഹു പറയുന്നു:

*"അല്പമൊക്കെ ഭയം, വിശപ്പ്,*

*ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം, എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. ഞങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) 'നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക്കു തന്നെ മടങ്ങുന്നവരുമാകുന്നു. എന്നു പറയുന്ന സഹനശീലർക്ക് നീ സുവാർത്തയറിയിക്കുക." (2: 156 – 158)*

വാഗ്ദത്ത മസീഹ് (അ) പറയുന്നു:

"ഇത്തരത്തിലുള്ള സ്വഭാവത്തിനാണ് സഹനശീലം എന്നു പറയുന്നത്. ഇതുതന്നെയാണ് ദൈവേഷ്ടത്തിനു വഴങ്ങുക എന്നു പറയുന്നതും. മറ്റൊരു പ്രകാരത്തിൽ, ഈ സൽഗുണത്തിനു നീതിധർമ്മം എന്നും പറയാം. എന്തെന്നാൽ, മനുഷ്യന് അവ ന്റെ ജീവിതകാലമത്രയും ഹിതകാര്യം ചെയ്തുകൊടുക്കുകയും അവന്റെ ഇഷ്ടമനുസരിച്ച് സഹസ്രോപികാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുകയും അവനു കണക്കാക്കാൻ കഴിയാത്ത വണ്ണം അനുഗ്രഹങ്ങൾ നല്കുകയും ചെയ്തിരിക്കുന്നു സർവ്വാധികർത്താവായ ദൈവം തന്റെ ഇഷ്ടം അനുസരിപ്പിക്കുന്നതിനു ഇച്ഛിക്കുമ്പോൾ മനുഷ്യൻ വൈ മുഖ്യം കാട്ടുകയും തിരുവുള്ളത്തിനു കീഴ് വണങ്ങാതെ മുറുമുറുക്കുകയും മാർഗ്ഗവ്യതിചലനത്തിന് മുതിരുകയും ചെയ്യുകയെന്നത് കേവലം നീതിവിരുദ്ധമായിരിക്കുന്നതാണ്" (ഇസ്ലാം മത തത്ത്വജ്ഞാനം പേജ് 98). പരീക്ഷണ ഘട്ടത്തിൽ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു:

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്നു പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും), 'നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക.

"ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും."

'വളരെയധികം പൊറുക്കുന്നവനും കരുണാമയനുമായ (അല്ലാഹു) വിൽ നിന്നുള്ള സൽക്കാരവിഭവം.'

ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള പ്രശ്നങ്ങൾ കൊണ്ടും യാതനകൾ കൊണ്ടും നിരന്തരമായി ഭാരം ചുമത്തപ്പെടുന്ന ഒരാൾക്ക് ഐഹികലോകത്ത് സംതൃപ്തിയും സ്വർഗ്ഗവും കണ്ടെത്താൻ കഴിയുന്നതെങ്ങനെയെന്ന ഒരു ചോദ്യം സ്വാഭാവികമായും ഉത്ഭവിച്ചേക്കാം. ആദ്യമായി നാം അറിയേണ്ടത് അവ അനുഗ്രഹങ്ങളാണെന്നതാണ്. ഒരാളെ പരീക്ഷിക്കുവാനും അയാളുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിന്നുമാണ് താനിതിന് കാരണമാക്കുന്നതെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കുന്നു. ഇത്തരം പരീക്ഷണങ്ങൾ ഒരാളുടെ വിശ്വാസത്തിന്റെ അഗാധത കാണിക്കാനും സ്വഭാവത്തിന്റെ മഹത്വം മനസ്സിലാക്കാനുമുള്ള അവസരം സൃഷ്ടിക്കുന്നു. ഇത്തരം പരീക്ഷണങ്ങൾ ക്ഷമയോടും സഹനത്തോടും നേരിടുകയാണെങ്കിൽ ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*"നിങ്ങളിൽ നിന്ന് (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) 'ജിഹാദ്' ചെയ്യുന്നവരെയും സ്ഥിരചിത്തരായ ആളുകളെയും വേർതിരിച്ചറിയുകയും നിങ്ങളുടെ യഥാർത്ഥ നില മനസ്സിലാവുകയും ചെയ്യുന്നതുവരെ നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും." (47: 32)*

ജീവിതയാത്ര വളരെ എളുപ്പത്തിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടതല്ലെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

*"നാം മനുഷ്യനെ സൃഷ്ടിച്ചത് യാതനകൾ നേരിടാനാണ്" (90:5). പരീക്ഷണങ്ങൾ നേരിടുമ്പോൾ വിലപിക്കുകയോ നിരാശപ്പെടുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് ദൗർബല്യത്തിന്റെ സൂചനയും അല്ലാഹുവിനോടുള്ള കൃതഘ്നതയുമാണ്. തിരുനബി (സ) പറഞ്ഞിട്ടുണ്ട്:*

"ഒരു മുസ്ലിമിന് ജീവിതം മുഴുവൻ നന്മയാണ്. ഒരു യഥാർത്ഥ വിശ്വാസിയല്ലാതെ മറ്റാരും തന്നെ ഇങ്ങനെയുള്ള പദവി കണ്ടെത്തുകയില്ല. എന്തെന്നാൽ ഒരു വിശ്വാസി വിജയം കൈവരിക്കുകയാണെങ്കിൽ അയാൾ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തുന്നു. അപ്പോൾ അവനിൽ നിന്നു കൂടുതൽ അനുഗ്രഹങ്ങൾക്ക് അയാൾ പാത്രീഭൂതനാവുന്നു. നേരേമറിച്ച്, അയാൾ വേദനയും യാതനയും അനുഭവിക്കുമ്പോൾ അയാൾ സഹനം കൈക്കൊള്ളുന്നു. അപ്പോഴും അയാൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അർഹനായിത്തീരുന്നു."

രണ്ടാം ഖലീഫ(റ) പറഞ്ഞതെത്ര സത്യമാണ്!

"ഭാരങ്ങൾ എപ്പോഴും ഭാരങ്ങളല്ല" പ്രസിദ്ധനായ ഒരു അമേരിക്കൻ എഴുത്തുകാരൻ ഈ സത്യം ഏറ്റു പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ വിഷമത്തിലും തത്തുല്യമായ അല്ലെങ്കിൽ അതിലുപരിയായ നേട്ടത്തിന്റെ ബീജം അടങ്ങിയിരിക്കുന്നു. ഓരോ വിഷമത്തിലും ഒരാൾക്ക് എന്തെങ്കിലും നേട്ടം കണ്ടെത്താനും കൈവരിയ്ക്കാനും സാധിക്കും. അദ്ദേഹം എഴുതി:

"എന്റെ വഴിയിൽ കടന്നുവന്ന പ്രയാസങ്ങളോട് ഞാൻ നന്ദിയുള്ളവനാണ്. എന്തെന്നാൽ അവയെന്നെ, സഹിഷ്ണുതയും സഹതാപവും ആത്മനിയന്ത്രണവും, നിരന്തര പ്രയത്നവും ഞാൻ ഒരിക്കലും അറിയാനിടയില്ലാത്ത മറ്റു നന്മകളും പഠിപ്പിച്ചു"

കഴിഞ്ഞ നൂറ്റാണ്ടിലെ പ്രകൃതി ശാസ്ത്രജ്ഞനായിരുന്ന ചാൾസ് ഡാർവിന്റെ ആരോഗ്യം മോശമായിരുന്നു. പക്ഷേ, ആ അവസ്ഥ അദ്ദേഹം

ശരിക്കും ഉപയോഗപ്പെടുത്തി. അദ്ദേഹം പറഞ്ഞു:

"ഞാൻ രോഗാവസ്ഥയിലായിരുന്നില്ലെങ്കിൽ ഇപ്പോൾ ഞാൻ ചെയ്തത്ര ജോലി ചെയ്യുമായിരുന്നില്ല."

വൈഷമ്യങ്ങൾ നേരിടുകയും കാര്യങ്ങൾ നേരെ ചൊവ്വെ നടക്കാതിരിക്കുകയും വ്യക്തിതാൽപര്യങ്ങൾക്കെതിരായി കാര്യങ്ങൾ നീങ്ങുകയും ചെയ്യുമ്പോൾ ക്ഷമ കൈക്കൊള്ളണമെന്ന് വിശുദ്ധ ഖുർആൻ അനുശാസിക്കുന്നു. നിരാശപ്പെടുകയോ അനർഹമായി ആശാഭംഗത്തിലകപ്പെടുകയോ ചെയ്യരുത്. ജീവിതത്തിന്റെ കൊടുങ്കാറ്റിന്നിടയിൽ സ്വർഗ്ഗത്തിന്റെ മാധുര്യം ആസ്വദിക്കാൻ മനുഷ്യന് സാധിക്കുന്നത് അപ്പോൾ മാത്രമാണ്. ദൗർഭാഗ്യങ്ങൾ അനിവാര്യമാണ്. അവ സഹിയ്ക്കാനും അവയുമായി ക്ഷമയോടും വിജയപ്രദമായും താദാത്മ്യം പ്രാപിക്കാനും നാം പഠിക്കണം. ജീവിതത്തിന്റെ പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്നാണിത്. അതിൽ മനുഷ്യൻ വിജയശാലിയായി പുറത്തുവരണം. ദുരിതങ്ങൾ കണ്ട് ദുർബ്ബലരാവരുത്. ഇരുണ്ടരാത്രിയിൽ സ്വഭാവം ശക്തിപ്പെടുത്താൻ ഉറച്ച തീരുമാനമെടുക്കുക. എപ്രകാരമാണോ കഠിനവെയിലുള്ള പകൽ കഴിച്ചുകൂട്ടുന്നത്, അതുപോലെ. (തുടരും)

**(Review of Religions, September, 2004)**

**വിവ: കെ.വി. ഹസ്സൻകോയ**

---

*(28 -ാം പേജിൽ നിന്ന് തുടർച്ച)*

അതായത് അഭിപ്രായഭിന്നതകളെ സംബന്ധിച്ച് വിധി കല്പിക്കുക എന്നതാണ്. അദ്ദേഹം അദ്‌ലായിരിക്കുമെന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ വിധികളെല്ലാം സത്യത്തിന്നും നീതിക്കും യോജിച്ചതായിരിക്കുമെന്നും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ സാരം അദ്ദേഹത്തിന്റെ ആഗമനകാലത്ത് നബി തിരുമേനിയുടെ ഉമ്മത്തിന്നിടയിൽ വമ്പിച്ച അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമെന്നും അദ്ദേഹം അവയെപ്പറ്റിയെല്ലാം ന്യായമായ വിധി കല്പിക്കുമെന്നുമാണ്. മസീഹ് മൗഊദിന്റെ അടയാളങ്ങളെ സംബന്ധിച്ചും അഭിപ്രായവ്യത്യാസമുള്ളതുകൊണ്ട്, തന്റെ അടയാളമായി കരുതപ്പെട്ടിട്ടുള്ള വിവിധ രിവായ്ത്തുകളെ സംബന്ധിച്ചും ഹക്കമും അദ്‌ലുമെന്ന നിലയിൽ അദ്ദേഹം വിധി കൽപിക്കേണ്ടതും അവയിൽ ചിലത് തെറ്റും ചിലത് ശരിയുമാണെന്ന് സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്. കഷ്ടം! മസീഹ് മൗഊദ് ഹക്കമും അദ്‌ലുമാണെന്ന് വിശ്വസിക്കുന്നവരായിട്ടുകൂടിയും, മറ്റു മുഹദ്ദിസീങ്ങൾക്ക് അനുവദിച്ചുകൊടുക്കുന്നത് പോലെയെങ്കിലും ചില രിവായത്തുകൾ ബലഹീനങ്ങളാണെന്നും ചിലത് ശക്തിയുള്ളതാണെന്നും വിധി കല്പിക്കാനുള്ള പദവി നിങ്ങൾ അദ്ദേഹത്തിന് നൽകുന്നില്ല! മുഹദ്ദിസീങ്ങളെ (ഹദീസിന്റെ ഇമാമുകളെ) സംബന്ധിച്ച്, അവർക്ക് അവരുടെ അറിവിനെ ആസ്പദമാക്കിക്കൊണ്ട് ചില രിവായത്തുകളെ ബലഹീനവും ശരിയല്ലാത്തതുമാക്കാനും ചിലതിനെ ബലമുള്ളതും ശരിയുമാക്കാനും അധികാരമുണ്ടെന്ന് നിങ്ങൾ സമ്മതിക്കുന്നു. നിങ്ങൾ ഇന്നുവരെ അവരുടെ ഈ വിധിയുടെ മുമ്പിൽ പ്രവൃത്തിയാൽ തല കുനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ അല്ലാഹുവിങ്കൽ നിന്ന് മഅ്മൂറായി വരേണ്ടതും ഹക്കമും അദ്‌ലുമായിരിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളതുമായ ആൾക്ക് ശരിയും തെറ്റുമായ രിവായത്തുകളെയും ബലവത്തും ബലഹീനവുമായ രിവായത്തുകളെയും സംബന്ധിച്ച് വിധിപറയാനുള്ള അവകാശം സമ്മതിക്കാനും അദ്ദേഹത്തിന്റെ ആ വിധിയെ സ്വീകരിക്കാനും നിങ്ങൾ ഒരുക്കമില്ല!

ആലോചനാശൂന്യതയാണിത്. മസീഹ് മൗഊദ് നിങ്ങളുടെ എല്ലാ രിവായത്തുകളുടെയും കൂമ്പാരം സ്വീകരിക്കുകയും കേവലം ഒരു ശിഷ്യനെപ്പോലെ മൗലവിമാരുടെ മുമ്പിൽ മുട്ടുകുത്തിനില്ക്കുകയും ഏതെങ്കിലും മൗലവിയുടെയോ മുഹദ്ദിസിന്റെയോ അഭിപ്രായത്തിന്നും ഗവേഷണത്തിന്നുമെതിരായി ഒരക്ഷരവും ഉരിയാടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹം ഹക്കമും അദ്‌ലും ആകുന്നതെങ്ങനെ? അദ്ദേഹത്തിന്റെ ആഗമനം കൊണ്ടുള്ള പ്രയോജനമെന്ത്? മസീഹ് മൗഊദ് വരുന്നത് ചിലപ്പോൾ ഒരു മൗലവിയുടെ പാദങ്ങളിൽ കുമ്പിടാനും ചിലപ്പോൾ മറ്റൊരാളുടെ മുമ്പിൽ മുട്ടുകുത്തുവാനും ചിലപ്പോൾ മൂന്നാമതൊരാളുടെ മുമ്പാകെ കൈകെട്ടി നിൽക്കാനുമാണെന്നും ആ മൗലവി ശ്രേഷ്ഠന്മാരുടെ അഭിപ്രായത്തിന്നെതിരായി ഒരക്ഷരം പോലുമുരിയാടാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കയില്ലെന്നും ആണോ നിങ്ങൾ വിശ്വസിക്കുന്നത്? അഹോ, കഷ്ടം! നിങ്ങളുടെ ഹൃദയങ്ങൾ മരവിച്ചുപോയിരിക്കുന്നു! നിങ്ങളുടെ കണ്ണുകൾക്ക് കാഴ്ചയില്ലാതെയായിരിക്കുന്നു!!

---

*(32 -ാം പേജിൽ നിന്ന് തുടർച്ച)*

വേണ്ടി തന്റെ ഊർജ്ജം മുഴുവൻ ചെലവഴിക്കുകയും പരാജയത്തിന്റെ കയ്പുനീർ മാത്രം കുടിക്കേണ്ടി വരികയും ചെയ്ത കൊടിത്തൂർക്കാരനായ ഒരു പ്രഗൽഭ മുജാഹിദു പണ്ഡിതൻ "അൽ ജമാഅത്ത്" അഹ്മദിയ്യാ ജമാഅത്താണെന്നു ഏറ്റുപറഞ്ഞിട്ടുണ്ട്.) ഈ "അൽ ജമാഅത്ത്" തങ്ങളാണെന്ന് അഹ്മദികൾക്കല്ലാതെ മറ്റാർക്കും അവകാശപ്പെടാൻ പോലും കഴിയില്ല. ഇങ്ങിനെ റസൂൽ(സ)യുടെ എല്ലാ ഗുഡ് സർട്ടിഫിക്കറ്റും അഹ്മദിയ്യത്തിന്റെ മേൽ ലഭിക്കുന്നതുകൊണ്ട് മേൽപറഞ്ഞ ഹദീസ് ദുർബ്ബലമെന്നു വരുത്താൻ ശ്രമിക്കുന്നവർക്കുള്ള ഉഗ്രൻ മറുപടിയാണ് "വിചിന്തനം" നൽകിയിട്ടുള്ളത്. അഥവാ "ആരെത്ര പരിശ്രമിച്ചാലും ഈ പ്രവചനത്തിന്റെ പുലർച്ചക്കൊരറുതി അസാധ്യമാണ്" ആ പ്രവചനം പുലർന്നു കാണുന്ന 'അൽജമാഅത്തി'ലേക്ക് 'വിചിന്തന'ക്കാരെയും സ്വാഗതം ചെയ്യുന്നു.

## കുറിപ്പുകൾ

മുസാഫിർ

# കൊറിയാ പ്രതിസന്ധി

2006 ഒക്ടോബർ 9-ാം തിയ്യതി ഉത്തരകൊറിയ നടത്തിയ അണുവിസ്ഫോടനം ലോകത്തെയാകമാനം സംഭീതമാക്കുകയും ആഗോള ന്യൂക്ലിയർ ശക്തി സന്തുലനത്വത്തെ തകിടം മറിക്കുകയും ചെയ്തിരിക്കുന്നു. അണ്വായുധ നിർവ്യാപനക്കരാർ കാറ്റിൽ പരത്തിക്കൊണ്ട് ഉത്തരകൊറിയ കാണിച്ച ഈ അതിസാഹസികത പ്രക്ഷുബ്ധവും വിനാശകരവുമായ അണ്വായുധ മത്സരത്തിലേക്ക് ലോകത്തെ വീണ്ടും തള്ളി വിടുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. വടക്കൻ കൊറിയ ന്യൂക്ലിയർ ബോംബ് സ്വന്തമാക്കുന്നതോടെ അവരുടെ ശത്രുരാജ്യമെന്ന് കരുതിവരുന്ന അയൽ രാജ്യങ്ങളായ ജപ്പാന്റെയും ദക്ഷിണകൊറിയയുടെയും മറ്റു രാജ്യങ്ങളുടേയും സമീപനമെന്തായിരിക്കും? ന്യൂക്ലിയർ ബോംബ് കൈവശമില്ലാത്തവരാണ് ഈ രാജ്യങ്ങൾ. കൊറിയയെ തിന്മയുടെ അച്ചുതണ്ടി ൽ (Evil Axis - മറ്റു രാജ്യങ്ങൾ ഇറാഖ്, ഇറാൻ) പെട്ട ഒരു രാജ്യമായി പ്രഖ്യാപിച്ച അമേരിക്കയുടെ ഭാവിപരിപാടിയെന്തായിരിക്കും? കൊറിയ ലോകത്ത് സൃഷ്ടിച്ച പ്രതിസന്ധി ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതാണ്.

ഈ അവസരത്തിൽ വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ് നൂറുവർഷം മുമ്പ് (1904) കൊറിയയെപ്പറ്റി യുണ്ടായ ഒരു ദൈവിക വെളിപാട് അനുസ്മരിക്കുന്നത് അവസരോചിതമായിരിക്കുമെന്ന് കരുതുന്നു.

**'ഏക് മശ്രിഖി ത്വാഖത്ത് കൊറിയാ കാ നാസൂക് ഹാലത്ത്'**

***'ഒരു പൗരസ്ത്യശക്തിയും കൊറിയയുടെ ദുർഘടസ്ഥിതിയും'***

എന്നതായിരുന്നു ആ വെളിപാട്.

ലോകഭൂപടത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ചൈനയുടെ ശരീരത്തിൽ നിന്നും ജപ്പാന് അഭിമുഖമായി തള്ളിനില്ക്കുന്ന ഒരു കൊച്ചുദശപോലെ ശാന്തസമുദ്രത്തിൽ നിലകൊണ്ടിരുന്ന കൊറിയ കഴിഞ്ഞ ഒരു നൂറ്റാണ്ടിന്നുള്ളിൽ പൗരസ്ത്യശക്തിയായ ചൈനയുടെ സാന്നിദ്ധ്യത്തിൽ ലോക ചരിത്രത്തിൽ പ്രക്ഷുബ്ധമായ പല രാഷ്ട്രീയ പ്രതിസന്ധികളുടേയും എപ്പിക് സെന്ററായി തീർന്നത് ഈ വെളിപാടിന്റെ വെളിച്ചത്തിൽ ഒരു വിസ്മയമായി അവശേഷിക്കുന്നു.

പൗരാണികമായി ചൈനയുടെ ഒരു സാമന്തരാജ്യമായിരുന്ന കൊറിയ റഷ്യയുമായി 18 കി. മീറ്റർ മാത്രം അതിർത്തി പങ്കിടുന്ന ഒരു രാജ്യം കൂടിയാണ്. റഷ്യയും, ശാന്തസമുദ്രത്തിൽ അടുത്ത് തന്നെ കിടക്കുന്ന ദ്വീപായ ജപ്പാനും കൊറിയയെ അധീനപ്പെടുത്താൻ ചരിത്രത്തിലുടനീളം ശ്രമിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ ദേശീയത ഉയർന്നു വന്ന കാലത്ത് ഏഷ്യയിലെ ഏറ്റവും വലിയ സാമ്രാജ്യത്വശക്തി ജപ്പാനായിരുന്നു. 1876-ൽ കൊറിയയുടെ തുറമുഖങ്ങൾ മേധാവിത്വത്തോടെ ഉപയോഗിച്ചിരുന്ന ജപ്പാനോട് മത്സരിച്ച് റഷ്യയും അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളും കൊറിയയുമായി വ്യാപാരക്കരാറുണ്ടാക്കാൻ ശ്രമിച്ചത് ജപ്പാന് ഒട്ടും രസിച്ചിരുന്നില്ല. 1894, 1895 വർഷങ്ങളിൽ കൊറിയയെച്ചൊല്ലി ചൈനയോടും റഷ്യയോടും ജപ്പാൻ യുദ്ധം ചെയ്യുകയും വിജയിക്കുകയും ചെയ്തു. അതോടെ ജപ്പാൻ ഏഷ്യയിലെ ചോദ്യം ചെയ്യാനാകാത്ത സാ മ്രാജ്യത്വശക്തിയായി അംഗീകരിക്കപ്പെട്ടു. ചൈനയുടെ അഖണ്ഡഭൂവിഭാഗമായ കൊറിയയെ ജപ്പാൻ പി ന്നീട് എല്ലാ അർത്ഥത്തിലും ഒരു കോ ളനിയാക്കി മാറ്റി. ജപ്പാന്റെ കീഴിൽ കൊറിയ ഭൗതികമായി പുരോഗമിച്ചുവെങ്കിലും ക്രൂരമായ ജപ്പാൻ സാമ്രാജ്യത്വത്തിനു കീഴിൽ അവർ വീർപ്പുമുട്ടുകയായിരുന്നു. ഇന്ത്യയെപ്പോലെ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒന്നാം ലോക മഹായുദ്ധകാലത്ത് കൊറിയയിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾ ആരംഭിച്ചിരുന്നു. ശക്തരായ ജപ്പാൻ ക്രൂരമായി അത് അടിച്ചമർത്തി. പിന്നീട് 1945നു രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതോടെ വടക്ക് റഷ്യയും തെക്ക് അമേരിക്കയും കൊറിയയെ പങ്കിട്ടെടുത്തു. അവസാനം 38-ാം അക്ഷാംശരേഖയെ ആധാരമാക്കി കൊറിയയെ തെക്കും വടക്കുമായി വിഭജിച്ചു. റഷ്യയുടെ പിന്തുണയോടെ കിം ഇൽ സുങ്ങ് (Kim Ill Sung)ന്റെ കമ്യൂണിസ്റ്റ് ഭരണവും അമേരിക്കയുടെ പിന്തുണയോടെ സിങ്ങ്മാൻ റീ (Syngman Rhee) യുടെ നേതൃത്വത്തിൽ ദക്ഷിണ കൊറിയയും നിലവിൽ വന്നു. പിന്നീട് ശീതയുദ്ധകാലത്ത് യുദ്ധോത്സുകമായ അതിർ ത്തികളുള്ള രണ്ട് അപകടകാരികളായ രാജ്യങ്ങളായി ഇരു കൊറിയയും മാറി.

ശീതയുദ്ധകാലത്തെ ശാക്തിക കിടമത്സരത്തിൽ ഏറ്റവും ഭീതിജനകമായ ഒരു സംഭവമായിരുന്നു. 1950-53 കളിലെ ഉത്തര ദക്ഷിണ കൊറിയകൾ തമ്മിലുള്ള യുദ്ധം. കൊറിയൻ യുദ്ധം ഒരു ആഗോള പ്രതിസന്ധിയായി വള

രുകയായിരുന്നു. ഒരു ആഗോള യുദ്ധത്തിന്റെ പരിവേഷത്തോടെ അരങ്ങേറിയ കൊറിയൻ യുദ്ധം പത്തൊമ്പത് രാജ്യങ്ങൾ പങ്കെടുത്ത ഒരു ചെറിയ ലോക മഹായുദ്ധം തന്നെയായിരുന്നു. 1950 ജൂൺ 25ന് റഷ്യയുടേയും ചൈനയുടേയും രഹസ്യപിന്തുണയോടെ, കൊറിയൻ അതിർത്തിയായ 38-ാം അക്ഷാംശ രേഖ ഉത്തരകൊറിയ കടന്നാക്രമിക്കുകയും ഞൊടിയിടക്കുള്ളിൽ ദക്ഷിണകൊറിയയെ കീഴടക്കുകയും ചെയ്തു. ഉടൻ തന്നെ അമേരിക്കയുടെ നേതൃത്വത്തിൽ ഐക്യരാഷ്ട്രസഭാരക്ഷാസമിതിയിൽ കൊറിയക്കെതിരെ പ്രമേയം കൊണ്ടുവന്നു. പ്രമേയം റഷ്യയുടെ അഭാവത്തിൽ എതിർപ്പില്ലാതെ പാസ്സായി.

പ്രമേയം പാസാവാൻ അതായത് യു. എൻ രക്ഷാസമിതിയിൽ റഷ്യയുടെ സാന്നിധ്യം ഇല്ലാതാവാൻ അസാധാരണമായ ഒരു സാഹചര്യം ഉണ്ടായിരുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജിയാങ്ങ് കീഷെയ്ക്കിന്റെ കുമിന്താങ്ങ് കക്ഷിയായിരുന്നു ചൈനയിൽ അധികാരത്തിലുണ്ടായിരുന്നത്. 1949ൽ 'ചൈനയിൽ റഷ്യയുടെ പിന്തുണയോടെ കൂമിന്താങ്ങിനെ അട്ടിമറിച്ച് മാവോ സെ തുങ്ങിന്റെ നേതൃത്വത്തിൽ വിപ്ലവം അരങ്ങേറുകയും കമ്യൂണിസ്റ്റ് ഭരണകൂടം അധികാരത്തിൽ വരികയും ചെയ്തു. ഗത്യന്തരമില്ലാതെ ജിയാങ്ങ് കീഷെയ്ക് ചൈനാ മഹാരാജ്യത്തിനു തൊട്ടുകിടക്കുന്ന തായ് വാനിൽ (ഫോർമോസ ദ്വീപ്) അഭയം തേടുകയും അവിടെ ഒരു സമാന്തര സർക്കാർ രൂപീകരിക്കുകയും അതിന് 'റിപ്പബ്ലിക്ക് ഓഫ് ചൈന' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ചൈനയെ പ്രതിനിധീകരിച്ചത് ഈ കൊച്ചു ദ്വീപായിരുന്നു. ഇതിൽ പ്രതിഷേധിച്ചു റഷ്യ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാസമിതി ബഹിഷ്ക്കരിച്ചു. ഈ കാലഘട്ടത്തിലായിരുന്ന അമേരിക്കയുടെ നേതൃത്വത്തിൽ കൊറിയക്കെതിരെ പ്രമേയം പാസായത്. പ്രമേയം 38-ാം അക്ഷാംശരേഖയിലേക്ക് മടങ്ങുവാൻ ഉത്തര കൊറിയയോട് ആജ്ഞാപിച്ചു. പ്രമേയത്തിൽ ഉത്തരകൊറിയക്കെതിരെ യുദ്ധം ചെയ്യാനുള്ള ആഹ്വാനമുണ്ടായിരുന്നില്ല. പക്ഷേ, അമേരിക്ക അവസരം മുതലെടുത്ത് 18 രാജ്യങ്ങളെ ചേർത്ത് ഉത്തരകൊറിയക്കെതിരെ ജപ്പാനിൽ നിന്നും അക്രമമാരംഭിച്ചു. തെക്കൻ കൊറിയ തിരിച്ചു പിടിച്ച യു. എൻ. സേന ഉത്തരകൊറിയയെ പിന്നോട്ടടിപ്പിച്ചു. അമേരിക്കൻ പ്രസിഡണ്ട് ട്രൂമാൻ ചൈനയുടെ അതിർത്തിലേക്ക് ഉത്തരകൊറിയൻ സൈന്യത്തെ ആട്ടിപ്പായിക്കാൻ ഉത്തരവിടുകയും ചെയ്തു. ഈ സന്ദർഭത്തിൽ ചൈന യുദ്ധത്തിൽ നേരിട്ടിടപ്പെടുമെന്നു ഭീഷണിമുഴക്കുകയും ചൈനയുടെ പൂർണ്ണ സഹകരണത്തോടെ ഉത്തരകൊറിയൻ പട്ടാളം യു.എൻ. സേന നിലയുറപ്പിച്ച പ്രദേശം തിരിച്ചുപിടിക്കുകയും ചെയ്തു. അവസാനം മൂന്ന് വർഷത്തെ പരസ്പരം യുദ്ധത്തിന്നുശേഷം റഷ്യ ഐക്യരാഷ്ട്ര സഭയിൽ ഇടപെട്ട് 1953 ജൂലൈ 23ന് സമാധാന സന്ധിയുണ്ടാക്കുകയായിരുന്നു. ഐക്യരാഷ്ട്രസഭയുടെ അരലക്ഷം ഭടന്മാർ കൊല്ലപ്പെട്ട ഈ യുദ്ധത്തിൽ കൊറിയക്ക് രണ്ടരലക്ഷം പേരെയാണ് നഷ്ടപ്പെട്ടത്. അതിനുപുറമേ അളവറ്റ ധനനഷ്ടവും. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, ലോകം അഭിമുഖീകരിച്ച ഒരു ആഗോളയുദ്ധ പ്രതിസന്ധിയായിരുന്നു ഇത്. മാത്രമല്ല, പഴയ ലീഗ് ഓഫ് നേഷനോ, ഐക്യരാഷ്ട്രസഭക്കോ അതുവരെ ഒരു യുദ്ധം ചെയ്ത അനുഭവവുമില്ലായിരുന്നു. ശീതയുദ്ധകാലത്തെ മൂർദ്ധന്യദശയെ കുറിക്കുന്ന രണ്ട് പൗരസ്ത്യ (ചൈനയും ഭാഗികമായി റഷ്യയും) ശക്തികളുടെ ഗണ്യമായ പങ്കാളിത്വമുണ്ടായ ഈ ലോകസംഭവം അഞ്ചു ദശാബ്ദങ്ങൾക്കു മുമ്പ് വാഗ് ദത്ത മസീഹിന്റെ ജ്ഞാന ദൃഷ്ടിയിൽ മിന്നിമറിഞ്ഞതും പ്രവചനഭാഷയിൽ അത് രേഖപ്പെടുത്തപ്പെട്ടതും അത്ഭുതകരമാണ്.

ഇപ്പോഴിതാ വീണ്ടും ഒരു കൊറിയാ പ്രതിസന്ധിയിലൂടെ ലോകം നടുങ്ങുകയാണ്. 2006 ഒക്ടോബർ 9-ാം തിയ്യതി ഉത്തരകൊറിയ നടത്തിയ ആണവസ്ഫോടനത്തിനുശേഷം ലോകത്തിന്റെ ആണവ രംഗം പ്രക്ഷുബ്ധമാവുകയാണ്. 1968ലെ അണ്വായുധ നിർവ്യാപനക്കരാർ പ്രകാരം അമേരിക്ക, റഷ്യ, ചൈന, ഫ്രാൻസ്, ബ്രിട്ടൺ എന്നീ അഞ്ചു രാജ്യങ്ങളായിരുന്നു ആണവശക്തികളായി അംഗീകരിക്കപ്പെട്ടത്. അവർ മറ്റു രാജ്യങ്ങളിലേക്ക് ആണവസാങ്കേതികവിദ്യ പകരുകയോ മറ്റു രാജ്യങ്ങൾ അത് സ്വീകരിക്കുകയോ ചെയ്യരുത് എന്നായിരുന്നു കരാർ. പിന്നീട് ഇസ്രായേലും ഇന്ത്യയും പാക്കിസ്ഥാനും ഈ കരാർ ലംഘിച്ചുകൊണ്ട് ആണവ വിസ്ഫോടനം നടത്തുകയും ന്യൂക്ലിയർ ആയുധങ്ങൾ നിർമ്മിക്കുകയും ചെയ്തു. അതിനുശേഷം വളരെയേറെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതാണ് ഉത്തരകൊറിയയുടെ ഇപ്പോഴത്തെ ആണവ സ്ഫോടനം.

കൊറിയൻ സ്ഫോടനത്തോടെ ആണവസന്തുലനം നഷ്ടപ്പെട്ട ലോകത്ത്, രാജ്യങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി ആണവായുധങ്ങൾ നിർമ്മിക്കാൻ തുടങ്ങുമോ എന്ന ഭീതി സാർവ്വത്രികമായിരിക്കയാണ്. പ്രസിഡണ്ട് ബുഷ്, ഇറാഖ് ഇറാൻ അടക്കം ഉത്തരകൊറിയയെ തിന്മയുടെ അച്ചുതണ്ട് എന്ന് മാത്രമല്ല വിശേഷിപ്പിച്ചത്. അവരുടെ പ്രസിഡണ്ട് കിം ജോംങ്ങ് ഇല്ലിനെ പിഗ്മി, നീചൻ എന്നെല്ലാമുള്ള പദങ്ങളുപയോഗിച്ച് ലോകവ്യാകമായി ഉത്തരകൊറിയക്കെതിരെ പ്രചാരണം നടത്തിവരികയുമായിരുന്നു. സ്ഫോടനത്തിനു ശേഷം കൊറിയൻ ഉദ്യോഗസ്ഥൻമാർ ശാന്തസമുദ്രത്തിലെ അയൽരാജ്യങ്ങളായ ദക്ഷിണകൊറിയ, ജപ്പാൻ, ആസ്ത്രേലിയ എന്നീ രാജ്യങ്ങളോട് ആണവ വിസ്ഫോടനം നടത്തി അമേരിക്കയുടെ ആണവസുരക്ഷാവലയത്തിൽ നിന്നും ആശ്രിതത്വത്തിൽ നിന്നും പുറത്ത് വരാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഇറാഖിൽ ആണ

വായുധ സാമഗ്രികളും, കൂട്ട നശീകരണായുധങ്ങളുമുണ്ടെന്ന് കള്ളപ്രചാരണം നടത്തിയായിരുന്നുവല്ലോ അമേരിക്ക ആ രാജ്യത്തെ ആക്രമിച്ചത്. വാസ്തവത്തിൽ ഇറാഖിന്റെ കൈവശം ആണവായുധങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഒരിക്കലും അമേരിക്ക ഇറാഖിനെ ആക്രമിക്കില്ലായിരുന്നു എന്നാണ് ഉത്തരകൊറിയയുടെ ന്യായം. അമേരിക്കയുടെ ആസന്നമായ ആക്രമണത്തിൽ നിന്നുള്ള സുരക്ഷക്ക് വേണ്ടിയാണ് തങ്ങൾ ആണവായുധങ്ങൾ നിർമ്മിച്ചിരിക്കുന്നത് എന്നാണ് കൊറിയയുടെ അവകാശവാദം.

ഭീതിജനകമായ ഇപ്പോഴത്തെ ലോകരംഗത്തെ അവലോകനം ചെയ്തുകൊണ്ട് അന്താരാഷ്ട്ര അറ്റോമിക് എനർജി ഏജൻസി (IAEA)യുടെ മേധാവി മുഹമ്മദ് അൽ ബറാദി പറഞ്ഞ കാര്യം വളരെയേറെ ശ്രദ്ധേയമാണ്. ലോകത്ത് ഇന്ന് 30 രാജ്യങ്ങൾക്ക് അണ്വായുധ നിർമ്മാണ ശേഷിയുണ്ട്. കുറഞ്ഞസമയത്തിനുള്ളിൽ അവർ ക്കത് നിർമ്മിക്കാനാവും. വികസിത രാജ്യങ്ങൾ തങ്ങളുടെ സമാധാനാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ആണവ സാങ്കേതികവിദ്യ ഉപയോഗിച്ച് എളുപ്പത്തിൽ ആയുധങ്ങളുണ്ടാക്കാനാവുമെന്ന് അദ്ദേഹം ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി.

വാസ്തവത്തിൽ ആറ്റംബോംബ് നിർമ്മാണ സാങ്കേതികവിദ്യ 60 വർഷം പഴക്കമുള്ള ഒന്നാണ്. 1945ൽ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക വർഷിച്ച ബോംബ് ന്യൂക്ലിയർ ഫിഷൻ (Nuclear Fission - അണുവിഘണ്ഡനം) സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ളതാണ്. അതിനുശേഷം അതിനേക്കാൾ എത്രയോ ഇരട്ടി മാരകശേഷിയുള്ള ന്യൂക്ലിയർ ഫ്യൂഷൻ (Nuclear fussion - അണുഭാരം കുറഞ്ഞ ഹൈഡ്രജൻ അണുകേന്ദ്രങ്ങൾ സംയോജിച്ച് ഹീലിയം പോലെയുള്ള അണുകേന്ദ്രം ഉണ്ടാകുന്ന വിദ്യയെ അടിസ്ഥാനമാക്കിയുള്ളത്) ബോംബുകളാണ് അണ്വായുധ ശക്തികളുടെ കൈയ്യിൽ ഇപ്പോൾ ഉള്ളത്. വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്ന ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകളിൽ നിന്നും ലഭിക്കുന്ന സമ്പുഷ്ട യുറേനിയം എത്രയോ വികസിത രാജ്യങ്ങളുടെ കൈയ്യിലുണ്ട്. ഒരു റിപ്പോർട്ട് പ്രകാരം ജപ്പാന്റെ കൈയ്യിൽ അവരുടെ ആണവ റിയാക്ടറുകളിൽ നിന്നും ലഭിച്ച 40 ടൺ പ്ളൂട്ടോണിയം ഇപ്പോൾ തന്നെയുണ്ട്. ഇത് കൊണ്ട് 5000 ന്യൂക്ലിയർ ബോംബ് നിർമ്മിക്കാമത്രെ. വർഷം തോറും 8 ടൺ പ്ളൂറ്റോണിയം ജപ്പാനും ന്യൂക്ലിയർ സ്റ്റോക്കിൽ കുന്നുകൂടുന്നുമുണ്ട്. (Frontline - Nov. 2006) താരതമ്യേന അവികസിതരാജ്യമായ ഉത്തരകൊറിയയെ അപേക്ഷിച്ച് വികസിത രാജ്യമായ ജപ്പാനും അതുപോലെയുള്ള മറ്റ് രാജ്യങ്ങൾക്കും ബോംബ് നിർമ്മാണം നിഷ്പ്രയാസമായ കാര്യമാണെന്ന് ചുരുക്കം.

ഉത്തരകൊറിയ ന്യൂക്ലിയർ ബോംബ് നിർമ്മാണത്തോടൊപ്പം റഷ്യയുടേയും ചൈനയുടേയും സഹായത്തോടെ വികസിപ്പിച്ചെടുത്ത മിസൈൽ ടെക്നോളജിയിലും ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. അവരുടെ കൈവശമുണ്ട് എന്ന് ആശങ്കപ്പെടുന്ന 5000 – മുതൽ 6000 കി. മീ. വരെ ദൂരപരിധിയുള്ള തായ് പോടോങ്ങ് ബാലിസ്റ്റിക്ക് മിസൈലിന്റെ അക്രമണപരിധിയിൽ വെറും 5000 കി. മീ. മാത്രം ദൂരമുള്ള അമേരിക്ക ഉൾപ്പെടുന്നുണ്ട്. 1998ലെ റംസ് ഫീൽഡ് കമ്മീഷൻ റിപ്പോർട്ടിൽ അമേരിക്കക്ക് നേരെ ഭൂഖണ്ഡാന്തര ബാലിസ്റ്റിക്ക് മിസൈൽ പ്രയോഗിക്കാൻ സാധ്യതയുള്ള രാജ്യങ്ങളിലൊന്ന് ഉത്തരകൊറിയയാണെന്ന മുന്നറിയിപ്പുമുണ്ടായിരുന്നു. ഉത്തരകൊറിയയുടെ കൈയ്യിൽ ന്യൂക്ലിയർ ബോംബും അത് വിക്ഷേപിക്കാനുള്ള മിസൈലും ഉണ്ടെന്ന് വരുമ്പോൾ അമേരിക്കയുടെ ഉറക്കം കെടുത്താൻ മറ്റെന്തുവേണം?

ഉത്തരകൊറിയയുടെ ആണവ വിസ്ഫോടനത്തിൽ അവരുടെ ചിരകാല സുഹൃത്തും പൗരസ്ത്യശക്തിയുമായ ചൈനയുടെ നിലപാടെന്താണെന്ന് ലോകം ഉറ്റുനോക്കുകയാണ്. സ്ഫോടനത്തിന് ശേഷം യു.എൻ. സെക്യൂരിറ്റി കൗൺസിൽ ഏർപ്പെടുത്തിയ ഉപരോധത്തെ ആദ്യം ചൈനയും പിൻതാങ്ങിയിരുന്നു. പക്ഷേ, പിന്നീട് ചൈനയും റഷ്യയും അതിലെ ചില വ്യവസ്ഥകളോട് വിയോജിപ്പ് പ്രകടിപ്പിക്കുകയുണ്ടായി. ഉത്തരകൊറിയയിലേക്കുള്ള ചരക്ക് വരവ് പോക്ക് പരിശോധിക്കണമെന്ന വ്യവസ്ഥയോട് അവർ വിയോജിച്ചിരിക്കുകയാണ്. ഉപരോധം നിലനിൽക്കെ കൊറിയ ഇനിയും ആണവപരിപാടികളുമായി മുന്നോട്ടു പോ യാൽ അമേരിക്കയുടെ ആഭിമുഖ്യത്തിൽ ഉണ്ടായേക്കാവുന്ന സൈനിക നടപടിയോട് ചൈനയുടേയും റഷ്യയുടേയും പ്രതികരണമെന്തായിരിക്കും? ഉത്തരകൊറിയ സൃഷ്ടിച്ച ഈ ദുർഘടസന്ധിയിൽ പൗരസ്ത്യശക്തിയായി വളരുന്ന ചൈനയുടെ വല്ല രഹസ്യപങ്കുമുണ്ടോ? അഗാധമായ അടിയൊഴുക്കുകളും അണിയറനാടകങ്ങളുമുള്ള ആഗോള രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ പ്രവചിക്കുക അസാധ്യം. വാഗ്ദത്ത് മസീഹിന്റെ വെളിപാടുകൾ ഒരിക്കൽ കൂടി നമുക്ക് സ്മരിക്കാം ***'ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദുർഘടസ്ഥിതിയും!'***

## ദുആയുടെ പ്രതികരണം

ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ ശ്രദ്ധ തിളച്ചുപൊങ്ങിവരികയും ദുആ ചെയ്യുന്ന ആളിൽ ശാന്തിയും സമാധാനവും യഥാർത്ഥമായ ആനന്ദവും കരഗതമാകുകയും ചെയ്യുന്നുവെന്നത് അല്ലാഹുവിന്റെ പണ്ട് മുതലേയുള്ള ആത്മീയമായ ഒരു സ്വാഭാവിക നിയമമാണ്.

***ഹദ്റത്ത് അഹ്മദ് (അ), അയ്യാമുസ്സുൽഹ്***

## ഗൾഫ് ന്യൂസ്, ഒക്ടോബർ 4, 2006 (ബുധൻ)

# 'റമദാൻ' ദിനം തെറ്റായി പ്രഖ്യാപിക്കപ്പെട്ടു

### 2006 സപ്തംബർ 22-ാം നു വെള്ളിയാഴ്ച റംസാൻ മാസത്തിന്റെ ചന്ദ്രക്കല ദൃശ്യമായിരുന്നില്ലെന്ന് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ

**റാനിയ ഹബീബ്**

അബൂദാബി : സപ്തംബർ 22-ാം നു വെള്ളിയാഴ്ച 'റമദാൻ' ആരംഭം പ്രഖ്യാപിച്ചത് തെറ്റായിരുന്നുവെന്നും യഥാർത്ഥത്തിൽ രണ്ടുദിവസം കഴിഞ്ഞാണ് പ്രഖ്യാപിക്കേണ്ടിയിരുന്നതെന്നും യു. എ. ഇ. യിലെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. 22ാംനു വെള്ളിയാഴ്ച ചന്ദ്രക്കല ദൃശ്യത അസംഭവ്യമായിരുന്നുവെന്ന് യു.എ.ഇ. അസ്ട്രോണമി സൊസൈറ്റി എഞ്ചിനീയറായ മുഹമ്മദ് ശൗക്കത്ത് ഓദെയും, ഷാർജയിലെ അമേരിക്കൻ യൂനിവേഴ്സിറ്റിയിൽ ഫിസിക്സ്, അസ്ട്രോണമി അസോഷ്യേറ്റ് പ്രൊഫസറായ ഡോക്ടർ നിധാൽഗ്യൂസൂമും വിശദീകരിക്കുന്നു.

''അന്ന് (22.9.06ന്) സൂര്യാസ്തമനത്തിനു മുമ്പുതന്നെ ചന്ദ്രൻ അസ്തമിച്ചിരുന്നു. സൂര്യാസ്തമനത്തിനു ശേഷം കാണാൻ ചന്ദ്രൻ ആകാശത്തുണ്ടായിരുന്നില്ല.'' ഓദെ പറയുന്നു.

''മൂന്നു വിധത്തിലുള്ള ചന്ദ്രക്കല ദൃശ്യതയാണ് നമുക്കുള്ളത്. സൂര്യാസ്തമനത്തിനുമുമ്പുതന്നെ ചന്ദ്രൻ അസ്തമിക്കുന്ന അവസ്ഥയാണ് ആദ്യത്തേത്. അപ്പോൾ ദൃശ്യത അസംഭവ്യമാണ്. കാരണം വസ്തു (ചന്ദ്രൻ) ആകാശത്തില്ല. സൂര്യാസ്തമനത്തിനുശേഷം ചന്ദ്രൻ അസ്തമിക്കുന്നുവെങ്കിലും കാണൽ തീരെ അസാദ്ധ്യമാണ്. അതാണ് രണ്ടാമത്തെ അവസ്ഥ. മൂന്നാമത്തേത് കാണാൻ സാധ്യതയുള്ള അവസ്ഥയാണ്. സപ്തംബർ 22ാംനു വെള്ളിയാഴ്ച ഇസ്ലാമിക രാജ്യങ്ങളിലൊന്നിലും ചന്ദ്രക്കല ദൃശ്യത സംഭവ്യമായിരുന്നില്ല. മനുഷ്യസഹജമായ തെറ്റു മൂലമാണ് ഈ അബദ്ധം പിണഞ്ഞതെന്നാണ് മനസ്സിലാക്കപ്പെടുന്നത്. പരിചയക്കുറവുള്ള നിരീക്ഷകർ തങ്ങൾ ചന്ദ്രക്കല ദർശിച്ചതായി വിശ്വസിക്കുന്നു. സൗദി അറേബ്യയിൽ ചന്ദ്രക്കല ദൃശ്യമായതായി അവകാശപ്പെടുന്നു. ഇത്തരം സാഹചര്യങ്ങളിൽ വളരെ എളുപ്പത്തിൽ തെറ്റു പറ്റാവുന്നതാണ്. മറ്റെന്തോ ഒന്നിനെ നേരിയ, മങ്ങിയ, തെന്നിമാറുന്ന ചന്ദ്രക്കലയായി തെറ്റിദ്ധരിച്ചിരിക്കുന്നു.'' ഡോക്ടർ ഗ്യൂസും പറയുന്നു.

''സപ്തംബർ 22ാംനു വെള്ളിയാഴ്ച മെർക്കുറി (ബുധൻ) ചക്രവാളത്തിൽ വളരെ സമീപസ്ഥമായിരുന്നു. അത് ചന്ദ്രക്കലയായി തെറ്റിദ്ധരിച്ചിരിക്കാം.'' ഓദെ വിശദീകരിക്കുന്നു. ''മെർക്കുറി ഒരിക്കലും ചന്ദ്രനെപ്പോലെയല്ല.'' അദ്ദേഹം പറയുന്നു. ''ചന്ദ്രക്കലയെപ്പോലെ മറ്റൊന്നും ഇല്ല. എന്നാൽ നിരീക്ഷകൻ പരിചയക്കുറവുള്ള ആളാണെങ്കിൽ, ഒരു ജ്യോതിശാസ്ത്രജ്ഞനല്ലെങ്കിൽ എന്താണ് കാണുന്നതെന്ന് അയാളറിയുന്നില്ല. ചന്ദ്രക്കല അന്വേഷിച്ച് നിങ്ങൾ ദീർഘനേരം ആകാശത്ത് ദൃഷ്ടികേന്ദ്രീകരിച്ചാൽ, ഒന്നുമില്ലെങ്കിൽ ത്തന്നെ എന്തെങ്കിലും കാണും. ജ്യോതിശാസ്ത്രജ്ഞന്മാർക്കു പോലും ഇങ്ങനെ സംഭവിക്കാവുന്നതാണ്. ''സപ്തംബർ 22ാംനു വെള്ളിയാഴ്ച ഉണ്ടായിരുന്നെന്നു പറയുന്ന ചന്ദ്രക്കലദൃശ്യത തിരുത്തപ്പെടേണ്ട ഒരു അബദ്ധമായിരുന്നുവെന്ന് ഡോ. ഗ്യൂസും പറയുന്നു. സൗദി അറേബ്യയടക്കം ലോകം മുഴുവനുമുള്ള ജ്യോതിശാസ്ത്രജ്ഞന്മാർ അന്ന് ചന്ദ്രക്കല ദൃശ്യത അസംഭവ്യമാണെന്ന് പറഞ്ഞതിനാൽ അന്ന് ചന്ദ്രക്കല ദർശിച്ചുവെന്നു പറഞ്ഞതിനെ അംഗീകരിച്ച സൗദി അറേബ്യാ അധികൃതർ അത് വെറുമൊരു അബദ്ധമാണെന്ന് മനസ്സിലാക്കണമായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഒന്നോ അതിലധികമോ ആളുകളുടെ സാക്ഷ്യത്തിന് ഒരു വിലയുമില്ലെന്നും മറ്റു മാനദണ്ഡങ്ങൾ പരിഗണിക്കുകയാണ് വേണ്ടതെന്നും ഉലമാക്കൾ അഥവാ ഫുഖഹാക്കൾ (കർമ്മ ശാസ്ത്രപണ്ഡിതന്മാർ) മനസ്സിലാക്കണമെന്നതാണ് പ്രശ്നം.

ഓദെയുടെ അഭിപ്രായത്തിൽ സൗദിഅറേബ്യയിലെ മതാധികാരികൾ ജ്യോതിശ്ശാസ്ത്രവും ജ്യോതിഷവും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയാണ് ചെയ്തത്. ജ്യോതിഷം ഇസ്ലാമിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ഞങ്ങൾ ജ്യോതിഷക്കാരല്ല. ഞങ്ങളും അവരും തമ്മിൽ (ജ്യോതിശാസ്ത്രജ്ഞന്മാരും ജ്യോതിഷക്കാരും തമ്മിൽ) വലിയ വ്യത്യാസമുണ്ട്. '' അദ്ദേഹം പറഞ്ഞു.

''ഈ വ്യത്യാസം സൗദിയിലെ മുസ്ലിം പണ്ഡിതന്മാർക്ക് വ്യക്തമായി അറിയില്ല. അവർ ജ്യോതിശാസ്ത്രജ്ഞന്മാരുമായി ചർച്ച ചെയ്യുന്നുമില്ല. ''

## വാർത്തകൾ

# നബികീർത്തന സമ്മേളനങ്ങൾ

കോഴിക്കോട് മേഖലാ മജ്‌ലിസ് അൻസാറുല്ലാഹിന്റെ ആഭിമുഖ്യത്തിൽ നവംബർ 10-11-2006 (വെള്ളി), 18-11-2006 (ശനി), 25-11-2006 (ശനി) എന്നീ തിയ്യതികളിൽ കോഴിക്കോട് ടൗൺഹാളിൽ വെച്ച് നബികീർത്തന യോഗങ്ങൾ നടത്താൻ തീരുമാനിച്ചതായി അൻസാറുല്ലാഹ് മേഖലാ നാസിം എസ്. മുഹമ്മദ് സലിം പ്രസ്താവിച്ചു. സംസ്ഥാന സയിം പി.പി. നാസറുദ്ദീൻ അദ്ധ്യക്ഷം വഹിക്കും. യോഗം കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്യും. യോഗങ്ങളിൽ മൗലാനാ മുഹമ്മദ് ഉമർ, ഡോ. എം. ജി.എസ്. നാരായണൻ, ഡോ. കെ. കെ.എൻ. കുറുപ്പ്, പ്രൊഫ. പ്രിയദർശൻ ലാൽ, ശ്രീ. ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ, എന്നിവർ പ്രസംഗിക്കും. കെ.പി.എ. റഹീം, പ്രൊഫ. മഹ്മൂദ് അഹ്മദ്, മൗലവി ഇസ്മായീൽ മൗലവി ഗുലാം ഇസ്മായിൽ, മാദാർ, അബ്ദുശ്ശക്കൂർ, ഡോ. സലാഹുദ്ദീൻ, നജീബ് എഞ്ചിനീയർ, എ. എം. മുഹമ്മദ് സലീം മുതലായവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പ്രഭാഷണങ്ങൾ നിർവ്വഹിക്കും. ●

---

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

പാപമോചനത്തിന്നായി തന്റെ പ്രിയപ്പെട്ട ഏകമകനെ കുരിശുമരണം കൊണ്ടു ബലിയർപ്പിച്ചിട്ടും ആ പാപവും അതിന്റെ ശിക്ഷയും ഇന്നും നിലനിന്നു വരികയാണല്ലോ.

എത്രമാത്രം കഠോരചിത്തനായ ഒരു ദൈവത്തെയാണ് ക്രിസ്തുമതം ലോകത്തിന്നുമുമ്പാകെ പ്രദർശിപ്പിക്കുന്നത്?

ചുരുക്കത്തിൽ, ക്രിസ്ത്യാനികളുടെ ഈ പാപപരിഹാരസിദ്ധാന്തം അർത്ഥശൂന്യവും ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തതുമാണെന്നതിൽ സംശയമില്ല. എന്നാൽ പാപവിമോചനത്തിന്നായി സത്യവിശ്വാസം, സൽക്കർമ്മങ്ങൾ, എല്ലാവിധ കുറ്റകൃത്യങ്ങളിൽ നിന്നും പാപകർമ്മങ്ങളിൽ നിന്നും വിട്ടുനിൽക്കുക. സർവ്വോപരി ദൈവാനുഗ്രഹം എന്നിവയാണ് അനിവാര്യമെന്നു വിശുദ്ധഖുർആനും ബൈബിളും പ്രതിപാദിക്കുന്നു. ബുദ്ധിക്കും യുക്തിക്കും സ്വീകാര്യമായ ഒരു സിദ്ധാന്തമാണിത്. അല്ലാതെ രാമന് തലവേദനയെങ്കിൽ കോമന്റെ തലതല്ലിപ്പൊളിക്കുന്ന സിദ്ധാന്തമല്ല. ●

---


## അഹങ്കാരം

അഹങ്കാരം പല രീതിയിലുണ്ട്. ചിലപ്പോൾ അത് കണ്ണിലൂടെ നിർഗ്ഗമിക്കുന്നു. ഒരാളെ തുറിച്ചു നോക്കുമ്പോൾ അതിനർത്ഥം അയാളെ നിസ്സാരനായും തന്നെ ഉന്നതനായും കരുതുന്നുവെന്നാണ്. ചിലപ്പോൾ ആ അഹങ്കാരം നാവിലൂടെ വെളിയിൽ വരുന്നു. ചിലപ്പോൾ അത് തലയിലൂടെ പ്രകടമാകുന്നു. ചിലപ്പോൾ കൈകാലുകളിലൂടെ അത് വെളിവാകുന്നു. ചുരുക്കത്തിൽ അഹങ്കാരത്തിന് അനവധി ഉറവകൾ ഉണ്ട്. സത്യവിശ്വാസി അവയിൽ നിന്നെല്ലാം അകന്നിരിക്കേണ്ടതാണ്. അഹങ്കാരത്തിന്റെ ദുർഗന്ധം വമിക്കുന്നതും ഗർവ്വ് പ്രകടമാകുന്നതുമായ ഒരു അവയവവും അവനിലുണ്ടാകരുത്.

***ഹദ്റത്ത് അഹ്മദ് (മൽഫൂസാത്ത് )***

---

## ഏ. കുഞ്ഞഹമദ് സാഹിബ്



മണ്ണാർക്കാട് ജമാഅത്തിന്റെ മുൻ പ്രസിഡണ്ടും സജീവാംഗവും കുമ്പള സ്വദേശിയുമായ ഏ. കുഞ്ഞഹമദ് സാഹിബ് നവംബർ 1-ാം തിയ്യതി രാത്രി 7.30ന് മണ്ണാർക്കാട് വെച്ച് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ............

ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ആവേശത്തോടുകൂടി എന്നും മുന്നണിയിലുണ്ടായിരുന്ന കുഞ്ഞാമു സാഹിബ് സത്യദൂതന്റെ അഭ്യുദയകാംക്ഷിയും നല്ലൊരു വായനക്കാരനുമായിരുന്നു. അഹ്മദിയ്യാ പ്രചാരണം ജീവിതവ്രതമായി സ്വീകരിച്ച അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പ്രവർത്തനം അഹ്മദികൾക്ക് മാതൃകയാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകിയനുഗ്രഹിക്കട്ടെ. (ആമീൻ).

മക്കൾ : സിദ്ദീഖ് ഹസൻ, നൂറുദ്ദീൻ, ഫസലുദ്ദീൻ, ഷംസുദ്ദീൻ, നാസിമുദ്ദീൻ, സാബിറ, ഹാജറ, ത്വാഹിറ, മലീഹ. മരുമക്കൾ : നസീർ (കരുളായി), അസീസ് (എറണാകുളം), ശരീഫ് (കോഴിക്കോട്), നസീം (പഴയങ്ങാടി), നുസ്രത്ത് (കരുളായി), ജലജ (പള്ളിപ്പുറം), ശാഹിന (കൂടാളി), ശാഹിന (കോഴിക്കോട്). സഹോദരങ്ങൾ: മൂസ മാസ്റ്റർ, മമ്മു മാസ്റ്റർ, ഹക്കീം ബത്തേരി (റിട്ട. ഡി.വൈ.എസ്.പി.), കാദർ, മുഹമ്മദ്. ജനാസ കേരളത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള ജമാഅത്തംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ മണ്ണാർക്കാട് ശ്മശാനത്തിൽ ഖബറടക്കി.

***എം.കെ. ഇബിച്ചികോയട്ടി,***
***മാനേജർ, സത്യദൂതൻ***
***കോഴിക്കോട്***